www.malankaralibrary.com

ORDER OF THE IMITATION OF CHRIST
THOU BE THE LIGHT OF THE WORLD

# ബഥനിശബ്ദം

മാർച്ച് 2020



www.malankaralibrary.com



ആദരാഞ്ജലികൾ....

*May Her Soul Rest in Peace...*

www.malankaralibrary.com

# BETHANY SABDAM

No. 119 2020 March

**Editor**

Fr. Varghese Vijayanand OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Varghese Thykkoottathil OIC

**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉള്ളടക്കത്താളുകളിൽ

**മുഖമൊഴി** 3

ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി 4

**ബ്രദർ ജിതിൻ – ദൈവത്തിന്റെ ആലയത്തിലെ നന്മയിൽ മുഴുകിയവൻ**

വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. 6

**മഹത്തായ ജീവിത മാതൃക...**

വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി 8

**നനവുണങ്ങാത്ത ഓർമ്മകളിൽ നിറയുന്ന ബഥനിയിലെ ജിതിൻ ബ്രദർ...**

വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി 10

**കൊഴിഞ്ഞുപോയ ഇതൾ...**

ജേക്കബ് വർഗീസ് & മേഴ്സി ജേക്കബ് 17

**ദീപ്തസ്മരണ...**

ഫാ. ജോൺസൺ പാറയ്ക്കൽ 19

**സന്യാസസമർപ്പണ തേരിലേറി നിത്യതയിലേക്ക്...**

ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി 20

**Bro. Jithin: Some Unfaded Memories...**

Fr. Mathew Praful OIC 24

**The Perfect Student! Brother Dr. Jithin Jacob OIC...**

Ms. Anjali Krishna 26

**Our Brother....**

Ms. Jyosna 28

**പകരം വയ്ക്കാനാവാത്ത ഒരു യുവസന്യാസി....**

ഫാ.ഫിലിപ്പ് നേരി ഒ.ഐ.സി. 30

**പ്രകൃതി – മനുഷ്യ സ്നേഹിയായ സന്യാസി...**

ഫാ. വർഗീസ് കൈപ്പനടുക്ക ഒ.ഐ.സി. 33

www.malankaralibrary.com

**മരിക്കില്ല ഒരിക്കലും മനസുകളിൽ...**
സി. ഡോ. സുദീപ എസ്.ഐ.സി. 37

**ഒരു യാത്രാമൊഴി...**
ഫാ. മനു വർഗീസ് പുത്തൻവീട്ടിൽ ഒ.ഐ.സി. 41

**ബ്രദർ ജിതിൻ ജേക്കബ് ഒ.ഐ.സി ബഥനിയിൽ വളർന്ന വിശുദ്ധിയുടെ ചെറുചെടി**
ഫാ. സാജൻ തോമസ് ഒ.ഐ.സി. 44

**വിശുദ്ധിയുടെ വിളനിലം...**
സി. ടിൻസി ജെയിംസ്, എസ്.എ.ബി.എസ് 47

**എന്റെ അനുജനെക്കുറിച്ചുള്ള ഓർമ്മകൾ...**
ഫാ. ജോഷ്വാ ഇടക്കടമ്പിൽ ഒ.ഐ.സി. 50

**ബഥനിയുടെ ജിതിൻ ബ്രദർ...**
ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി. 53

**സ്വർഗ്ഗീയ സാന്നിധ്യം ഭൂമിയിൽ വെളിപ്പെടുത്തിയ ബ്രദർ ജിതിൻ...**
ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി. 57

**ബ്രദർ ജിതിൻ ജേക്കബ് എന്റെ അരുമ ശിഷ്യൻ...**
ഡി. ലീലാമ്മ ടീച്ചർ 59

**ബ്രദർ ജിതിൻ ജേക്കബ് ഒ.ഐ.സി നാൾവഴികളിലൂടെ...**
സിഞ്ചു കെ. പത്രോസ് 61

**നവതിയിൽ ജ്വലിച്ചുയർന്ന ദീപം...**
ജയിംസ് പി.റ്റി. 64

**ഒപ്പം മൂന്നുമാസം...**
ആൽബർട്ട് ജോസഫ് ഒ.ഐ.സി 66

**കാവൽമാലാഖ...**
മിസ് അഞ്ജലി ഘോഷ് 68

**രണ്ടു മരണം – ചില ഓർമ്മപ്പെടുത്തലുകൾ...**
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. 70

www.malankaralibrary.com

# മുഖമൊഴി......

നമ്മിൽ നിന്നും ദൈവസന്നിധിയിലേക്ക് പോയ പ്രിയ കുഞ്ഞനുജൻ ജിതിൻ ജേക്കബ് ബ്രദറിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഈ ലക്കം ബഥനിശബ്ദം ആ പാവന ഓർമ്മയ്ക്കു മുൻപിൽ വിനയപൂർവ്വം സമർപ്പിക്കുന്നു!

"നമ്മുടെ സന്യാസസഭയുടെ സ്വാമിയും മാതൃകാപുരുഷനും യേശു മിശിഹായാകുന്നു. സന്യാസ സഭാംഗങ്ങൾ ഓരോരുത്തരുടെയും പൂർണ്ണതയുടെ അന്ത്യവും മാർഗ്ഗവും യേശുതമ്പുരാൻ തന്നെ. അങ്ങേ സ്നേഹിക്കുന്നതും അനുകരിക്കുന്നതും, അനുരൂപിക്കുന്നതും, അങ്ങിൽ അധിവസിക്കുന്നതും സന്യാസിയുടെ തികച്ചുള്ള പൂർണ്ണതയാകുന്നു" (മാർ ഈവാനിയോസ്, സന്യാസ ജീവിതസഹായി പേജ് 61).

തികച്ചും വിങ്ങുന്ന മനസുമായാണ് എന്റെ പ്രിയ കുഞ്ഞനുജന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ ഈ വരികൾ കുറിക്കുന്നത്. എന്നാൽ ജിതിൻ ബ്രദറിന്റെ പാവനമായ മുഖദർശനം ബഥാന്യർക്ക് എന്നും സായൂജ്യം നൽകണം - കാരണം മറ്റൊന്നുമല്ല തന്റെ ജീവിതത്തിന്റെ സ്വാമിയും മാതൃകാപുരുഷനുമായി ക്രിസ്തുവിനെ ജീവിതത്തിൽ സ്വീകരിച്ച് പൂർണ്ണതയുടെ അന്ത്യവും മാർഗ്ഗവുമായി ക്രിസ്തുവിൽ ജീവിച്ച നിർമ്മല വ്യക്തിത്വത്തിന് ഉടമയായിരുന്നു ബ്രദർ ജിതിൻ ജേക്കബ്. സന്യാസം അതിന്റെ വിശുദ്ധിയിൽ ബഥനിയിൽ ജീവിച്ച പ്രിയ സഹോദരൻ തന്റെ ചുരുങ്ങിയ സന്യാസ ജീവിതകാലഘട്ടത്തിലൂടെ ബഥനിക്കും സഭയ്ക്കും അഭിമാനമായി മാറിയിരുന്നു.

ബ്രദർ ജിതിൻ ജേക്കബ് പഠിച്ചിരുന്ന മെഡിക്കൽ കോളേജിൽ സന്ദർശനം നടത്തിയിട്ടുള്ള എല്ലാ സമൂഹാധികാരികളോടും കോളേജ് അധികാരികൾ പറഞ്ഞിരുന്ന ഒരു അഭിപ്രായം "ഇതുപോലെയുള്ള ശാന്തശീലരും സമർപ്പണ മനോഭാവവും ഉള്ള വിദ്യാർത്ഥികളെ ഇനിയും നിങ്ങൾ നിങ്ങളുടെ കലാലയത്തിലേക്ക് അയയ്ക്കണം" എന്നായിരുന്നു. ബ്രദർ ജിതിൻ ജേക്കബ് ശാന്തശീലനും നിർമ്മല ഹൃദയനും ആയിരുന്നു. കർത്താവിന്റെ മുന്നിൽ സ്വസ്ഥരായിരിക്കാനും അവി

www.malankaralibrary.com

ടുത്തെ കാത്തിരിക്കാനും കഴിയുന്നവരാണ് സന്യാസത്തിലെ ശാന്ത ശീലർ ഇതായിരുന്നു ബ്രദർ ജിതിൻ ജേക്കബ്.

ബ്രദർ ജിതിൻ ജേക്കബിനെ വരച്ചു കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്ന മറ്റൊരു പദം "അനുഗ്രഹീതൻ" എന്നാണ്. ഹീബ്രു ഭാഷയിൽ 'അഷ്റെയ്' എന്ന ഒരു പദമുണ്ട് – അനുഗ്രഹങ്ങൾ പ്രാപിച്ചവരെ അനുമോദിക്കാനും മരണശേഷമുള്ള പ്രതിഫലം വാഗ്ദാനം ചെയ്യാനും വേണ്ടി പഴയനിയമത്തിൽ ഈ പദം ഉപയോഗിച്ചിരുന്നു. പ്രിയ കുഞ്ഞനുജൻ തന്റെ ജീവിതത്തിൽ അനേകം അനുഗ്രഹങ്ങൾ പ്രാപിച്ചവനാണ്. തന്റെ നിർമ്മല സന്യാസ ജീവിതവും വിദ്യഭ്യാസ യോഗ്യതയും അതിന് ഉത്തമ ഉദാഹരണങ്ങളാണ്. തന്റെ വിശുദ്ധിയുടെയും സന്യാസ സമർപ്പണത്തിന്റെയും യോഗ്യതയാൽ പ്രിയ സഹോദരന്റെ മരണാനന്തര ജീവിതവും 'അനുഗ്രഹീതം' ആയിരിക്കും.

ബ്രദർ ജിതിന്റെ ജീവിതത്തിൽ ഇടപഴകിയവരുടെ ചിന്തകളാലും അനുഭവങ്ങളാലും ബഥനി ശബ്ദത്തിന്റെ താളുകൾ നിറഞ്ഞിരിക്കുന്നു. ഏവർക്കും നന്ദി. I also express our sincere thanks to those who shared their experiences with Bro.Jithin Jacob. May the soul of Bro Jithin Jacob and Dr. Jainy Shaji Rest in Peace. Thank you dear friends from SDM College, Ujire.

പ്രിയ ബ്രദർ ജിതിൻ അങ്ങ് ക്രിസ്തുവിനെ അനുകരിക്കുകയും അനുരൂപിക്കുകയും – ക്രിസ്തുവിൽ ജീവിക്കുകയും ചെയ്തു. അങ്ങയുടെ ഓർമ്മ ബഥനിക്കും, സഭയയ്ക്കും, അങ്ങയുടെ സുഹൃത്ത് വലയത്തിനും – ലോകത്തിനും എന്നും സുഗന്ധപൂരിതമായിരിക്കും. പ്രിയ കുഞ്ഞനുജാ ദൈവസന്നിധിയിൽ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമേ. അങ്ങയുടെ പാവന സ്മരണയ്ക്കു മുന്നിൽ ബഥനി സമൂഹം പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുന്നു.

സ്നേഹത്തോടെ,
**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# ബ്രദർ ജിതിൻ - ദൈവത്തിന്റെ ആലയത്തിലെ നന്മയിൽ മുഴുകിയവൻ...

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

"അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തെരഞ്ഞെടുത്തു കൊണ്ടുവരുന്നവർ ഭാഗ്യവാൻ. ഞങ്ങൾ അങ്ങയുടെ ആലയത്തിലെ വിശുദ്ധ മന്ദിരത്തിലെ, നന്മകൾകൊണ്ട് സംതൃപ്തരാകും" (സങ്കീ. 65:4).

അകാലത്തിൽ നമ്മെ ഭൗമികമായി വിട്ടുപിരിഞ്ഞുപോയ ബ്രദർ ജിതിൻ വളരെയധികം ഊഷ്മളമായ ഓർമ്മകൾ അവശേഷിപ്പിച്ചിട്ടാണ് കടന്നുപോയത്. 2005-ൽ കുമ്പഴ ഇടവകയിൽ വികാരിയായി ഞാൻ കടന്നു ചെല്ലുമ്പോൾ ജിതിൻ എന്ന കൗമാരക്കാരനെയും പുതുപ്പറമ്പിൽ ശ്രീമാൻ ജേക്കബിനെയും കുടുംബത്തെയും പരിചയപ്പെടുവാൻ സാധിച്ചു. ദൈവകൃപയിൽ ജീവിക്കുന്ന കുടുംബം എന്നതിലുപരി ആ ഇടവകയിലെയോ നാട്ടിലെയോ ഏതൊരാവശ്യങ്ങളിലും പ്രത്യേകിച്ച് ആപത്തുകളിൽ ഓടിയെത്തുന്ന ഒരു കുടുംബം. ദൈവം കൊടുത്ത മൂന്നു മക്കളെയും ദൈവകൃപയിൽ വളർത്തുവാൻ അവർ പരിശ്രമിച്ചു. മുട്ടിന്മേൽ നിന്ന് മക്കൾക്കുവേണ്ടി കൈവിരിച്ച് പ്രാർത്ഥിക്കുന്ന അപ്പനും അമ്മയും വല്യമ്മയും വല്യപ്പനും ആ കുടുംബത്തിന്റെ പ്രത്യേകത യായിരുന്നു. അഗാധമായ വിശ്വാസത്തിന്റെ ഈ കുടുംബ പശ്ചാത്തല ത്തിൽ നിന്നാണ് ദൈവവിളിയുടെ കിരണം ജിതിന്റെമേൽ പതിച്ചത്. 2007-ൽ പത്താം ക്ലാസ് പരീക്ഷ പാസായപ്പോൾ ആശ്രമത്തിൽ ചേരു വാനുള്ള ആഗ്രഹം അൾത്താരബാലനായ ജിതിൻ പ്രകടിപ്പിച്ചു. വീട്ടിലെ മൂത്തമകനായതുകൊണ്ടും കുടുംബഭാരം ഏറ്റെടുക്കേണ്ട ആളായതു കൊണ്ടും വികാരിയെന്ന നിലയിൽ കുടുംബമായി ആലോചിക്കുകയും, ആശ്രമജീവിതത്തിന്റെ ബാദ്ധ്യതകളും കടമകളും കുടുംബാംഗങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. തന്റെ മകന് ദൈവം കൊടുത്ത വലിയ ദാനമാണ് ദൈവവിളിയെന്നും അതു തങ്ങളുടെ കുടുംബത്തിന്റെ അനുഗ്രഹമാണെന്നും ആ മാതാപിതാക്കൾ മനസ്സിലാക്കുകയും സന്യാസവൈദിക ജീവിതത്തിന് തന്റെ മകനെ സമർപ്പിക്കുകയും തന്റെ മകനുവേണ്ടി ആ കുടുംബം എന്നും പ്രാർത്ഥിക്കുകയും ചെയ്തു.

നാലാഞ്ചിറ-മേക്കോണം ദയറായിൽ ആദ്യവർഷപരിശീലനവും ബഥനി നവജീവൻ സ്കൂളിൽ സയൻസ് വിഷയത്തിൽ പ്ലസ്ടുവും

www.malankaralibrary.com

ബാംഗ്ലൂർ ധർമ്മാരാം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഫിലോസഫിയിൽ ബാച്ചുലർ ഡിഗ്രിയും കരസ്ഥമാക്കിയ ജിതിന് ഉന്നത വിദ്യാഭ്യാസത്തിന്റെ വലിയ ഒരു മേഖലയാണ് സമൂഹം തുറന്നു കൊടുത്തത്. ബ്രദർ ജിതിനോടും അദ്ദേഹത്തിന്റെ മാതാപിതാക്കളോടും അദ്ദേഹം പഠിക്കുന്ന വിഷയങ്ങളെക്കുറിച്ച് അറിയിക്കുകയും ബ്രദറിനോടൊപ്പം ആ കുടുംബവും സന്തോഷത്തോടെ ആ വലിയ ചുമതല ഏറ്റെടുക്കുകയും ചെയ്തു. വളരെ പരിമിതമായ സാഹചര്യത്തിൽ ആറുവർഷം പഠിച്ച് താൻ എന്തിനുവേണ്ടി അയയ്ക്കപ്പെട്ടോ, അത് അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ച് യൂണിവേഴ്സിറ്റി റാങ്കോടുകൂടി അദ്ദേഹം ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു.

താൻ കണ്ടുമുട്ടിയവരെയെല്ലാം തന്റെ ജീവിതത്തിന്റെ സുതാര്യത കൊണ്ടും ഉദ്ദേശശുദ്ധികൊണ്ടും ആകർഷിച്ച വ്യക്തിയായിരുന്നു ബ്രദർ ജിതിൻ. ആശ്രമത്തിൽ ചേരുന്നതിനുമുമ്പ് സ്വജീവിതത്തിൽ വളരെയധികം ചിട്ടയും ഒരുക്കവും ഒരു പ്രത്യേകതയും ജിതിനിൽ ഞാൻ ദർശിച്ചു. അഗാധമായ ആദ്ധ്യാത്മിക പുസ്തകവായന, വിശുദ്ധന്മാരുടെ ജീവചരിത്രവായന ഒക്കെ വളരെ ചെറുപ്പത്തിലേ ജിതിനിൽ ദർശിച്ച സൽഗുണങ്ങളാണ്. ഒരു ബ്രദറായി ആശ്രമത്തിൽ പരിശീലനത്തിലിരിക്കുമ്പോഴും ചിട്ടകളോടെ കാര്യങ്ങൾ ചെയ്യുവാൻ ജിതിൻ ശ്രദ്ധിച്ചിരുന്നു. വ്യക്തിപരമായ ഉത്തരവാദിത്വവും സമർപ്പണബോധവുമാണ് ബ്രദറിനെ സമൂഹം ഒരു പ്രത്യേക നിയോഗവുമായി പഠനത്തിന് അയയ്ക്കുവാൻ ധൈര്യം കാണിച്ചത്. ഒരധികാരിയെന്ന നിലയിൽ ബ്രദറിന്റെ പഠനസ്ഥലം സന്ദർശിച്ചപ്പോഴൊക്കെയും വലിയ അഭിമാനം എനിക്കുണ്ടായി. ബ്രദറിന്റെ സഹപാഠികളും അദ്ധ്യാപകരും മാനേജുമെന്റും വളരെ നല്ല അഭിപ്രായം ബ്രദറിനെപ്പറ്റി പറയുകയും ബഹുമാനത്തോടെ ബ്രദറിനെ കണ്ടിരുന്നതായും എനിക്ക് ബോധ്യപ്പെട്ടു. ഒരു യൗവനക്കാരനായ വിദ്യാർത്ഥി എന്നതിലുപരി ദൈവിക നന്മകൾ നിറഞ്ഞ ഒരു വ്യക്തിയെന്ന നിലയിലാണ് ബ്രദറിനെ സഹപാഠികളും സഹചാരികളും അദ്ദേഹത്തെ മനസ്സിലാക്കിയത്. താൻ ഏതിനുവേണ്ടി വിളിക്കപ്പെട്ടുവോ ആ വിളിയുടെ യോഗ്യതയോടെയും അതിലെ കുരിശുകൾ വഹിക്കാനുള്ള സന്നദ്ധതയോടുംകൂടെയും ശാരീരിക അസ്വസ്ഥതകളെ ഗൗനിക്കാതെ ദൈവത്തിന്റെ പദ്ധതികളിൽ വിശ്വാസമർപ്പിച്ച് തന്നെതന്നെ ബ്രദർ ദൈവത്തിനു സമർപ്പിച്ചു. ബ്രദർ ജിതിന്റെ മരണം നൊമ്പരപ്പെടുത്തുന്ന ഓർമ്മകളോടുകൂടെ എന്നും ബ്രദറിനെ അറിയാവുന്നവരുടെ മനസ്സുകളിൽ ഒരു തീക്കനലായി അവശേഷിക്കുന്നു.

■

www.malankaralibrary.com

# മഹത്തായ ജീവിത മാതൃക...

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

ബഥനി സമൂഹം വളരെയേറെ പ്രതീക്ഷയർപ്പിച്ചിരുന്ന വ്യക്തിയായിരുന്ന ബഹു.ബ്രദർ ജിതിൻ ജേക്കബ് ഒ.ഐ.സി. ഉത്തമനായ സന്യാസി, സമർത്ഥനായ വിദ്യാർത്ഥി, സൗമ്യനായ വ്യക്തി എന്നീ നിലകളിലെല്ലാം എല്ലാവരുടെയും ആദരവും പ്രശംസയും അദ്ദേഹം പിടിച്ചു വാങ്ങിയിരുന്നു.

മറ്റൊരു സംസ്ഥാനത്, ആരുടേയും നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ ജീവിക്കുമ്പോൾ നിഷ്ഠാജീവിതത്തിൽ വ്യതിചലനം പെട്ടെന്നു സംഭവിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ പ്രതികൂലങ്ങളുടെ മദ്ധ്യത്തിലും തന്റെ സന്യാസത്തിനു കോട്ടം വരാതെയിരിക്കാൻ ബ്രദർ ജിതിൻ അതീവ ശ്രദ്ധ പുലർത്തി നെല്ലിയാടി ബഥനി ആശ്രമവുമായി ബന്ധപ്പെട്ട് തന്റെ പ്രാർത്ഥനാജീവിതത്തെ അദ്ദേഹം പരിപോഷിപ്പിച്ചു വന്നു. അവിടുത്തെ ഒരംഗത്തെപ്പോലെ ജീവിച്ച് എല്ലാ കാര്യങ്ങളിലും സജീവമായ പങ്കുചേർന്ന വ്യക്തിയായിരുന്നു ജിതിൻ.

നല്ല ഒരു കുടുംബന്തരീക്ഷത്തിൽ വളർന്നുവന്ന അദ്ദേഹം, ആ കുടുംബമഹിമ താൻ ചെന്നയിടങ്ങളിലെല്ലാം പ്രസരിപ്പിച്ചു. ജിതിൻ ശുശ്രൂഷയ്ക്കായി പോയിരുന്ന ഇടവകകളിലെ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ വിയോഗവാർത്ത ഹൃദയഭേദകമായ ഒന്നായിരുന്നു. എല്ലാവരോടും ഹൃദ്യമായ പുഞ്ചിരിയേയും കുലീനമായ മനോഭാവത്തെയും കരുണാർദ്രമായ ഹൃദയത്തോടുംകൂടിയ പെരുമാറ്റം. ആളുകൾ നന്ദി നിറഞ്ഞ മനസ്സോടും വിങ്ങുന്ന ഹൃദയത്തോടും കൂടിയാണ് അനുസ്മരിക്കുക. തേങ്ങിക്കരഞ്ഞുകൊണ്ട് അവർ ബ്രദറിനെപ്പറ്റി വലിയ മതിപ്പോടെ സംസാരിച്ചത് കേട്ടപ്പോൾ അവരുടെ ഹൃദയത്തിൽ ജിതിന് എത്ര വലിയ സ്ഥാനമാണുണ്ടായിരുന്നതെന്നോർത്ത് വലിയ അഭിമാനം തോന്നിയിട്ടുണ്ട്.

അധ്യാപകർക്കും സഹപ്രവർത്തകർക്കും ജിതിൻ ബ്രദർ വലിയ മാതൃകയും പ്രചോദനവുമായിരുന്നു. ജിതിന്റെ അക്കാഡമിക്ക് മികവും സംഘാടനപാടവവും സേവനസന്നദ്ധതയുമെല്ലാം മനസ്സിലാക്കിയ കോളേജ് അധികൃതർ ചുമതലകൾ അദ്ദേഹത്തെ ഏല്പിച്ച്

www.malankaralibrary.com

വിശ്വാസമർപ്പിച്ചു. മരണം നടന്ന ദിവസം അദ്ദേഹം, കോളജധികാരികൾ സംഘടിപ്പിച്ച ഒരു മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുവാൻ അതിരാവിലെ പുറപ്പെടുകയായിരുന്നു.

ജിതിൻ പഠിച്ച സ്ഥാപനത്തിന് അദ്ദേഹം സമർത്ഥനായ ഒരു വിദ്യാർത്ഥി മാത്രമായിരുന്നില്ല. അച്ചടക്കമുള്ള ഒരു പഠിതാവും കാര്യശേഷിയുള്ള ഒരു കുടുംബാംഗവുമായിരുന്നു. ഇതുപോലെയുള്ള ആളുകളെ തങ്ങളുടെ കലാലയത്തിലേക്ക് ഇനിയും അയയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടുവെങ്കിൽ ആ ജീവിതം അവരെ എത്രമാത്രം സ്വാധീനിച്ചിരിക്കണം.

വളരെ പ്രശസ്തമായ നിലയിൽ തന്റെ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ദൈവശാസ്ത്രപഠനത്തിനായി തയ്യാറായിരുന്ന വേളയിൽ അപ്രതീക്ഷിതമായ മരണം അദ്ദേഹത്തെ നമ്മിൽ നിന്ന് അകറ്റിയെങ്കിലും ചുരുങ്ങിയ ഈ കാലയളവിൽ ജിതിൻ ബാക്കിവച്ച മഹത്തായ ജീവിതമാതൃക എന്നും നമ്മുടെ മനസ്സിലെ മരിക്കാത്ത ഓർമ്മകളായി ശേഷിക്കും.

ആ ഓർമ്മകൾക്കു പ്രണാമം അർപ്പിക്കാനായി ബഹു.ജിതിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"INYGMA National Executive is saddened by the demise of two of our brightest souls, Dr. Jainy John, Asst. Professor at SDM College of Naturopathy & Yogic Sciences and Dr. Jithin Jacob, Intern at SDM Yoga & Nature Cure Hospital - in a road accident this morning."

"Dear friend, we can't explain how much we really miss you. You are indeed an inspiration for all of us. We bid you farewell as you journey towards eternity. You'll never be forgotten. Rest in peace."

www.malankaralibrary.com

# നനവുണങ്ങാത്ത ഓർമ്മകളിൽ നിറയുന്ന ബഥനിയിലെ ജിതിൻ ബ്രദർ...

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ**

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവിൻ ഉണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (വി. യോഹന്നാൻ 6: 54).

ബ്രദർ ജിതിൻ ജേക്കബ് നമ്മിൽ നിന്നും വേർപിരിഞ്ഞു പോയിട്ട് 2020 മാർച്ച് 19ന് നാൽപ്പതു ദിനങ്ങൾ പൂർത്തിയാകുന്നു. ബഥനിയിലൂടെ വളർന്നുവന്ന ഒരു യുവസന്യാസി, മാനുഷിക കണക്കുകൂട്ടലുകൾക്കു കാത്തുനിൽക്കാതെ, തന്റെ സ്വർഗീയ മണവറയിലേക്കു പ്രവേശിച്ചതിന്റെ ഓർമ്മ. കാലയവനികക്കുള്ളിൽ മറഞ്ഞ തങ്ങളുടെ സമൂഹാംഗത്തെക്കുറിച്ച്, വാത്സല്യമുള്ള മകനെക്കുറിച്ച്, പ്രിയപ്പെട്ട സഹോദരനെക്കുറിച്ച്, സുഹൃത്തിനെക്കുറിച്ച്, സഹപാഠിയെക്കുറിച്ച്, സഹപ്രവർത്തകനെക്കുറിച്ച്, നല്ലതു മാത്രം പറയാൻ ഓർമ്മകൾ ബാക്കിയാക്കി പ്രിയപ്പെട്ട ജിതിൻ ബ്രദർ തന്റെ സൃഷ്ടാവായ ദൈവത്തോടൊപ്പം ചേർന്നു. "തന്റെ രണ്ടാം വരവിൽ" വീണ്ടും കണ്ടുമുട്ടാം എന്ന ഉറച്ച വിശ്വാസത്തിൽ, നമ്മുടെ കാഴ്ച്ചകൾക്കപ്പുറം ജീവിക്കുന്നു. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവിൻ ഉണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (വി. യോഹന്നാൻ 6: 54).

**ബ്രദർ ജിതിൻ ജേക്കബ്**

പത്തനംതിട്ട ജില്ലയിലെ കുമ്പഴ എന്ന ഗ്രാമത്തിൽ നെടുമനാൽ പുതുപ്പറമ്പിൽ പുത്തൻ വീട്ടിൽ ശ്രീ ജേക്കബിന്റെയും ശ്രീമതി മെഴ്സി ജേക്കബിന്റെയും മൂന്ന് ആൺമക്കളിൽ ആദ്യത്തെ മകനായിരുന്നു ജിതിൻ ജേക്കബ്. തോന്ന്യാമല സെന്റ് മേരീസ് ദേവാലയത്തിൽ വച്ച ബഹുമാനപ്പെട്ട ചാക്കോ തടത്തിൽ അച്ചനാൽ മാമോദീസ സ്വീകരിച്ച ജിതിൻ, പത്തനംതിട്ട രൂപതയിൽ കുമ്പഴ ഇടവകാംഗമായിരുന്നു. മൈലപ്ര മൗണ്ട് ബഥനി, എസ്. എച്ച് എന്നീ സ്കൂളുകളിലായിട്ടാണ് പ്രാഥമിക പഠനം പൂർത്തിയാക്കിയത്. ജനനവും ബാല്യവും ജീവിതത്തിന്റെ ആദ്യപാഠങ്ങളും പഠിച്ചത് ഈ ദേശത്തു നിന്നു തന്നെയാണ്.

www.malankaralibrary.com

ശാന്ത സ്വഭാവത്തിനുടമയായിരുന്ന ജിതിനെക്കുറിച്ച് കുടുംബാംഗങ്ങൾക്കും അയൽപ്പക്കങ്ങൾക്കും സൗഹൃദ കൂട്ടായ്മകൾക്കും ഗുരുക്കന്മാർക്കും ഇടവക വികാരിമാർക്കും നന്മയുടെ ഓർമ്മകൾ മാത്രം. പത്താം ക്ലാസ് പഠനം വിജയകരമായി പൂർത്തിയാക്കി 2007ൽ ബഥനി ആശ്രമത്തിൽ ചേർന്ന യുവാവായ ജിതിനിൽ നിറഞ്ഞു നിന്നിരുന്ന സമ്പൂർണ്ണ ദൈവാശ്രയ ബോധവും സ്ഥിരോത്സാഹവും ജീവിത വിശുദ്ധിയും ബഥനി ആശ്രമത്തിലെ ഒരു സന്യാസിയായി അന്ത്യത്തോളം നന്മകൾ ചെയ്തു കടന്നു പോകണമെന്ന തീരുമാനത്തിന് എക്കാലവും ഉറച്ച അടിത്തറ നൽകിയിരുന്നു.

**യോഗാർത്ഥിപദത്തിൽ തുടങ്ങുന്ന ആശ്രമജീവിതം**

തിരുവനന്തപുരത്ത്, മേക്കോണം പ്രദേശത്തു സ്ഥിതിചെയ്യുന്ന ബഥനി ദയറാ ആശ്രമത്തിലായിരുന്നു ആദ്യ വർഷങ്ങളിലെ പിരിശീലനം. നാലാഞ്ചിറയിലുള്ള നവജീവൻ ബഥനി വിദ്യാലത്തിൽ പ്ലസ് ടു പഠനം പുർത്തിയാക്കി. യോഗാർത്ഥിപദം പൂർത്തിയാക്കിയ ബ്രദർ ജിതിനെ ധർമ്മശിഷ്യ പരിശീലനത്തിനായി ആലുവ ആശ്രമത്തിലേക്ക് അയക്കുന്നു. ആലുവായിൽ കൊടികുത്തിമല എന്ന ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന തപോവനം ബഥനി ആശ്രമത്തിൽ ധർമ്മശിഷ്യപദത്തിലേക്കുള്ള പ്രവേശനത്തിനു മുൻപുള്ള ഒരുക്ക കാലഘട്ടവും (Pre-Novitiate) പരിശീലന കാലഘട്ടത്തിലെ ഏറ്റവും പ്രാധാനപ്പെട്ട ധർമ്മശിഷ്യ പരിശീലന കാലവും (Novitiate) അനുഗ്രഹപ്രദമായി പൂർത്തിയാക്കി, 2011 മെയ് മാസം 24ന് ആദ്യ വ്രതസമർപ്പണം നടത്തി.

സി.എം.ഐ സന്യാസ സഭയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ബാംഗ്ലൂർ ധർമ്മാരാം കോളേജിലായിരുന്നു തത്വശാസ്ത്ര പഠനം. തുടർന്ന് റീജൻസി കാലഘട്ടമായിരുന്നു. വിവിധ മേഖലകളിൽ നിപുണരായ വ്യക്തികളെ വളർത്തിക്കൊണ്ടു വരണമെന്ന സമൂഹത്തിന്റെ പൊതു ചിന്തയുടെ പശ്ചാത്തലത്തിൽ ആ വർഷം റീജൻസിക്കായി പോകേണ്ടിയിരുന്ന വൈദീക വിദ്യാർത്ഥികളെ നിയമ പഠനം, പ്രകൃതി ചികിത്സാ പഠനം, എം.എസ്.ഡബ്ല്യു, ജേർണിലിസം മറ്റു പൊതു വിഷയങ്ങളിൽ ബിരുദവും ബിരൂദാനന്തര ബിരുദവും തുടങ്ങിയ ലക്ഷ്യങ്ങളോടെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേക്ക് അയക്കുവാൻ തീരുമാനിച്ചു. അങ്ങനെയാണ് വൈദ്യശാസ്ത്ര പഠനത്തിനായി ബ്രദർ ജിതിൻ തെരെഞ്ഞെടുക്കപ്പെടുന്നത്.

www.malankaralibrary.com

**ബ്രദർ ഡോക്ടർ ജിതിൻ ജേക്കബ് ഒ.ഐ.സി**

ബ്രദർ ജിതിൻ ജേക്കബിൽ നിന്നും ബ്രദർ ഡോക്ടർ എന്ന പരിണാമത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നത്, പ്രകൃതി ചികിത്സാ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന, ശ്രീ കെ.എസ് ഹെഗ്ഡേ യുടെ നേതൃത്വത്തിൽ മംഗലാപുരത്തു പ്രവർത്തിക്കുന്ന എസ്.ഡി.എം നാച്ച്യുറോപതി ആന്റ് യോഗിക്ക് സയൻസ് കോളേജിൽ പ്രവേശിച്ച കാലഘട്ടം മുതലാണ്. തനിക്കു പരിചയമില്ലാതിരുന്ന പഠനശാഖ. തന്നെ ക്കാൾ ഇളയ തലമുറയോടൊപ്പം ക്ലാസ് മുറികളിൽ ചെലവഴിക്കേണ്ട സാഹചര്യങ്ങൾ. പുതുതലമുറയുടെ ആഘോഷാചരണങ്ങളിൽ ഒത്തു ചേരാനാവാത്ത സന്യാസജീവിത ബോദ്ധ്യങ്ങൾ.

ഈ യുവസന്യാസി അഭിമിഖീകരിച്ച പ്രതിബന്ധങ്ങളെ, പ്രാർത്ഥ നയുടെയും കഠിനാധ്വാനത്തിന്റെയും സമൂഹത്തിന്റെ സമയോചിതമായ ഇടപെടലുകളുടെയും വ്യക്തമായ അനുധാവനത്തിന്റയും പിൻബല ത്താൽ തരണം ചെയ്ത്, ബ്രദർ ജിതിൻ യൂണിവേഴ്സിറ്റി തലത്തിൽ ആറാം റാങ്കോടെ മികച്ച വിജയം കരസ്ഥമാക്കി. സന്യാസ ജിവിത വ്രതങ്ങളോടൊപ്പം ആരോഗ്യ പരിരക്ഷാ രംഗത്തെ തന്റെ സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രഖ്യാപനം കൂടിയായിരുന്നു, സ്ഥിരോത്സാഹ ത്തോടെ ബ്രദർ ഡോക്ടർ ജിതിൻ ജേക്കബ് നേടിയെടുത്ത ഈ ഉന്നത വിജയം.

**കണ്ണീരിന്റെ നനവുള്ള പ്രഭാതം**

2020 ഫെബ്രുവരി 9, ഞായറാഴ്ച്ച... മനസ്സിനെ ഏറെ നൊമ്പര പ്പെടുത്തിയ വാർത്തയുമായാണ് ആ പ്രഭാതം പിറന്നത്. ബ്രദർ ജിതിൻ സഞ്ചരിച്ച കാർ അപകടത്തിൽപ്പെട്ടു. അദ്ദേഹത്തേയും കൂടെ ഉണ്ടാ യിരുന്ന പ്രൊഫസർ ജെയ്നി ഷാജിയേയും വളരെ ഗുരുതരാവസ്ഥ യിൽ പുത്തൂർ ആശുപത്രിയിലേക്ക് കൊണ്ടു പോയിട്ടുണ്ട്. ബ്രദർ മര ണപ്പെട്ടുവെന്ന സൂചനകളും സംസാരത്തിൽ ഉണ്ടായിരുന്നു. നെല്ലിയാടി ബഥനി ആശ്രമ സുപ്പീരിയർ ബഹു. ഫാ. വർഗ്ഗീസ് കൈപ്പനടുക്ക അച്ചന്റേതായിരുന്നു ആ ഫോൺ സന്ദേശം. തുടർന്നു വന്ന ഓരോ ഫോൺ വിളികളിലും സന്ദേഹത്തിന്റെ വാക്കുകളുണ്ടായിരുന്നു. ഈ സമയം കൊണ്ട് കർണാടക മേഖലയിൽ സേവനം ചെയ്യുന്ന ആശ്രമ വൈദികരും നല്ല പങ്ക് വിശ്വാസികളും മംഗലാപുരത്ത് താമസിക്കുന്ന ബ്രദറിന്റെ ബന്ധുമിത്രാതികളും ആശുപത്രി പരിസരത്ത് എത്തിച്ചേർന്നി രുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ, പ്രത്യേകിച്ച് കഴിഞ്ഞ ഒരു വർഷ ത്തിലേറെയായി ബ്രദർ താമസിച്ചിരുന്ന നെല്ലിയാടി ബഥനി ആശ്രമ ത്തിലെ അച്ചന്മാർ ആശുപത്രിയിലെത്തി ആ ദുഃഖവാർത്ത നേരിട്ട് കണ്ട്

www.malankaralibrary.com

വിശ്വസിക്കേണ്ടതായി വന്നു... ഫെബ്രുവരി മാസം 9-ാം തീയതി രാവിലെ 7.15നും 7.30നും മദ്ധ്യേ മരണം സംഭവിച്ചു.

ബ്രദർ ജിതിനും പ്രൊഫസർ ജെയ്നിയുമൊന്നിച്ച് തങ്ങളുടെ കോളേജിന്റെ നേതൃത്വത്തിൽ സഹ്യാദ്രി കോളേജിൽ വച്ചു ക്രമീകരിച്ചിരുന്ന മെഡിക്കൽ ക്യാംപ് നടത്തുവാനായി പോകുന്ന സമയത്താണ് ദാരുണമായ ഈ അപകടം ഉണ്ടായത്. നെല്ലിയാടിയിൽ നിന്നും ഏകദേശം പത്ത് കിലോമീറ്റർ അകലെയായി ബെഡ്രൊാടിയിൽ വച്ച്, എതിരെ വന്ന ഒരു ചരക്കുലോറിയുമായി കൂട്ടിയിടിച്ചുണ്ടായ ഈ അപകടത്തിലാണ് ഇവർ രണ്ടുപേരും അതിദാരുണമായി കൊല്ലപ്പെട്ടത്. പ്രൊഫസർ ജെയ്നിയുടെ ഒൻപതാം ക്ലാസിൽ പഠിക്കുന്ന മകൻ ഷെർവിനും ഈ യാത്രയിൽ കൂടെയുണ്ടായിരുന്നെങ്കിലും നിസ്സാര പരിക്കുകളോടെ അത്ഭുതകരമായി രക്ഷപ്പെട്ടു. പ്രൊഫസർ ഡോക്ടർ ജെയ്നിയുടെ അകാലവിയോഗത്തിൽ വേദനിക്കുന്ന സ്നേഹനിധിയായ ഭർത്താവിനെയും മക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയോടുകൂടി ഓർക്കുന്നു. ദുഃഖത്തിൽ പങ്കുചേരുന്നു.

സഭയെ സംബന്ധിച്ചിടത്തോളം, സുവിശേഷവൽകരണ രംഗത്ത് ഒരു നവീന മുഖം നല്കാനാകുമായിരുന്ന യുവ സന്യാസിയുടെ നികത്താനാകാത്ത അസാന്നിധ്യമാണ് അദ്ദേഹത്തിന്റെ മരണം മൂലം സംഭവിച്ചത്. മാതാപിതാക്കളായ ശ്രീ ജേക്കബിനും മേഴ്സിക്കും സഹോദരങ്ങളായ മിധുനും ആൽബിനും, അൾത്താരയിൽ തങ്ങൾക്കുവേണ്ടി ബലി അർപ്പിക്കുന്ന മകനെയും സഹോദരനേയും കുറിച്ചുണ്ടായിരുന്ന, പൂർത്തീകരിക്കാൻ സാധിക്കാതെ പോയ വിശുദ്ധ സ്വപ്നങ്ങളുടെ തേങ്ങൽ ഞങ്ങൾ വ്യസനത്തോടെ തിരിച്ചറിയുന്നു... കണ്ണീരൊപ്പുന്ന കാരുണ്യവാന്റെ കരങ്ങളിൽ കാഴ്ചവയ്ക്കുന്നു.

**ബഥനിയെ സ്നേഹിച്ച യുവസന്യാസി**

ചെറുപ്പത്തിലേ ഉള്ള ആഗ്രഹം... തന്റെ ജീവിതചര്യകൾ അതനുസരിച്ച് രൂപപ്പെടുത്താൻ ആഗ്രഹിച്ച കൗമാരം... ദൈവത്തിനുവേണ്ടി ജീവിതം മാറ്റിവയ്ക്കാൻ, ഉറച്ച തീരുമാനമെടുത്ത യുവത്വം... ആശ്രമകവാടം കടന്നു സന്യാസിയുടെ സ്വന്തമായ തൗനയിലേക്കു പ്രവേശിക്കുമ്പോൾ ദൈവത്തിന്റെ പ്രത്യേക വിളിയുടെ എല്ലാ അടയാളങ്ങളും ഈ മകനിൽ തെളിഞ്ഞു നിന്നിരുന്നു.

സമൂഹം തന്നിലൂടെ ചെയ്യുവാൻ ആഗ്രഹിക്കുന്ന പദ്ധതികളിൽ, ദൈവിക ഇടപെടലുകളും തീരുമാനങ്ങളും കാണാൻ, വിശ്വാസ വെളിച്ചത്തിൽ ഉൾകണ്ണു ലഭിച്ച ഈ യുവ സന്യാസി തന്റെ സമകാലികർക്ക് മാതൃകയായിരുന്നു. സന്യാസാധിഷ്ഠിത ജീവിതചര്യയിലും ബഥനിയിലെ മുതിർന്ന തലമുറയോടുള്ള ബന്ധത്തിലും തന്നോടൊപ്പം ആശ്ര

www.malankaralibrary.com

മത്തിൽ പ്രവേശിച്ച സഹചരോടുള്ള സഹവാസത്തിലും പഠനത്തിലും പഠ്യേതര വിഷയങ്ങളിലെ ഇടപെടലുകളിലും ഉപരിപഠനാർത്ഥം കട ന്നുചെന്ന അവസരത്തിൽ മംഗലാപുരത്തെ വാടകവീട്ടിൽ ഒറ്റക്കുള്ള വാസത്തിലും കൂട്ടുകാരോടുള്ള ബന്ധത്തിലും ക്യാമ്പസ് കൂട്ടായ്മക ളിലും ബഥനിയോടുള്ള സ്നേഹവും ബഥനിയിലൂടെ ജീവിക്കാനാഗ്ര ഹിച്ച സന്യാസത്തോടുള്ള ആദരവും നിറഞ്ഞു നിന്നിരുന്നു.

**അപകടത്തെ തുടർന്ന്...**

അപകടത്തെക്കുറിച്ച് അറിഞ്ഞ നിമിഷം മുതൽ, അപകടസ്ഥ ലത്തും ആശുപത്രിയോട് ബന്ധപ്പെട്ടും തുടർന്നുള്ള ക്രമീകരണ ങ്ങൾക്ക് നേതൃത്വം നൽകിയത് ബ്രദർ ജിതിൻ താമസിച്ചിരുന്ന നെല്ലി യാടി ആശ്രമത്തിന്റെ സുപ്പീരിയറും നവജ്യോതി പ്രൊവിൻഷ്യൽ കൗൺ സിൽ അംഗവുമായ ബഹുമാനപ്പെട്ട വർക്ഷീസ് കൈപ്പനടുക്ക അച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച ബഥനിയുടെ സഹോദരങ്ങളാണ്. അതേ ആശ്രമത്തിലെ അംഗങ്ങളായ ഫാ. പ്രഫുൽ ഒ.ഐ.സി, ഫാ. ഐസക്ക് ഒ.ഐ.സി എന്നിവരും ഫാ. ബർശ്ലോമോ ഒ.ഐ.സി, ഫാ. വിജോയ് വർക്ഷീസ് പൂക്കളം ഒ.ഐ.സി എന്നിവരും അപകടം അറിഞ്ഞ നിമിഷം മുതൽ കബറിൽ വയ്ക്കുവോളം കൂടെയുണ്ടായിരുന്നു. ആശുപത്രി യോട് ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുവാനായി. സൗത്ത് കർണാ ടക മേഖലയിൽ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട ബഥനി വൈദി കരോട് ചേർന്ന് വേണ്ട നേതൃത്വം നൽകി പുത്തൂർ രൂപത ചാൻസലർ ഫാ. ജോൺ കുന്നത്തേത് അച്ചനും കൂടെ ഉണ്ടായിരുന്നു. മൃതദേഹം നാലാഞ്ചിറ ദയറ ആശ്രമത്തിലേക്കു കൊണ്ടുവരുന്ന വേളയിൽ ഫാ. പീറ്റർ ജോൺ ഒ.ഐ.സി, ഫാ. ആഞ്ചലോ ഒ.ഐ.സി, സിസ്റ്റർ ദയാ നന്ദ എസ്.ഐ.സി, സിസ്റ്റർ സിൽവിയ എസ്.ഐ.സി, ശ്രീ യോഹ ന്നാൻ ഊന്നും പാറക്കൽ എന്നിവരും പ്രാർത്ഥനാപൂർവ്വം വേണ്ട സഹാ യങ്ങൾ നല്കി അനുധാവനം ചെയ്തു. മംഗലാപുരത്ത് ബ്രദർ പഠി ക്കുന്ന സമയത്തും അപകടസമയവും അതിനോടു ബന്ധപ്പെട്ട് നിയമ വിഷയങ്ങളിലും മൃതദേഹം നാലാഞ്ചിറ ദയറ ആശ്രമത്തിൽ എത്തി ക്കുന്ന കാര്യത്തിലും ബഥനി നവജ്യോതി പ്രൊവിൻസിലെ സഹോദ രങ്ങളുടെ സമയോചിതമായ സഹായസഹകരണങ്ങളെ വാക്കുകളിലൊ തുക്കാവുന്നതല്ല. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹുമാ നപ്പെട്ട ജോസ് മരിയദാസ് അച്ചനെയും കൗൺസിൽ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

അപകടത്തെത്തുടർന്ന് തക്കസമയം ശക്തമായ ഇടപെടലുകൾ നടത്തിയ ധർമ്മസ്ഥൽ ക്ഷേത്രത്തന്റെ അദ്ധ്യക്ഷൻ ശ്രീ കെ.എസ് ഹെഗ്ഡെ, ബ്രദർ ജിതിൻ പഠിച്ചിരുന്ന എസ്.ഡി.എം കോളേജിലെ

www.malankaralibrary.com

അദ്ധ്യാപകർ, അനദ്ധ്യാപകർ, കുട്ടികൾ, കർണാടകയിലെ വിവിധ രാഷ്ട്രീയ നേതാക്കന്മാർ, അപകടം നടന്ന സ്ഥലത്തെ നാട്ടുകാർ, പോലീസ് ഉദ്യോഗസ്ഥർ, സൗത്ത് കർണാടകയിലെ വിവിധ ഇടവകകളിലെ അംഗങ്ങൾ, വൈദീക സഹോദരങ്ങൾ, വിവിധ സന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സ്, സൗത്ത് കർണാടകയിലുള്ള ബഥനി കോളേജ്, സ്കൂൾ, ഐ.റ്റി.ഐ എന്നിവിടങ്ങളിലെ സ്റ്റാഫ്, വിദ്യാർത്ഥികൾ, പുത്തൂർ ആശുപത്രി ഡോക്ടർമാരും നേഴ്സുമ്മാരും അടങ്ങുന്ന സംഘം, ആംബുലൻസ് സൗകര്യം ഒരുക്കിയവർ  തുടങ്ങി അനേകർ ഒരു വൃക്ഷത്തിലെ ശാഖകൾ പോലെ ചേർന്നുനിന്നതിനാലാണ് അപകട നിമിഷം മുതൽ കബറിടതോളം എല്ലാ കാര്യങ്ങളും ഒരു തടസവും കുടാതെ ക്രമമായും അനുഗ്രഹപ്രദമായും നടന്നത്.

ബന്ധുജനങ്ങളെ കൂടാതെ ബ്രദറിനോട് നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരുന്ന അനേകർ കർണ്ണാടകയിൽ നിന്നും തിരുവനന്തപുരത്തുനിന്നും പഠിച്ചിരുന്ന സ്കൂളുകളിൽ നിന്നും ജനിച്ചു വളർന്ന കുമ്പഴ ദേശത്തു നിന്നും ശുശ്രൂഷകളിൽ പങ്കെടുക്കുവാനും തങ്ങളുടെ പ്രീയപ്പെട്ട ജിതിനെ ഒരു നോക്ക് കാണുവാനുമായി കടന്നുവന്നിരുന്നു. എം. എൽ.എ ശ്രീ പ്രശാന്ത് കടന്നുവന്ന് അനുശോചനം അറിയിച്ചിരുന്നു. വിവിധ രൂപതകളിലെ വികാരി ജനറാൾ അച്ചന്മാരുടെയും സന്യസ്തരുടെയും രൂപതാ വൈദികരുടെയും പ്രാർത്ഥനയോടെയുള്ള സാന്നിധ്യം വേദനയുടെ ഈ നിമിഷങ്ങളിൽ ധൈര്യം നൽകി ആശ്വസിപ്പിച്ചു.

ബ്രദർ ജിതിന്റെ ഭൗതിക ശരീരം അടക്കം ചെയ്തിരിക്കുന്നത് തിരുവനന്തപുരത്ത് നാലാഞ്ചിറ ബഥനി ആശ്രമ ദയറാ സെമിത്തേരിയിലാണ്. പാറശാല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്ത, ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ മെത്രാപ്പോലീത്ത എന്നിവർ ദേവാലയത്തിൽ വച്ചു നടന്ന വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്തയും പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് മെത്രപ്പോലിത്തയും പത്തനംതിട്ട മുൻ രൂപതാദ്ധക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയും അമേരിക്കാ, കാനഡ എന്നീ പ്രദേശങ്ങൾ ഉൾക്കോളുന്ന സെന്റ് മേരീസ് ക്വീൻ ഓഫ് പീസ് രൂപതാദ്ധ്യക്ഷൻ ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്തയും ചേർന്നാണ് ദേവാലയത്തിൽ വച്ചുള്ള ആറാം ശുശ്രൂഷയും  തുടർന്ന് സെമിത്തേരിയിലെ പ്രത്യേക പ്രാർത്ഥനകളും നിർവ്വഹിച്ചത്.  മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കബാവ തിരുമേനിയുടെയും മറ്റ് പിതാ

www.malankaralibrary.com

ക്കന്മാരുടെയും പ്രാർത്ഥനാ സന്ദേശങ്ങൾ ഈ വിഷമ ഘട്ടത്തിൽ ഏറെ ആശ്വാസം നൽകുന്നതായിരുന്നു. എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നു.

അപകടം അറിഞ്ഞ നിമിഷം മുതൽ എല്ലാ ക്രമീകരണങ്ങളിലും നടത്തിപ്പിലും ബഥനി ആശ്രമത്തിന്റെ അദ്ധ്യക്ഷൻ പെരിയ ബഹുമാനപ്പെട്ട ജോസ് കുരുവിള അച്ചൻ കൂടെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട അച്ചൻ കുമ്പഴ വികാരി ആയിരിക്കുന്ന അവസരത്തിൽ ബാലനായ ജിതിൻ അദ്ദേഹത്തിന്റെ അൾത്താര ശുശ്രൂഷകനായിരുന്നു. ജനറൽ കൗൺസിൽ അംഗങ്ങളുടെ കരുതലിനെ നന്ദിയോടെ അനുസ്മരിക്കുന്നു, പ്രാർത്ഥനയോടെ ദുഃഖം ഉള്ളിലൊതുക്കി തളർന്നു പോകാതെ എല്ലാത്തിനും നേതൃത്വം നൽകിയ ബഥനി നവജിവൻ കൗൺസിൽ അംഗങ്ങൾ, നാലാഞ്ചിറ ദയറാ അദ്ധ്യക്ഷനും ആശ്രമാംഗങ്ങളും ബഥനിയുടെ സന്യാസ വൈദീകരും സഹോദരങ്ങളും ഉൾപ്പെടുന്ന ബഥനി കുടുംബത്തിന്റെ സ്നേഹവും കൂട്ടായ്മയും സമർപ്പണ ശുശ്രൂഷയുമാണ് ഈ ദുഃഖ വേളയിൽ കരുത്തു നൽകി ഈ മകനെ യാത്രയാക്കുവാൻ കൃപ നല്കിയത്.

**ഉപസംഹാരം**

പ്രിയ സഹോദരാ, നിന്റെ യാത്രയ്ക്ക് ഇത്ര വേഗം ഉണ്ടാവുമെന്ന് കരുതിയില്ല... യൗവനത്തിലെ ഈ അകാല വിയോഗം ഏറെ മനസുകളെ നൊമ്പരപ്പെടുത്തുന്നു... സഭയെയും സമൂഹത്തെയും ഹൃദയം കൊണ്ട് സ്നേഹിച്ച ഒരു ബഥനി സന്യാസിയുടെ വിയോഗം ഏറെപ്പേരെ തീവ്ര ദുഃഖത്തിലാഴ്ത്തിയത്, അദ്ദേഹത്തിന്റെ പ്രായത്തിന്റെയും ജീവിത സാക്ഷ്യത്തിന്റെയും പ്രത്യേകതകളാലാണ്. ജീവിതം തുടങ്ങിവയ്ക്കും മുൻപ് വിടപറയേണ്ടിവന്ന ജിതിനിലൂടെ നന്മയുടെയും കരുണയുടെയും അനേക നീർച്ചാലുകൾ ഒഴുകുമെന്ന മാനുഷിക ചിന്തകൾക്കാണ് അകാലത്തിൽ കടന്നുവന്ന ഈ വേർപാട് വിരാമമിട്ടത്. വേദനയുടെ ഈ നിമിഷങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുന്ന ദൈവവചനം പ്രതീക്ഷയുടെ പുതുജീവൻ നൽകി നമ്മെ ശക്തിപ്പെടുത്തുന്നു; "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. അവസാന ദിവസം ഞാൻ അവരെ ഉയർപ്പിക്കും" (വി. യോഹന്നാൻ 6:54). മാമോദീസയിലൂടെ സ്വീകരിച്ച വിശ്വാസ വെളിച്ചം തനിക്കു ലഭിച്ച വിളിയുടെ തണലിൽ കെടാതെ സംരക്ഷിച്ച് സാധ്യമാകുന്ന ഇടങ്ങളിലെല്ലാം സാക്ഷ്യം നല്കാൻ പരിശ്രമിച്ച് വിടവാങ്ങിയ പ്രിയപ്പെട്ട ജിതിൻ ബ്രദർ... സമാധാനത്തോടെ പോവുക...

www.malankaralibrary.com

# കൊഴിഞ്ഞുപോയ ഇതൾ...

**ജേക്കബ് വർഗീസ് & മേഴ്സി ജേക്കബ്**
**ജിതിൻ ബ്രദറിന്റെ മാതാപിതാക്കൾ**

1991–ഏപ്രിൽ 29. മാതാപിതാക്കളായ ഞങ്ങളെ ബഹുമാനപ്പെട്ട വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി അച്ചന്റെ തൃക്കൈയ്യാൽ വിവാഹമെന്ന കൂദാശയിലൂടെ ദൈവം യോജിപ്പിച്ചു. ദാമ്പത്യജീവിതത്തിൽ ആദ്യം വിരിഞ്ഞ പൂവാണ് ജിതിൻ ജേക്കബ്. ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി അവൻ ദൈവവിളി സ്വീകരിച്ചു. 1992 മാർച്ച് 1 ആയിരുന്നു അവന്റെ ജനനം. 30 ദിവസങ്ങൾ പിന്നിട്ടപ്പോൾ ബഹുമാനപ്പെട്ട ചാക്കോ തടത്തിൽ അച്ചനിൽനിന്നും മാമോദീസ സ്വീകരിച്ചു.

തിരുവനന്തപുരം വെണ്ണിയൂർ സെന്റ് ജോസഫ്സ് യു.പി.എസ് –ലെ നേഴ്സറി സ്കൂളിൽ മൂന്നാം വയസിൽ പ്രാഥമിക പഠനം ആരംഭിച്ചു. ഡാൻസ് ക്ലാസുകളിൽ തന്റെ വൈദഗ്ധ്യം പ്രകടമാക്കി. എല്ലാവർക്കും അരുമയായ കുഞ്ഞായിരുന്നു അവൻ. കോൺവെന്റിലെ കന്യാസ്ത്രീകൾ അവനെ താലോലിക്കാനും കളിപ്പിക്കാനും ശ്രമിച്ചിരുന്നു. ഒപ്പം പലവിധത്തിലുള്ള രോഗങ്ങളും അവനെ തേടിയെത്തി. 1 മുതൽ 4 വരെ ക്ലാസുകൾ മൈലപ്രാ മൗണ്ട് ബഥനി സ്കൂളിലും 5 മുതൽ 10 വരെ ക്ലാസുകൾ സേക്രഡ്ഹാർട്ട് ഹൈസ്കൂൾ മൈലപ്രായിലും ആയിരുന്നു പഠനം. സൺഡേസ്കൂളിലും പള്ളിയിൽ അൾത്താര ശുശ്രൂഷയിലും താത്പര്യം. താൻ കണ്ടുമുട്ടുന്ന എല്ലാവരേയും ലാളിത്യത്തിലും സ്നേഹത്തിലും ആകൃഷ്ടനാക്കി. രോഗത്തെ പിന്നിലാക്കിക്കൊണ്ട് ജീവിതവിജയത്തെ ലക്ഷ്യംവച്ചു. വീടിനും നാടിനും പ്രിയപ്പെട്ടവനായി.

മുപ്പത്തിമൂന്ന് വയസ്സുള്ള ചെറുപ്പക്കാരൻ ക്രൂശിൽ കിടന്നുകൊണ്ട് എല്ലാം പൂർത്തിയയി എന്നു പറഞ്ഞതുപോലെ ഇരുപത്തി ഏഴാം വയസ്സിൽ തങ്ങളുടെ മകൻ തന്നെ ഏല്പിച്ച ദൗത്യങ്ങൾ പൂർത്തീകരിച്ചു. തികച്ചും വ്യത്യസ്തനായി. ഇതുപോലുള്ള ഓർമ്മക്കുറിപ്പുകളിൽ സാധാരണ മാതാപിതാക്കളുടെ ഓർമ്മ പ്രത്യക്ഷപ്പെടാറില്ല. കാരണം മാതാപിതാക്കൾ നേരത്തെ മരിച്ചുകഴിഞ്ഞിരിക്കും. ഒരു യഥാർത്ഥ

www.malankaralibrary.com

സന്യാസിയായി ജീവിക്കണമെന്നാഗ്രഹിച്ചുകൊണ്ട് 2007 ജൂൺ ആറാം തീയതി ജിതിൻ നാലാഞ്ചിറ ബഥനി ആശ്രമത്തിലേക്ക് പ്രവേശിച്ചു. അന്നുമുതൽ അവന് എല്ലാം ബഥനിയായിരുന്നു. ഒരു ബഥാന്യനായി ജീവിക്കുന്നതിൽ അഭിമാനം കണ്ടെത്തി. ശാരീരിക പീഡകൾ ഉണ്ടായിരുന്നെങ്കിലും സന്യാസത്തിന്റെ യഥാർത്ഥ അനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ചിരുന്നു. നോമ്പ്, വർജ്ജന, ഉപവാസം എന്നിവ ജീവിതത്തിന്റെ ഭാഗമായിരുന്നു. മകന്റെ വളർച്ചയിൽ ഞങ്ങൾ ഏറെ അഭിമാനിച്ചിരുന്നു. എല്ലാവർക്കും എല്ലായ്പ്പോഴും സംലഭ്യനായി ജീവിച്ചു. ജീവിതവ്രതത്രയങ്ങളോടൊപ്പം തന്നെ ആതുരസേവനവും, പക്ഷിമൃഗാദികളും, പൂന്തോട്ടങ്ങളും അവന് പ്രിയപ്പെട്ടവയായിരുന്നു. ചുരുങ്ങിയ കാലമേ ജീവിച്ചിരുന്നുള്ളുവെങ്കിലും അവൻ കാലാധിതനായി. ഒരു പൂവാടുന്നതുപോലെ, ഒരു ദളം കൊഴിയുന്നതുപോലെ, സഭയ്ക്കും സമൂഹത്തിനും സുഗന്ധം പരത്താൻ ഞങ്ങളുടെ ജിതിൻ ഇപ്പോഴും കൂടെയുണ്ട്. ഈ മകനെ ഞങ്ങൾക്കുതന്നെ പൊന്നുതമ്പുരാന് ഒരായിരം നന്ദി അർപ്പിക്കുന്നു.

"ദൈവത്തിന്റെ സ്വപ്നങ്ങളിലേക്ക് പ്രിയ അനുജൻ യാത്രയായി...
ഡോക്ടർ കുപ്പായത്തേക്കാൾ അവന് നന്നായി ചേരുന്നത്
നിത്യതയുടെ വെൺകുപ്പായം ആണെന്ന്
ആ ജീവന്റെ തുന്നൽക്കാരൻ തീരുമാനിച്ചു.
മാലിന്യമേൽക്കാത്ത മാണിക്യമായി പ്രിയ സഹോദരാ,
നിന്നെ കൂട്ടിക്കൊണ്ടുപോയ തമ്പുരാൻ നിന്നെ
ഒത്തിരി ഒത്തിരി സ്നേഹിച്ചിരുന്നു.... സ്വർഗ്ഗത്തിന്റെ പച്ചപ്പിൽ
നീയിനി പൂച്ചെടികൾ നട്ടുപിടിപ്പിക്കുക.. ഈ കാലത്തിനു മീതെ
നിന്റെ വിശുദ്ധിയുടെ പരിമളം പേറുന്ന മധ്യസ്ഥതയുടെ പൂക്കൾ
ഞങ്ങൾക്ക് അനുഗ്രഹമാകട്ടെ..."

www.malankaralibrary.com

# ദീപ്തസ്മരണ...

**ഫാ. ജോൺസൺ പാറയ്ക്കൽ**
**ഇടവക വികാരി, കുമ്പഴ**

സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു: "എന്റെ ജീവനെ നീ എടുത്തുകൊള്ളുക." സ്വന്തം രൂപവും ഛായയുമായ മനുഷ്യൻ ഒരിക്കലും നഷ്ടപ്പെട്ട് പോകാതിരിക്കാനാണ് ദൈവപുത്രൻ ലോകത്തിലേക്ക് വന്നത്. എന്നാൽ ക്രിസ്തുവിന്റെ മാനുഷിക ജീവിത മധ്യത്തിൽ അവൻ ക്രൂശിൽ തറയ്ക്കപ്പെട്ടു. എന്നാൽ ഉത്ഥാനമാണ്. ആത്യന്തിക ലക്ഷ്യം എന്ന് ക്രിസ്തുജീവിതം നമ്മെ പഠിപ്പിച്ചു. പ്രിയ ജിതിൻ ജേക്കബിന്റെ ഓർമ്മ ഒരിക്കലും മായാതെ നിൽക്കുന്ന പ്രദേശമാണ് കുമ്പഴ. താൻ ജനിച്ച് വളർന്ന സ്ഥലം. തന്നെ സ്നേഹിച്ച ഇടവക കൂട്ടായ്മ. ഇടവകയിലെ എല്ലാവർക്കും പ്രിയങ്കരനായ യൗവ്വനക്കാരൻ ദൈവവിളിയിൽ സന്യാസം തെരഞ്ഞെടുത്തപ്പോൾ ഇടവക പറഞ്ഞു, യോഗ്യനായ സന്യാസി, എന്റെ രണ്ടുവർഷത്തെ അനുഭവത്തിൽ ശെമ്മാശൻ, പ്രായത്തിൽ കവിഞ്ഞ പക്വതയും വിശുദ്ധിയും വിജ്ഞാനവും നേടിയ വ്യക്തി. തന്റെ അറിവിന്റെ വാചാലതയേക്കാൾ സന്യാസ മൗനത്തിന്റെ അർത്ഥം ആഴമായി അറിഞ്ഞ വ്യക്തിത്വം. "അച്ചാ, ഇനിയും എന്താണ് ചെയ്യേണ്ടത് എന്ന് അവധിക്ക് വരുമ്പോഴും, വി.കുർബാന കഴിഞ്ഞ് ചോദിക്കുന്ന പ്രിയ ജിതിനെ ഒരിക്കലും മറക്കാൻ കഴിയില്ല. കുമ്പഴ ഇടവകയുടെ സഫലമാകാത്ത വലിയ സ്വപ്നത്തിൽ ഒന്നാണ് പ്രിയ ശെമ്മാശന്റെ പൗരോഹിത്യ സ്വീകരണവും ആദ്യബലിയർപ്പണവും. എന്തായാലും എല്ലാം ദൈവഹിതമെന്ന് വിശ്വസിക്കുകയും ദൈവമനസ്സിന് കീഴ്പ്പെടുകയും ചെയ്യുന്നു. നിത്യതയിൽ വിശുദ്ധനായി ജിതിൻ ശെമ്മാശൻ, കുമ്പഴ ഇടവകയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കട്ടെ.



www.malankaralibrary.com

# സന്യാസസമർപ്പണ തേരിലേറി നിത്യതയിലേക്ക്...

**ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി**

വലിയ നോമ്പ് ആരംഭിക്കുന്നതിനു തൊട്ടുമുമ്പുള്ള രണ്ട് ഞായറാഴ്ചകൾ, മലങ്കര ആരാധനാക്രമത്തിൽ പരേതരായ ആചാര്യന്മാരെയും, വിശ്വാസികളെയും ഓർത്ത് പ്രാർത്ഥിക്കുന്ന ദിവസങ്ങൾ. ആചാര്യന്മാരെ ഓർത്ത് പ്രാർത്ഥിക്കുന്ന കൊഹ്നെ ഞായറാഴ്ചയിലെ വി.കുർബാനയുടെ അവസാനത്തിലാണ് ബ്രദർ ജിതിൻ ജേക്കബിന്റെ ദാരുണമായ വാഹന അപകടത്തെപ്പറ്റിയും, തുടർന്ന് ബ്രദറിന്റെ ദേഹവിയോഗത്തെപ്പറ്റിയും അറിയുവാനിടയായത്. "തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ." അന്നേ ദിവസം വി.കുർബാന മദ്ധ്യേ വായിക്കുകയും ധ്യാനിക്കുകയും ചെയ്ത ഈ സുവിശേഷ ഭാഗം, സന്യാസ പൗരോഹിത്യ വിളിയെപ്പറ്റിയും അതിന്റെ പ്രത്യേകമായ നിയോഗങ്ങളെക്കുറിച്ചുമുള്ള ധാരാളം ചിന്തകൾ മനസ്സിൽ കോറിയിട്ടിരുന്നു. ബ്രദർ ജിതിൻ ജേക്കബിന്റെ വേർപാട്, ഈ സുവിശേഷത്തിന്റെ പശ്ചാത്തലത്തോട് ചേർത്ത് സ്വീകരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബ്രദറിനെ ഏറ്റം അടുത്ത് അറിയാവുന്നതുകൊണ്ടുതന്നെയാകണം, അപകടത്തെപ്പറ്റി കേട്ട മാത്രയിൽ മനസ്സ് വല്ലാതെ ഒന്ന് പിടച്ചു. "ഇത് എന്ത് പറ്റി?" എന്ന ചോദ്യം ഉത്തരത്തിനായി പരതുകയായിരുന്നു. ബഹു.ജനറാൾ അച്ചനെയും, പ്രൊവിൻഷ്യൽ അച്ചനെയും, തോമസ് റെജി അച്ചനെയും, ഗീവർഗീസ് തിരുവാലിൽ അച്ചനെയും വിളിച്ച് മനസ്സുകൊണ്ട് പൊരുത്തപ്പെടാൻ സാധിക്കാതെ പോയ ഈ യാഥാർത്ഥ്യത്തെക്കുറിച്ച് വീണ്ടും അന്വേഷിച്ചു. ഫോണിന്റെ മറുതലയ്ക്കൽ ഓരോരുത്തരുടെയും ഇടറിയ ശബ്ദത്തിന് മുൻപിൽ "പിന്നീട് വിളിക്കാം" എന്ന മറുപടിയിൽ സംഭാഷണം ഒതുക്കി ഫോൺ താഴെ വച്ചു. അപ്പോഴേക്കും Face Book- ഉം, WhatsApp ഉം എല്ലാം ബ്രദറിന്റെ ദേഹവിയോഗത്തെ അറിയിച്ചുകൊണ്ടുള്ള വാർത്തകൾകൊണ്ട് നിറഞ്ഞിരുന്നു. ആശ്രമ ചാപ്പലിൽ പോയി അല്പനേരം പ്രാർത്ഥിച്ച് മനസ്സ് ശാന്തമാക്കുവാൻ പരിശ്രമിച്ചു. പൂനാ സ്കൊളാസ്റ്റിക്കേറ്റ് നിശ്ചലമായ നിമിഷങ്ങൾ. എല്ലായിടത്തും വിതുമ്പുന്ന ഹൃദയങ്ങളുടെ

www.malankaralibrary.com

തേങ്ങലുകൾ മാത്രം. ബ്രദറിന്റെ കൂടെ പഠിച്ചവരും സഹവസിച്ചവരുമെല്ലാം പരസ്പരം കെട്ടിപിടിച്ചും, ആശ്വസിപ്പിച്ചും ഓർമ്മകൾ പങ്കുവച്ചു. പ്രത്യേകിച്ച് ബ്രദർ ജിതിൻ ജേക്കബിന്റെ ബാച്ചുകാർ തന്നെയായ ജിതിൻ ജോർജ്ജും, ഹെൻറിയും, ടോണിയും എല്ലാം വികാരങ്ങളെ നിയന്ത്രിക്കുവാൻ പാടുപെടുന്നത് കണ്ടപ്പോൾ കണ്ടുനിന്നവർക്ക് ആശ്വസിപ്പിക്കാൻ വാക്കുകൾ ഇല്ലാതെയായി.

2007 ജൂൺ മാസത്തിൽ നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ച നാൾമുതൽ ജിതിൻ ജേക്കബിനെ ഏറ്റം അടുത്ത് അനുധാവനം ചെയ്യുന്നതിന് അവസരം ലഭിച്ചു. ആദ്യവർഷങ്ങളിലെ റെക്ടർ ആയും, പിന്നീട് ഫോർമേഷൻ കോർഡിനേറ്റർ ആയും, തുടർന്ന് പ്രൊവിൻഷ്യൽ സുപ്പീരിയർ ആയും ശുശ്രൂഷ നിർവഹിച്ചപ്പോൾ ബ്രദർ ജിതിൻ ജേക്കബ് തന്റെ വ്യതിരക്തവും, സ്വതസിദ്ധവുമായ സന്യാസ സമർപ്പണശൈലികൊണ്ട് അറിയാതെ തന്നെ ഹൃദയത്തിൽ പ്രത്യേകമായ ഒരിടം പിടിച്ചതുകൊണ്ടു കൂടിയാകാം, ബ്രദറിന്റെ അകാലത്തിലുള്ള വിയോഗം ഒരു നൊമ്പരമായി അനുഭവപ്പെടുന്നത്.

സന്യാസജീവിതത്തോടും, സന്യാസജീവിതം ആവശ്യപ്പെടുന്ന ലാളിത്യത്തോടും, മറ്റനേകം മാനുഷിക-ക്രിസ്തീയ മൂല്യങ്ങളോടുമുള്ള ബ്രദറിന്റെ പ്രതിബദ്ധത ആദ്യനാളുകളിൽ തന്നെ വളരെ പ്രകടമായിരുന്നു. ആദ്യനാളുകളിലെ തീക്ഷ്ണതയും, ഉത്സാഹവുമൊക്കെ, കാലം പിന്നിടുമ്പോൾ ആലസ്യത്തിലേക്ക് വഴുതി വീഴാനുള്ള പ്രവണത സാധാരണമാണ്. എന്നാൽ ബ്രദറിനെ സംബന്ധിച്ചിടത്തോളം, ദൈവവചനം ഓർമ്മപ്പെടുത്തുന്നതുപോലെ "നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം കുറഞ്ഞുപോയി" എന്ന് പറയുവാൻ ഇടയാക്കുന്ന യാതൊന്നും തന്നെ ബ്രദറിന്റെ സന്യാസ ജീവിത സമർപ്പണത്തിലും, അതിനോട് ചേർന്നുള്ള ഉത്തരവാദിത്വങ്ങളുടെ പ്രതിബദ്ധതയിലും അവസാന നിമിഷം വരെയും ഉണ്ടായിട്ടില്ലായെന്നുള്ളത് എടുത്ത് പറയേണ്ടതുതന്നെയാണ്. താൻ സ്വമനസ്സാ സ്വീകരിച്ച സന്യാസ ജീവിതത്തിലുണ്ടായിരിക്കേണ്ടുന്ന 'ജീവിതവിശുദ്ധി' ബ്രദറിന്റെ ജീവിതത്തിൽ ഒരു മുദ്രയും അടയാളവുമായി ആലേഖനം ചെയ്യപ്പെടുകയും, ബ്രദറിനെ കണ്ടുമുട്ടിയവർക്കൊക്കെ, അത് അനുഭവ വേദ്യമാകുകയും ചെയ്തു. ജീവിതത്തിൽ മാനുഷികമായ വീഴ്ചകൾ സംഭവിച്ചപ്പോഴും, 'ജീവിതവിശുദ്ധിയിലേക്കാണ്' താൻ വിളിക്കപ്പെട്ടിരിക്കുന്നതെന്നുള്ള ഓർമ്മപ്പെടുത്തൽ ബ്രദറിന്റെ ഭാഗത്തു നിന്നുതന്നെ ഉണ്ടായിക്കൊണ്ടേയിരുന്നു.

www.malankaralibrary.com

ബ്രദറിന്റെ പഠനത്തിലുള്ള കഴിവ്, അദ്ദേഹത്തെ അഹംഭാവത്തിന്റെയോ, അഹങ്കാരത്തിന്റെയോ വഴികളിലേക്ക് നയിച്ചിട്ടില്ല. പഠനത്തിൽ ഉന്നത വിജയങ്ങൾ നേടിയപ്പോഴെല്ലാം, കൂടുതൽ വിനയാന്വിതനാകുന്ന, അവയൊക്കെ ആത്മീയ മൂല്യങ്ങളോട് ചേർത്തു വയ്ക്കുന്ന ബ്രദറിന്റെ പ്രത്യേകത, അദ്ദേഹത്തെ എന്നും വ്യത്യസ്തനാക്കിയിരുന്നു. രോഗങ്ങളും, സഹനങ്ങളുമൊക്കെ മനുഷ്യന്റെ കൂടെപ്പിറപ്പാണല്ലോ. മനുഷ്യൻ ഏറ്റവുമധികം തളർന്നുപോകുന്നതും ഈ നിമിഷങ്ങളിൽ തന്നെയാണ്. ബ്രദറിന്റെ ജീവിതത്തിലും രോഗങ്ങളും, സഹനങ്ങളും ഇടവേളകൾ പോലും നൽകാതെ കടന്നുവന്നപ്പോഴും പരാതികൾ ഇല്ലാതെ, അതിനെയൊക്കെ സ്വീകരിക്കുവാനും, സഹിക്കുവാനും സാധിച്ചത്, ദൈവികപദ്ധതിയോട് അവയൊക്കെ ചേർത്തുവച്ച്, ദൈവകൃപാവരത്തിൽ ജീവിച്ചതുകൊണ്ടുതന്നെയാണ്.

വി.അൽഫോൻസാമ്മയും, വി.ഫ്രാൻസിസ് അസ്സീസിയുമെല്ലാം, ജിതിനെ സംബന്ധിച്ചിടത്തോളം വായിച്ച് തീർത്ത പുസ്തകങ്ങൾ മാത്രമായിരുന്നില്ല. മറിച്ച്, ഈ വിശുദ്ധരുടെ ജീവിതമാതൃകകൾ തന്റെയും സന്യാസ സമർപ്പണജീവിത വഴികളിലെ പ്രചോദനവും, വഴികാട്ടിയുമായി മാറുകയായിരുന്നു. സഹനങ്ങളെ ചോദിച്ച് വാങ്ങിയ വി. അൽഫോൻസാമ്മയെപ്പോലെ ദൈവത്തിൽ നിന്നും ബ്രദറും സഹനങ്ങളെ, ചോദിച്ച് വാങ്ങുകയാണോ എന്ന് പോലും സംശയം ഉണ്ടായിട്ടുണ്ട്. ആശ്രമത്തിൽ നിന്ന് പഴയ ചാക്കുകൾ കണ്ടെടുത്ത് അവ വെട്ടിയെടുത്ത്, ഉടുപ്പുണ്ടാക്കി, അതും ധരിച്ച് ആശ്രമത്തിന്റെ ആവൃതിക്കുള്ളിൽ നടക്കുവാൻ പരിശ്രമിച്ചതും, വി.ഫ്രാൻസിസ് അസ്സീസിയുടെ ജീവിത ലാളിത്യം അത്രമാത്രം ബ്രദറിനെ സ്വാധീനിച്ചു എന്നുള്ളതുകൊണ്ടുതന്നെയാണ്. ഈ കാരണങ്ങൾകൊണ്ടൊക്കെ തന്നെയാണ് ബഥനിയും ബ്രദറിൽ ഏറെ പ്രതീക്ഷ അർപ്പിച്ചതും.

ബാംഗ്ലൂർ ധർമ്മാരാം കോളജിൽ നിന്നും, ഫിലോസഫിയിൽ റാങ്കോടുകൂടി ഉന്നതമായ വിജയം കരസ്ഥമാക്കിയ ബ്രദറിനെ ഏറെ പ്രതീക്ഷകളോടെയാണ് നാച്ചുറോപ്പതിയിൽ ഡോക്ടറേറ്റ് നേടുവാൻ മംഗലാപുരത്തേക്ക് അയയ്ക്കുന്നത്. ബഥനിയുടെ സ്വപ്നവും പ്രതീക്ഷയും ബ്രദർ സ്വമനസ്സാ ഏറ്റെടുക്കുകയും പറഞ്ഞ കാലയളവിൽ തന്നെ പഠനം പൂർത്തിയാക്കുകയും, കോളേജിൽ നിന്നും റാങ്കുവാങ്ങി ബഥനി സമൂഹം തന്നിൽ  അർപ്പിച്ച വിശ്വാസവും പ്രതീക്ഷയും കാത്തുസൂക്ഷിക്കുകയും ചെയ്തു. ഉപരി പഠനാർത്ഥം ബഥനി ആശ്രമത്തിന്റെ ആവൃതിയിൽ നിന്നും മാറി നിൽക്കേണ്ടുന്ന സാഹചര്യം ഉണ്ടായപ്പോഴും, ബഥനിയോടും,

www.malankaralibrary.com

സന്യാസ ജീവിതക്രമങ്ങളോടും ചേർന്നു നില്ക്കുവാൻ ബ്രദർ നടത്തിയ പരിശ്രമങ്ങൾ ശ്ലാഘനീയമായിരുന്നു. അനുദിനമുള്ള വി.കുർബാനയിൽ പങ്കെടുക്കുവാൻ സാധ്യമല്ലാതിരുന്ന സാഹചര്യങ്ങളിലും, കൂടുതൽ ത്യാഗം ഏറ്റെടുത്ത്, അതിന് വേണ്ടുന്ന ക്രമീകരണങ്ങളെല്ലാം സ്വയം കണ്ടെത്തി, പ്രോവിൻസിന്റെ അധികാരികളെ അറിയിച്ചുകൊണ്ട്, ആവശ്യമായ അനുവാദമൊക്കെ വാങ്ങി സുതാര്യതയുടെ പര്യായമായി മാറിയ ബ്രദറിന്റെ ജീവിതം ബഥനി എന്നും അഭിമാനത്തോടെ ഓർക്കും.

കോളജ് ഹോസ്റ്റലിൽ അന്തേവാസിയായി താമസിച്ച് പഠിച്ചപ്പോഴും, ഒരു ഒറ്റമുറി ലോഡ്ജിലേക്ക് താമസം മാറ്റേണ്ടി വന്നപ്പോഴും തന്റെ ആത്മീയ ജീവിതത്തെയും, സന്യാസ ശിക്ഷാക്രമത്തെയും വളർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ബ്രദർ ഏറെ ബദ്ധശ്രദ്ധനായിരുന്നു. അതുകൊണ്ടുതന്നെയാണ് ഒരു കോളേജ് ക്യാമ്പസ് മുഴുവനും ശ്രദ്ധിക്കപ്പെടുന്ന 'സന്യാസ സാക്ഷ്യ'മായി ബ്രദറിന്റെ ജീവിതം മാറിയത്. കോളേജ് ക്യാമ്പസുകളിൽ നിന്നും മക്കളെക്കുറിച്ച് പൊതുവെ ഇന്ന് നമ്മൾ കേൾക്കുന്ന വാർത്തകൾ, മാതാപിതാക്കളെയൊക്കെ അലോസരപ്പെടുത്തുമ്പോൾ, ബ്രദറിനെ കുറിച്ചുള്ള ഓരോ വാർത്തയും ബഥനിക്ക് എപ്പോഴും അഭിമാനം നൽകുന്നവയായിരുന്നു.

ഏല്പിക്കുന്ന കാര്യങ്ങളിലുള്ള ബ്രദറിന്റെ ജാഗരൂകതയും വിശ്വസ്തതയും എല്ലാ കാര്യങ്ങളും ഏറ്റം വിജയപ്രദമായി നടത്തുവാൻ ബ്രദറിനെ സഹായിച്ചു. അപ്രകാരമുള്ള ഒരു പരിശ്രമത്തിലാണ് ബ്രദറിന്റെ ജീവൻ പൊലിയുന്നത് എന്നുള്ളതും യാദൃശ്ചികമാകാനിടയില്ല. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിജിയുടെ 150-ാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് ക്രമീകരിച്ച ഒരു മെഡിക്കൽ ക്യാമ്പിന്റെ നടത്തിപ്പിനും വിജയത്തിനുമായി ഏറെ ത്യാഗങ്ങൾ ഏറ്റെടുത്തുകൊണ്ട് എല്ലാ ഒരുക്കങ്ങളും നടത്തിയെന്ന് ഉറപ്പു വരുത്തി അതിൽ പങ്കെടുക്കുവാൻ തന്റെ ഗുരുനാഥ (professor)യുമൊത്തുള്ള യാത്ര, നിത്യതയിലേക്കുള്ള യാത്രയായി മാറുകയായിരുന്നു. ഇവിടെ മനസ്സുകൾ നൊമ്പരപ്പെടുമ്പോഴും, സന്യാസജീവിതത്തിലുള്ള ബ്രദർ ജിതിന്റെ, പകരം വയ്ക്കാനില്ലാത്ത സമർപ്പണവും, വിശുദ്ധിയും നൊമ്പരപ്പെട്ട മനസ്സുകൾക്ക് അഭിമാനവും സന്തോഷവും നൽകുന്നു. ഒരു വിശുദ്ധനായ സന്യാസ വൈദികനാകാൻ ആഗ്രഹിച്ച ജിതിൻ ബ്രദറിന്, സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്ത് വിശുദ്ധിയുടെ മകുടം ചൂടി ഇരിപ്പാൻ ദൈവം ഭാഗ്യം തരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# Bro. Jithin: Some Unfaded Memories...

**Fr. Mathew Praful OIC**

"Death is not extinguishing the light; it is only putting out the lamp because the dawn has come" Rabindranath Tagore.

These words of Tagoreji are so true when I recall the memories of Bro. Jithin. Death though was cruel to this saintly life, it was unable to extinguish the light of kindness and love which Jithin has left behind in our hearts. I first met Bro. Jithin as a young Sanyasi who had just taken his religious profession and was ready with his bag to travel to Bangalore for philosophical studies. A very silent person by nature who never wanted to hurt anyone. I lived with him in Bangalore for two years and later in Nellyady for the last seven months. Jithin has instilled in me many lessons during our stay together.

His love for nature was exemplary. He loved the birds, insects, fish, tortoise, flowers and whatever one could find in the nature. Nellyady Bethany Ashram heard the sweet chirping of love birds when Jithin brother was around. He was an ardent lover of St. Francis Assissi, a saint who spent time to speak to the sun, the moon, the fish, the birds etc. I have Jithin going and speaking with birds in the morning asking them how their night was and how are they feeling this morning.

His sense of cleanliness and discipline is worth following. When fathers entered his room after the funeral to take an account of things in the room it was so beautifully arranged that the inventory could be taken standing in a single place and looking around. While maintaining personal cleanliness, he also took utmost care to see to it that the ashram and its surrounding also remain clean. The discipline he followed in his personal life was awesome. He was an early to bed and early to raise type of person. Early morning by

www.malankaralibrary.com

5:30 he would reach chapel for prayers and spend half an hour in meditation before the morning prayers.

The excellence that he maintained in his academic life is worth imitating. He was a rank holder in whatever subjects he studied. The principal of SDM college while speaking to me in front of the mortuary told, “We have lost a national leader who had the capability to move the society and the nation at large.” In my life I have never heard of a principal telling about a student with such respect and reverence. The number of students who were weeping when the mortal remains of Bro. Jithin was brought to ashram tells us one fact that they had lost something or someone who was very close to their hearts.

Memories of Bro. Jithin can never fade from our hearts as long it beats. But Jithin’s life and his death teaches us a very beautiful lesson, ‘Be fully alive while you live and shed your light into others life so that when death knocks at your door unexpectedly you can tell …Lord everything is accomplished, here I hand over to you my Spirit’

The day I joined Bethany Ashram, I saw a tall, young, vibrant looking person who was ever cheerful, Bro,Jithin Jacob. Well, this short note about him is not enough as the relation with as much beyond the words. Though, he left for the heavenly abode it is very difficult to accept this sorrowful reality. Bro Jithin was a person, who was ever approachable and zealous to his religious life. The moment we had with him during the first year are really unforgettable. His ardent attitude to religious life truly inspired us. He will be always remembered in our hearts. May his soul rest in peace.

Bro Martin Mathew OIC

www.malankaralibrary.com

# The Perfect Student!
# Brother Dr. Jithin Jacob OIC...

Ms. Anjali Krishna,
SDMCNYS.

A man who lived up to his beliefs!

I am Anjali Krishna from Thrissur, Kerala. I completed my schooling in Chinmaya Vidyalaya, Kolazhy and joined SDM College of Naturopathy and Yogic Sciences in the year 2014 as Brother Jithin's classmate.

On the very first day of my college life, I remember climbing the steps of SDMCNYS alongside someone who resembled my family. In the coming days, I noticed him more. His specialty was that he always had an irreplaceable innocent smile on his face.

A friend of mine introduced me to him and that friendship hasn't left me even now. He always had a special place with everyone around- as a friend, brother, mentor, teacher, fatherly figure, classmate, etc, etc.. To me, he was all of these. And when we lost him, I lost all!

It was during the time of 1st -year internal exams that we started studying together, and he was THE BEST study mate who taught me from the basics. All credits for making me who I'm today go to him. He not only taught me Anatomy, Physiology, etc. but also taught me respect, trust, compassion, friendship, faith. The list goes on and on. Even though he doesn't teach me anymore, his words are there always resonating within me.

His dedication towards Naturopathy, Class, College programs and events amazed me. He had the willpower and determination to coordinate all students and maintain the best discipline throughout.

www.malankaralibrary.com

Every week he gathered students for "Jesus Youth" and prayed for everyone around us. His "Eco-club" initiative was proudly looked after by juniors and they still miss him and is carrying on his work forward.

Throughout his life in Ujire, he was always busy working for others; he would take up everything and complete it successfully. Amidst all this, he even completed his exams with rank from the university. That's something he only could do- The perfect student! The perfect naturopath! Even just before he left, he managed to do his best for including Naturopathy and Yoga in the NCISM bill. His perfection and commitment will always be missed by everyone who knew him!

Everyone was special to him. And he always placed everyone's needs and happiness before him. That was his quality! Always the best of the lot!

When I got an opportunity to write about him, my first thought was whether I can- there's so much history, there's so much emotion, there's so much respect. Will I be able to put all of these into words? No. I cannot. Because Brother was much more than words could describe! This is just a drop in the ocean!

Thank you, brother, for gifting me uncountable memories. It will always be treasured! Sometimes I ask myself, who was he? Was he God? Was he an angel? And one day I realized, he was EVERYTHING! He did not go away. He is the wind blowing around us. He is the rain. He is the sunlight. He is the quiet circle of birds in flight. He is the star that shines through the night. He is the wave that lashes on the shore. He is a MIRACLE!! He is still with us. Taking care of us, protecting us, praying for us, making life easier and happier for us! Our own "Guardian Angel"!

www.malankaralibrary.com

# OUR BROTHER....

**Ms. Jyosna**
Asst. Professor
SDMCNYS, Ujire*

I joined the microbiology department of SDM College of Naturopathy and yogic sciences, in the year 2016. Brother Jithin Jacob, popularly known as Brother in our college was in the second year of BNYS. I was appointed as their class teacher. After my first class, he came to talk to me. As I studied in a convent school, I was excited to see a priest in my class. He too expressed his happiness for me joining in his college. He shared his experience about the place, narrated about the college history, his class, classmates and a lot about his Ashram. I could get the feeling that he was very ambitious as a student and very much attached to everything related to him. His dedication to the naturopathy system was just amazing. In his class, he was their big brother who was concerned about everyone though some of them couldn't realize it well. For him our principal, Dr. Prashant Shetty was Godfather. Before going he just reminded me that I can call him anytime for any kind of help as I was new to the place. That was just the beginning. He was always there for all of us, just a call away.

Brother completed his second year and was one of the toppers in class. But he never stopped being in touch with me after the exam. Though I was not teaching him he used to meet me often and every time he comes to talk, I knew- it will be some concern over someone else. It used to be ill health of a student or any other matter, which I need to give attention to as a staff. Any event or a

---

*Ms. Jyosna Thayyil teaches Microbiology in SDM College of Naturopathy And Yogic Science. She was Bro. Jithin Jacob's teacher.

www.malankaralibrary.com

program was not complete without his active participation. He was a great leader with lots of ideas, straight forward, innocent, frank and kind. He was not only popular in college among students, with us -staff and our family members too. His maturity and dedication made us feel that he was one among our staff. The job given to him was considered as done well. We knew he will be an asset to naturopathy as well, in the future.

As expected he completed his exams with rank from the university. We were proud as his teachers and were sure about his work later as a doctor.

I cannot forget how active he was during college functions, helping me in making an alumni book for our college, arranging trips, organizing camps. He had a passion for everything he did. He had started a small vegetable garden with the saplings he got from Kerala. Together with juniors, he maintained the Eco-club in our college.

His concern for everyone was so much that we all will miss his presence every day. His way of greeting us, with a smile and his humble nature was something special. He was very emotional and sensitive. On February 9th our college was organizing a naturopathy mega camp in Mangalore. As usual, he was enthusiastic about the camp and in the early morning, as usual, he wished me and asked about our principal's birthday. I replied to him but that message remains unseen.

He was literally our brother. On his memory, our principal planted a Neem tree in his vegetable garden. We lost someone who kept all of us in his prayer all the time. We lost one of our best students; it's not only a loss for us or college but naturopathy system as a whole. He would have taken this upcoming system to great heights. His loving memories will remain with us. He will always remain in our prayers as "our BROTHER".

www.malankaralibrary.com

# പകരം വയ്ക്കാനാവാത്ത ഒരു യുവസന്യാസി....

**ഫാ.ഫിലിപ്പ് നേരി ഒ.ഐ.സി.**

ഫെബ്രുവരി 9 ഞായർ എന്റെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ഒരു ദിവസമായിരുന്നു. അന്നാണല്ലോ ബ്രദർ ജേക്കബ് മംഗലാപുരത്തിനടുത്ത് ഉപ്പനങ്ങാടിക്കും നെല്ലിയാടിക്കും മധ്യേയുള്ള സ്ഥലത്തുവച്ചു കാറപകടത്തിൽ അതിദാരുണമായി മരണപ്പെട്ടത്. ബ്രദറിനോടൊപ്പം ഉണ്ടായിരുന്ന എന്റെ സുഹൃത്തും ജിതിന്റെ അധ്യാപികയുമായ ഡോ.ജെനിയും ഈ ലോകത്തോടു വിട പറഞ്ഞു. ഈ സത്യം അംഗീകരിക്കാൻ ഏറെ സമയമെടുത്തു. ഞായറാഴ്ച രാവിലെ പരിശുദ്ധ കുർബാനയ്ക്കുശേഷം കാപ്പി കുടിച്ചു ഞാൻ മുറിയിലെത്തുമ്പോൾ ഏതാണ്ട് 15 മിസ്ഡ് കോളുകൾ മൊബൈലിൽ വന്നതായി ബോധ്യപ്പെട്ടു. ഒരെണ്ണം തിരിച്ചുവിളിച്ചപ്പോൾ മനസ്സിലായി എല്ലാം ജിതിൻ ജേക്കബിന്റെ മരണവാർത്ത അറിയിച്ചുകൊണ്ടുള്ള സന്ദേശമാണെന്ന്. എന്നാൽ ഈ വാർത്ത ഒരിക്കലും വിശ്വസിക്കാൻ സാധിച്ചില്ല. എന്തു ചെയ്യണമെന്നറിയാതെ ഞാൻ സ്തംബ്ധനായി. പെട്ടെന്ന് ദേവാലയത്തിലേക്കു പോയി കരഞ്ഞു പ്രർത്ഥിച്ചു. “ദൈവമേ, ശക്തിപ്പെടുത്തണമേയെന്ന്” ജിതിന്റെ മാതാപിതാക്കളെയും സഹോദര ങ്ങളെയും ഓർത്ത് പ്രാർത്ഥിച്ചു. അതുപോലെ ഡോ.ജെനിയുടേയും കുടുംബത്തെ ഓർത്തു പ്രാർത്ഥിച്ചു. ദൈവഹിതമാണെന്നു ബോധ്യ പ്പെടുത്തി ദൈവം എനിക്കു ശക്തി നൽകി. കുറേ സമയത്തിനുശേഷം മുറിയിൽ വന്നു ഫോൺ കോളുകൾക്കെല്ലാം മറുപടിയും അറിയാവുന്ന വിവരങ്ങളും നൽകി. പല സ്ഥലങ്ങളിൽ നിന്നു പിന്നീടുവന്ന പല കോളുകൾക്കും മറുപടി നൽകാൻ ഞാൻ ശക്തനായിരുന്നില്ല. ഡോ. സോണിയാ, ഡോ. വസുന്ധര, ഡോ.സി.തങ്കമ്മ, ഡോ. അമൃത തുടങ്ങി എന്റെയും ജിതിന്റെയും സുഹൃത്തുക്കൾ അനുശോചനം അറിയിക്കാൻ വിളിച്ചിരുന്നു. ഞായർ, തിങ്കൾ ദിനങ്ങൾ വേദന നിറഞ്ഞതായിരുന്നു.

ഒത്തിരി കാര്യങ്ങൾ തന്റെ ജീവിതത്തിലൂടെ പകർന്നു നൽകി യാണ് ജിതിൻ യാത്രയായിരിക്കുന്നത്.

www.malankaralibrary.com

1. **വളരെയടുക്കും ചിട്ടയുമുള്ള ഒരു ജീവിതത്തിന്റെ ഉടമ:** അനുദിന ജീവിതത്തിലും പ്രാർത്ഥനയിലും അതീവനിഷ്ഠ താൽപര്യത്തോടെ ജിതിൻ പുലർത്തിയിരുന്നു.

2. **അധികാരികളോടുള്ള വിധേയത്വം പുണ്യമായി കരുതിയ വ്യക്തി:** അവരുടെ ആഗ്രഹങ്ങളെ ഒരു വിപരീത ചിന്തയില്ലാതെ തന്നെ പ്പറ്റിയുള്ള ദൈവഹിതമാണെന്നു മനസ്സിലാക്കി നിവർത്തിയാക്കാൻ സാധിച്ച വലിയ ഉദാഹരണമാണ്.

3. **ഉറ്റസ്നേഹിതനായ വ്യക്തി:** തന്റെ സമയവും സാഹചര്യവും തന്റെ മാത്രം ആവശ്യങ്ങൾക്കായി മാറ്റിവെക്കാതെ സ്വാർത്ഥതയില്ലാതെ നല്ല മനസ്സോടെ തനിക്കു ദാനമായി ലഭിച്ചിരിക്കുന്ന താലന്തുകളെ ദാനമായി മറ്റുള്ളവർക്കു വിഭജിച്ചു നൽകാൻ ജിതിനു മടിയില്ലായിരുന്നു. ഞാനും ജിതിനുമായുള്ള ഊഷ്മളമായ വ്യക്തിബന്ധവും എന്റെ സുഹൃത്തുക്കളായ അധ്യാപകരും ഡോക്ടേഴ്സും ഇതു സാക്ഷ്യപ്പെടു ത്തുന്നുണ്ട്. നിരന്തരം ഫോണിൽ ബന്ധപ്പെട്ട് തന്റെ ഹൃദ്യത ജിതിൻ എല്ലാവരുമായി പുതുക്കിയിരുന്നു.

4. **സമർത്ഥനായ വിദ്യാർത്ഥി:** പഠനകാര്യങ്ങളിലും എഴുത്തിലും വായനയിലും അതീവ സമർത്ഥനായിരുന്നു. ജിതിന്റെ പരീക്ഷാഫലം അതിന് ഉത്തമ തെളിവാണ്.

5. **ഏൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ ഉള്ള വിശ്വസ്തത:** തന്നെ ഏല്പിക്കപ്പെട്ട കാര്യങ്ങൾ ബുദ്ധിമുട്ടുള്ളതാണെങ്കിലും സമയോചിത മായി ഏറ്റവും ഉചിതമായ രീതിയിൽ ചെയ്യാൻ ജിതിനു പ്രത്യേക ചാതു ര്യവും കഴിവും ശ്രദ്ധയും ഉണ്ടായിരുന്നു. 2020 ജനുവരി മാസത്തിൽ തിരുവനന്തപുരം ഗാന്ധിഭവനിൽ നടത്തപ്പെട്ട ***നേരറിവ് 2020*** എന്ന പരിപാടിക്കു ജിതിൻ തയ്യാറാക്കിയ പ്രബന്ധം അതിന് ഉത്തമ ഉദാഹരണമാണ്.

നാലര വർഷത്തെ അതിവിദഗ്ദ്ധമായ പഠനത്തിനുശേഷം ഇന്റേൺഷിപ്പ് നാലാഞ്ചിറ ചെയ്യാൻ ജിതിനു താല്പര്യമായിരുന്നു. അതിന് അനുവാദം നൽകാൻ അച്ചൻ, പ്രിൻസിപ്പലുമായി ചർച്ച ചെയ്യണം എന്നു ജിതിൻ ആവശ്യപ്പെട്ടിരുന്നു. ആവശ്യപ്പെട്ടതനുസരിച്ച് മുഴുവനായി അല്ലെങ്കിലും ജിതിന്റെ ആഗ്രഹപ്രകാരം ഒരു മാസത്തേക്ക് ഇന്റേൺഷിപ്പ് ചെയ്യാൻ സ്റ്റാഫ് കൗൺസിലിൽ അനുവാദം നൽകി.

www.malankaralibrary.com

അതിൻപ്രകാരം സെപ്റ്റംബർ മാസത്തിൽ എന്നോടൊപ്പം ഇന്റേൺ ഷിപ്പു ചെയ്യാൻ ജിതിൻ നാലാഞ്ചിറയിൽ ഉണ്ടായിരുന്നു. അത് ഓർമ്മ യിൽ എന്നും സൂക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ജിതിന്റെ വേർപാട് ബഥനി സമൂഹത്തിനും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും സുഹൃത്തുക്കൾക്കും ഒരു മുഖം മൂടിയില്ലാത്ത മാതൃകയുടെ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. ബഥനി പ്രകൃതി ചികിത്സാ പ്രസ്ഥാനത്തെ സംബന്ധിച്ച് ഒരു കുറവുതന്നെയാണ് ജിതിന്റെ അഭാവം.

ദൈവസന്നിധിയിൽ ബഥനിക്കും കുടുംബത്തിനും ഒരു യുവ മാധ്യസ്ഥൻ ഉണ്ടായിരിക്കുന്നുവെന്നതിൽ നമുക്കു പ്രത്യാശയർപ്പിക്കാം. ബഥനി പ്രകൃതി ചികിത്സാ പ്രസ്ഥാനത്തെ സ്വർഗ്ഗത്തിലിരുന്നു തന്റെ മദ്ധ്യസ്ഥതയാൽ നിത്യം അഭിവൃദ്ധയിലേക്ക് കൂടുതൽ ഉയർച്ചയിലേക്കു നയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. ദൈവം ജിതിന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെ.

“ഒരു പുഞ്ചിരിമാത്രം എപ്പോഴും സമ്മാനിക്കുന്ന മുഖം.... പ്രോത്സാഹനം മാത്രം സമ്മാനിച്ചിരുന്ന വാക്കുകൾ.... ബഹു.ജിതിൻ ജേക്കബ് ശെമ്മാശൻ തന്റെ ജീവിതത്തിലൂടെ ഏവരേയും ആകർഷി ച്ചിരുന്ന വ്യക്തിത്വമായിരുന്നു. ഉപരിപഠനത്തിന്റെ അവസരത്തിലെ, അവധി ദിനങ്ങളിൽ പലപ്പോഴും ആശ്രമത്തിന്റെ അന്തരീക്ഷത്തിൽ തന്നെ അദ്ദേഹം ചിലവഴിക്കാറുണ്ടായിരുന്നു. വിശുദ്ധരുടെ ജീവിത ത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വിശുദ്ധിയുടെ പടവുകളി ലേക്ക് നടന്നടുക്കുവാൻ അദ്ദേഹം കഠിനമായി പരിശ്രമിച്ചിരുന്നു. അകാലത്തിൽ സ്വർഗ്ഗത്തിലേക്ക് വിളിച്ച് ചേർക്കപ്പെട്ടപ്പോൾ ഭൂമിയിൽ നിന്നകന്നു പോയത് ഒരു വിശുദ്ധ ജീവിതമാണ്. ആ വിശുദ്ധ ജീവി തത്തിനുമുന്നിൽ അർപ്പിക്കുവാൻ കണ്ണുനീർ പൂക്കൾ മാത്രം ഇന്ന് ബാക്ക്. പ്രിയപ്പെട്ട സഹോദരാ, നാഥനു മുന്നിൽ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ...”

**ബ്രദർ ബിബിൻ ഡേവിഡ് ഒ.ഐ.സി.**

www.malankaralibrary.com

# പ്രകൃതി - മനുഷ്യ സ്നേഹിയായ സന്യാസി...

ഫാ. വർഗീസ് കൈപ്പനടുക്ക ഒ.ഐ.സി.

"കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വാസമുറപ്പിക്കും? നിഷ്കളങ്കനായി ജീവിക്കുകയും നീതി മാത്രം പ്രവർത്തിക്കുകയും ഹൃദയം തുറന്ന് സത്യം മാത്രം പറയുകയും ചെയ്യുന്നവൻ" (സങ്കീ 15:1,2).

ജീവിച്ചിരുന്ന കാലത്ത് ഒരുപാട് അവിസ്മരണീയമായ ഓർമ്മകൾ അവശേഷിപ്പിച്ച് നമ്മുടെ ജിതിൻ ശെമ്മാശൻ കർത്താവിന്റെ കൂടാരത്തിൽ, അവിടുത്തെ വിശുദ്ധ ഗിരിയിൽ വാസമുറപ്പിക്കാനായി യാത്രയായിരിക്കുന്നു. നിഷ്കളങ്കതയുടെയും ഹൃദയ നൈർമ്മല്യതയുടെയും ധന്യമായ ചില നന്മകൾ സമ്മാനിച്ച ജിതിൻ ശെമ്മാശന്റെ ആത്മാവ് ആ രക്ഷകനോട് നിത്യമായി ചേർക്കപ്പെട്ടു.

### 1. ലാളിത്യം ജീവിതത്തിൽ അന്വർത്ഥമാക്കിയ വ്യക്തിത്വം

ജിതിൻ ശെമ്മാശന്റെ ജീവിതക്രമം വളരെ ലളിതമായിരുന്നു. സഹജീവികളോടുള്ള ഇടപെടലിൽ, സംഭാഷണത്തിൽ, ഭക്ഷണത്തിൽ, വസ്ത്രധാരണത്തിൽ ഈ ഒരു ലാളിത്യം കാണുവാൻ സാധിക്കും. ജിതിൻ ബ്രദർ തന്റെ തൗനാ വളരെ ശുചിത്വത്തോടെയാണ് സൂക്ഷിച്ചിരുന്നത്. ചിട്ടയായ ഒരു ജീവിതശൈലി ജീവിതത്തിന്റെ ഭാഗമാക്കാൻ അദ്ദേഹത്തിന് സാധിച്ചു.

തന്റെ പഠനകാലത്ത് ഉജിരെയിൽ അഞ്ച് വർഷക്കാലം ഒരു വീട്ടിൽ ഒരു ഇടുങ്ങിയ മുറിയിൽ അദ്ദേഹം ജീവിച്ചത് ഈ ലാളിത്യത്തിന്റെ ഉദാഹരണമാണ്. പ്രൊവിൻഷ്യൽ അച്ചൻ നല്ലൊരു മുറി കണ്ടെത്തി താമസിക്കുവാൻ അനുവാദം കൊടുത്തെങ്കിലും ഈയൊരു ലളിത ജീവിതശൈലി അദ്ദേഹം തുടർന്നു.

### പ്രാർത്ഥനയുടെ ജീവിതം

ദൈവവുമായി മനുഷ്യനെ അടുപ്പിക്കുന്ന ഘടകമാണ് പ്രാർത്ഥന. ഒരു സന്യാസിയുടെ ജീവിതത്തിൽ പ്രാർത്ഥന എന്നത് ഒഴിച്ചുകൂടാൻ

www.malankaralibrary.com

സാധിക്കാത്ത ഒരു ഘടകമാണ്. ഇത് പൂർണ്ണമായി മനസിലാക്കിയ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു ജിതിൻ ശെമ്മാശൻ. തന്റെ ഹൗസ് സർജൻസിയുടെ സമയം നെല്ലിയാടി ബഥനി ആശ്രമത്തിലാണ് അദ്ദേഹം താമസിച്ചത്. ഈ കാലയലവിൽ ഹോസ്പിറ്റലിൽ അദ്ദേഹത്തിന് തിരക്കേറിയ ജോലിയായിരുന്നുവെങ്കിലും ദൈനംദിന പ്രാർത്ഥനയ്ക്ക് മുടക്കം കൂടാതെ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ദൈനംദിന പ്രാർത്ഥനയോടൊപ്പം തന്നെ വ്യക്തിപരമായ പ്രാർത്ഥനയ്ക്കും, ജപമാല പ്രാർത്ഥനയ്ക്കും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. അവസാന കാലയളവിലെ രണ്ടു മാസക്കാലം അദ്ദേഹം മോറിയ ധ്യാനകേന്ദ്രത്തിൽ സ്ഥിരമായി പോവുകയും കുമ്പസാരിച്ച് കുർബാന സ്വീകരിക്കുകയും ആദ്യവെള്ളിയാഴ്ചകളിൽ അവിടെ സമയം പ്രാർത്ഥനയിൽ ചിലവഴിക്കുകയും ചെയ്തിരുന്നു.

ബഥനി ആശ്രമത്തിലെ വൈദികർ നടത്തുന്ന പള്ളികളിൽ അദ്ദേഹം ശുശ്രൂഷയ്ക്കായി കടന്നു വരികയും വി.കുർബ്ബാനയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുക്കുകയും പ്രാർത്ഥന ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു. ഇടവകകളിൽ തന്റെ സ്വതസിദ്ധമായ ഇടപെടലുകളിലൂടെ സൗഹൃദം സ്ഥാപിക്കാനുള്ള അദ്ദേഹത്തിന് കഴിവ് വലുതായിരുന്നു.

### പ്രകൃതിസ്നേഹി - മനുഷ്യസ്നേഹി

പ്രകൃതി സംരക്ഷണം മനുഷ്യന്റെ കടമയാണ്. മാനവികതയുടെ മുഴുവൻ ജീവിത പിന്തുണാ സംവിധാനവും എല്ലാ പാരിസ്ഥിതിക ഘടകങ്ങളേയും ക്ഷേമത്തേയും ആശ്രയിച്ചിരിക്കുന്നു. പ്രകൃതിയെ ജീവനുതുല്യം സ്നേഹിച്ച വ്യക്തിത്വമായിരുന്നു ജിതിൻ ബ്രദർ. തന്റെ ഹോസ്പിറ്റലിലെ തിരക്കിനുശേഷം ആശ്രമത്തിലെത്തിയാലുടൻ അദ്ദേഹം ഗാർഡനിംഗ്, പക്ഷി വളർത്തൽ, മീൻ വളർത്തൽ എന്നിങ്ങനെയുള്ള ജോലികൾക്കായി ഹോസ്റ്റലിലെ കുട്ടികളെയും കൂട്ടി സമയം കണ്ടെത്തി. പ്ലാസ്റ്റിക് നിരോധനത്തെപ്പറ്റിയും അതിന്റെ ബോധവൽക്കരണം കുട്ടികൾക്ക് കൊടുക്കുന്നതിനെപ്പറ്റിയുമൊക്കെ പലപ്പോഴും ഞങ്ങളോട് സംവദിക്കുകയും അത് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ജിതിൻ ബ്രദർ. തന്റെ മുറിയിൽ തനിക്കായിത്തന്നെ ഒരു അക്വേറിയം അദ്ദേഹം സൂക്ഷി

www.malankaralibrary.com

ച്ചിരുന്നു. ഭൂമിയും പ്രകൃതിയും നമ്മുടെ അമ്മയാണ്. പ്രകൃതിയാണ് നമ്മെ സംരക്ഷിക്കുന്നത് എന്ന് തിരിച്ചറിഞ്ഞ ജിതിൻ ബ്രദർ സ്വന്തം അമ്മയെ സ്നേഹിക്കുകന്നതുപോലെ പ്രകൃതി സ്നേഹിച്ചു.

## Academic Achievements

പ്രകൃതിയേയും മനുഷ്യനേയും ഇഷ്ടപ്പെട്ടതുപോലെ തന്നെ തന്റെ പഠനവിഷയത്തോടും അദ്ദേഹത്തിന് താല്പര്യമുണ്ടായിരുന്നു. ആയതിനാൽ തന്നെയാണ് അദ്ദേഹത്തിന് Naturopathy & Yoga എന്ന കോഴ്സ് മികച്ച നിലവാരത്തോടെ (ആറാം റാങ്ക്) പൂർത്തിയാക്കാൻ സാധിച്ചത്. ഈ വിഷയങ്ങളിൽ ആഴമായി പഠിക്കുന്നതിനും സംവാദ ങ്ങളിൽ ഏർപ്പെടുന്നതിനും അദ്ദേഹം ശ്രമിച്ചു. പ്രമേഹത്തിനായി പുതിയതായി അദ്ദേഹം പ്രകൃതിയിൽ നിന്നുതന്നെ കണ്ടെത്തിയ മരുന്ന് ഹോസ്പിറ്റലിൽ പരീക്ഷിക്കുകയും അതിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തത് ഇപ്പോഴും ഓർക്കുന്നു.

മെഡിക്കൽ ക്യാംപുകൾ പല സ്ഥാപനങ്ങളിൽ സംഘടിപ്പിക്കു വാൻ അദ്ദേഹം മുൻകൈ എടുക്കുകയും അതിന് നേതൃത്വം നല്കു കയും ചെയ്തിരുന്നു. മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിന ത്തോടനുബന്ധിച്ച് മംഗലാപുരത്ത് Sahyadri Engineering കോളേ ജിൽവച്ച് വളരെ വിപുലമായ മെഡിക്കൽ ക്യാംപ് നടത്തുന്നതിന് നേതൃത്വം നൽകിയ ബഹു.ബ്രദർ ജിതിനാണ്. ഈ മെഡിക്കൽ ക്യാംപിനുവേണ്ടി പോകുന്ന യാത്രാവേളയിലാണ് അദ്ദേഹം മരണപ്പെട്ടത്.

യോഗ എന്നത് നാച്ചുറോപ്പതിയുടെ ഭാഗമാക്കാൻ വേണ്ടി പാർലെമെന്റിൽ ബിൽ പാസാക്കുവാൻ അദ്ദേഹം മന്ത്രിമാരേയും എം.പി.മാരേയും നിരന്തരമായി വിളിക്കുകയും പ്രചരണം നടത്തുകയും അതിന് നേതൃത്വം നൽകുകയും ചെയ്തു. ജിതിൻ ബ്രദറിന്റെ പ്രിൻസിപ്പൽ ഇപ്രകാരം പറയുകയുണ്ടായി “നമുക്കൊരു നാഷണൽ ലീഡറിനെത്തന്നെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ജിതിൻ ബ്രദറിന്റെ കോളജിൽ പെരി.ബഹു.മാത്യു തിരുവാലിൽ അച്ചനുമായി സന്ദർശനത്തിന് പോയ വേളയിൽ അവിടെയുള്ള എല്ലാ അദ്ധ്യാപകരും പ്രിൻസിപ്പലും ഏകസ്വരത്തിൽ ജിതിൻ ബ്രദറിന്റെ പ്രത്യേകതകളേയും

www.malankaralibrary.com

കോളേജിലെ പ്രവർത്തനങ്ങളിലുള്ള ഉൾച്ചേരലിനെയും ആത്മാർത്ഥത യേയും പറ്റി വളരെ പ്രശംസനീയമാം വിധമാണ് പങ്കുവച്ചത്.

പുത്തൂർ രൂപതയിലെ എം.സി.വൈ.എം., എം.സി.സി.എൽ എന്നീ സംഘടനകളിൽ Quiz competition നടത്തിപ്പിനായി ബ്രദർ ജിതിനെയാണ് ക്ഷണിച്ചിരുന്നത്. അത് വളരെ Scientific and Systematic ആയി നടത്തുവാനുള്ള പരിശ്രമത്തിൽ അദ്ദേഹം പൂർണ്ണവിജയം വരിച്ചു.

പ്രിയ അനുജൻ കാണിച്ചുതന്ന സന്യാസ ജീവിതത്തിന്റെ ലളിത മായ വഴി പുതു തലമുറയ്ക്ക് എന്നും പ്രചോദനമേകുന്നു. ജീവിച്ചു തീർത്ത കുറച്ചുനാളുകൾ ദീപ്തമാക്കി നിത്യസൗഭാഗ്യത്തിലേക്ക് കടന്നു പോകുമ്പോൾ ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ചാണ് ജിതിൻ ബ്രദർ യാത്രയായത്. നിഷ്കളങ്കനായി, പ്രകൃതിയുടെ സംരക്ഷകനായി, മനുഷ്യസ്നേഹിയായി, പ്രാർത്ഥനയുടെ കവചമായി, സാഹോദര്യ ത്തിന്റെ ആൾരൂപമായി അനേക ഹൃദയങ്ങളിൽ ഒളിമങ്ങാത്ത ശോഭയോടെ തെളിഞ്ഞുനിൽക്കുന്ന ഓർമ്മകൾക്കുമുന്നിൽ കൂപ്പുകൈ യോടെ പ്രണാമം.



“Heartfelt Condolences and our prayers dear Brother Jithin. May your soul rest in eternal abode with God. We, Bethanians pay our homage to your loving memory. You will be remembered in our prayers and Holy Mass.”

www.malankaralibrary.com

# മരിക്കില്ല ഒരിക്കലും മനസുകളിൽ...

**സി. ഡോ. സുദീപ എസ്.ഐ.സി.**

"ഇവിടുത്തെ കാര്യങ്ങൾ ഓർത്ത് സിസ്റ്റർ ടെൻഷൻ അടിക്കണ്ട. അതെല്ലാം ഞാൻ ശരിയാക്കി തരാം. അവിടുത്തെ കാര്യങ്ങൾ എല്ലാം ക്രമീകരിച്ചു കൊള്ളുക" ജിതിനിൽ നിന്ന് കേട്ട അവസാന വാക്കുകൾ.

താങ്ങാനാവാത്ത ഒരു ആഘാതമായാണ് ജിതിന്റെ മരണവാർത്ത സ്വകരീക്കാനായത്. എന്താണ് സംഭവിക്കുന്നെന്ന് തിരിച്ചറിയാനാവാതെ തരിച്ചു നിന്നുപോയ നിമിഷങ്ങൾ. ഏറെ പാടുപെട്ടാണ് വാർത്തയുടെ നിജസ്ഥിതി ഉൾക്കൊള്ളാനായത്. കേട്ടത് സത്യമാകരുതേ എന്ന് മനസുരുകി പ്രാർത്ഥിച്ചു. എങ്കിലും ദൈവഹിതാനുസരണം അതിനെ സ്വീകരിക്കാനായി.

എങ്ങനെയെന്നറിയില്ല ഈ കൊച്ചു സഹോദരൻ ഞങ്ങൾക്കൊക്കെ ഏറെ പ്രിയങ്കരനായിരുന്നു. പഠനകാലത്തെ വിരളമായ അവധികാലങ്ങൾ ബഥനി നേച്ച്യുർക്യുർ ആശുപത്രിയിൽ ഒരുപാടു നല്ല അനുഭവങ്ങൾ ഞങ്ങൾക്ക് പങ്കുവച്ചുതന്നു. ഒരുപാടു പ്രതീക്ഷകൾ നൽകി ആർക്കും പിടി തരാതെ കടന്നുപോയി. സ്നേഹമുള്ള സഹോദരാ.... നിന്റെ മരിക്കാത്ത ഓർമ്മകൾക്കു മുന്നിൽ ഈ സഹോദരി നമ്രശിരസ്കയാകുന്നു.

ശുശ്രൂഷാമേഖലയിലെ പൊരുത്തപ്പെടൽ കൊണ്ടാവാം ജിതിൻ എനിക്ക് ഏറെ സ്വാധീനശക്തിയായത്. ഒരുപാടുനാളുകൾ ഒന്നിച്ചു ശുശ്രൂഷകൾ ചെയ്തിട്ടില്ല എങ്കിലും ഒരുപാടു സ്വപ്നങ്ങൾ ഞങ്ങൾ പങ്കുവച്ചിരുന്നു. പ്രകൃതി എന്നും ഹരമായിരുന്ന ഈ കുഞ്ഞു സഹോദരൻ പ്രകൃതി ചികിത്സാ മേഖലയുടെ ഒരു നിറസാന്നിധ്യവും വാഗ്ദാനവും ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരുപാടുകാര്യങ്ങൾ ഞങ്ങൾ പങ്കുവച്ചിട്ടുണ്ട്. അവധിക്കാലങ്ങൾ, ക്യാമ്പുകൾ, ഓണാഘോഷങ്ങൾ എല്ലാം ജിതിന്റെ സാന്നിധ്യത്തിൽ ഒരു പ്രത്യേകതയായിരുന്നു. ഭാവിയിൽ ബഥനി നേച്ച്യുർക്യുറിൽ ഒരുമിച്ചു ചെയ്യാൻ ഒരുപാടു കാര്യങ്ങൾ - ആശയങ്ങൾ, കർമ്മപദ്ധതികൾ എല്ലാം...

www.malankaralibrary.com

സന്യാസ ജീവിതത്തിന്റെ നിഷ്ഠാക്രമങ്ങളും വ്യത്യസ്തമായ പഠനരീതികളും ഒന്നിച്ചു കൊണ്ടുപോകാൻ ഏറെ വൈഷമ്യം നിറഞ്ഞ ഒരു കലാലയ അന്തരീക്ഷമായിരുന്നു ജിതിന്റേത് എങ്കിലും ഒന്നിനും ഒരു കോട്ടവും തട്ടാതെ സമൂഹം ഏൽപ്പിച്ച ഉത്തരവാദിത്വം നൂറുശതമാനം വിശ്വസ്തതയിലും ആത്മാർത്ഥതയിലും ഏറെ ത്യാഗത്തോടെ, സന്യാസസമർപ്പണത്തോടെ അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കാൻ ജിതിനു സാധിച്ചു എന്നത് ചാരിതാർത്ഥ്യം നൽകുന്നു. ആയിരുന്ന ഇടങ്ങളിലെല്ലാം ഏവർക്കും ഒരു സ്വാധീന ശക്തിയായിരുന്നു ജിതിൻ. SDM കോളേജിന്റെ ചരിത്രത്തിൽ, എഴുതിചേർത്ത പേരായിരുന്ന ബ്രദർ ഡോ.ജിതിൻ ജേക്കബ്. ഇടപെടുന്നവർക്കെല്ലാം സന്യാസത്തിന്റെ ആത്മീയതയും, സൗഹൃദത്തിന്റെ ഭാവാത്മകതയും അവൻ നൽകി. ഗുരുക്കന്മാരുടെ പ്രിയങ്കരനും, പരിചയപ്പെടുന്നവർക്കെല്ലാം സ്വാധീനശക്തിയായും മാറിയ ജിതിൻ – തന്റെ പൂന്തോട്ടത്തിലെ ഏറെ പ്രിയപ്പെട്ട പനിനീർ പൂവിനെ നല്ല ദൈവം തന്റെ യാഗവേദി അലങ്കരിക്കാൻ ഇറുത്തെടുത്തതിൽ ഞങ്ങൾക്ക് അതിശയമോ, പരിഭവമോ, പരാതിയോ ഇല്ല. ഒരായുസ്സുകൊണ്ട് ചെയ്തുതീർക്കേണ്ടവ പലതും ഈ ചുരുങ്ങിയ ജീവിതംകൊണ്ട് ചെയ്തു തീർത്ത ഞങ്ങളുടെ സ്വന്തം സഹോദരൻ...

ജിതിൻ... നീ ഞങ്ങളുടെ അഭിമാനമാണ്...

കലാലയത്തിലെ അക്രൈസ്തവ ചുറ്റുപാടിൽ നീ ബഥനി കുടുംബത്തിന്റെ സാക്ഷ്യത്തിന്റെ അനുഭവം.

നാച്യുറോപതി കുടുംബത്തിന്റെ കർമ്മസാക്ഷി...

സഹപ്രവർത്തകർക്ക് നല്ല വഴികാട്ടി...

ജൂനിയേഴ്സിന് നല്ല ഒരു ജ്യേഷ്ഠസഹോദരൻ...

സന്യാസ സഹോദരി സഹോദരങ്ങൾക്ക് നല്ല മാതൃക...

ആശ്രമ പിതാക്കന്മാരുടെ അഭിമാനം...

ആശ്രമാദ്ധ്യക്ഷന്മാരുടെ ആശ്വാസഭാജനം

എന്റെ പ്രിയ സഹോദരാ.... ജിതിൻ... നിന്നെപ്പോലെ നീ മാത്രം... നീ കാട്ടിത്തന്ന ജീവിതത്തിന്റെ ചലനാത്മക രീതികൾ – സ്വാധീനശക്തി ഞങ്ങൾക്കെന്നും പ്രചോദനമായി നിലകൊള്ളും.

www.malankaralibrary.com

2012-ൽ BNYS പഠനം കഴിഞ്ഞ് ബഥനി നേച്ചർക്യുർ കുടുംബത്തിലെ അംഗമാകുമ്പോൾ ഞാനൊന്നേ ആഗ്രഹിച്ചിരുന്നുള്ളൂ. കൂടെ നിൽക്കാൻ ഫിലിപ്പ് നേരി അച്ചൻ ഉണ്ടെങ്കിലും അച്ചന്റെ കരങ്ങൾക്ക് കുറെകൂടി ശക്തി പകരാൻ ഒരു സഹസന്യാസിയോ, സന്യാസിനിയോ കൂടി വന്നിരുന്നെങ്കിൽ. അങ്ങനെയിരിക്കെയാണ് 2015-ൽ ബ്രദർ ജിതിൻ ജേക്കബ് നാച്ചുറോപ്പതി പഠിക്കാൻ, ഞാൻ പഠിച്ച കലാലയത്തിലേക്ക് പോകുന്നു എന്ന് അറിഞ്ഞത്. അന്ന് ഏറെ സന്തോഷിച്ചതും ഞാനായിരുന്നു. അക്രൈസ്തവ സാഹചര്യത്തിലുള്ള ആ കലാലയത്തിൽ ഒരു സിസ്റ്ററിനോ, അച്ചനോ നേരിടാവുന്ന എല്ലാ ത്യാഗങ്ങളും പ്രതിസന്ധികളും എന്നിൽ നിന്ന് ചോദിച്ചറിഞ്ഞു. അനുഭവങ്ങൾ പങ്കുവച്ചു. ഏറെ പ്രാർത്ഥനയോടെയാണ് ജിതിനെ പഠിക്കാനയച്ചത്. തുടർന്ന് ജിതിന്റെ വളർച്ചയുടെ, വിജയത്തിന്റെ, നന്മയുടെ ഓരോ പടികളിലും പ്രാർത്ഥനയും ബലം നൽകി കൂടെ നിൽക്കാൻ സാധിച്ചു എന്നതിൽ ഏറെ അഭിമാനം. ഓരോ വർഷത്തേയും പരീക്ഷകൾക്കും മുമ്പും, പിമ്പും പരീക്ഷാഫലം ലഭിക്കു മ്പോഴും ഒക്കെ അഭിമാനത്തോടെയാണ് ജിതിനെ നോക്കിക്കാണാൻ സാധിച്ചത്. ആരോഗ്യകരമായ പ്രശ്നങ്ങൾ, പഠന സമയത്തെ ബുദ്ധിമുട്ടുകൾ, ഹോസ്റ്റൽ ജീവിതാനുഭവങ്ങൾ എല്ലാറ്റിലും പ്രാർത്ഥന യോടെ ഒരു ജ്യേഷ്ഠസഹോദരിയായി കൂടെ നിന്ന് ശക്തിപ്പെടുത്താൻ സാധിച്ചിരുന്നു. വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴും ജിതിനിലെ ശുഭാപ്തിവിശ്വാസം, ദൈവാശ്രയം, കഠിനാധ്വാനം, സന്യാസവൈദികജീവിതത്തോടുള്ള മതിപ്പും സ്നേഹവും ആത്മധൈര്യവും എന്നെ ഏറെ സ്വാധാനിച്ചിട്ടുണ്ട്. ഞാനും പഠിച്ചിറങ്ങിയ കലാലയം അതുകൊണ്ടുതന്നെ ജിതിന്റെ കോളേജ് സാഹചര്യങ്ങൾ ഏറെക്കുറെ മനസിലാക്കാനും തിരിച്ചറിയാനും എനിക്കും കഴിഞ്ഞിരുന്നു.

പഠനം പൂർത്തിയാക്ക ജിതിന്റെ തിരിച്ചുവരവും ഒരു വൈദിക സഹോദരനായി, ഒന്നിച്ചു ശുശ്രൂഷ ചെയ്യുന്നതും, മാനസികവും ശാരീരികവും ആത്മീയവുമായ മേഖലയിൽ വേദനയിലായിരിക്കുന്ന മക്കൾക്ക് ഒരേ മനസോടെ നന്മ ചെയ്യുന്നതും സൗഖ്യത്തിന്റെ വലിയ ശുശ്രൂഷ ചെയ്യുന്നതും ഒക്കെ ബഥനി ആശ്രമസ്ഥരോടൊപ്പം ഞാനും ഏറെ സ്വപ്നം കണ്ടിരുന്നു. ആശ്വസിച്ചിരുന്നു.

www.malankaralibrary.com

മരിക്കുന്നതിന് രണ്ടാഴ്ചമുമ്പ് മുതൽ മിക്കവാറും എല്ലാ ദിവസവും ജിതിനെ കേൾക്കാൻ ഇടയായി. ഉപരിപഠനത്തിന്റെ അഡ്മിഷനുമായി ബന്ധപ്പെട്ട് ജിതിനെ വിളിക്കുമ്പോഴെല്ലാം ഏറെ സന്തോഷത്തോടെ അക്കാര്യങ്ങൾ ക്രമീകരിച്ചുതരാനും പ്രചോദനവും പ്രോത്സാഹനവും നൽകി എന്നോട് സംസാരിക്കാനും ജിതിനുണ്ടായിരുന്നു. Convocation-നുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ഉന്നത വിജയം കരസ്ഥമാക്കാൻ സാധിച്ച സന്തോഷം എല്ലാം ഏറെ ഹൃദ്യമായി ജിതിൻ പങ്കുവച്ചിരുന്നു. മരണത്തിന് മുമ്പുള്ള ദിവസവും ആ സ്വരം എന്നെ ഏറെ ധൈര്യപ്പെടു ത്തിയിരുന്നു. അവനിൽ നിന്നു കേട്ട ആ അവസാനവാക്കുകൾ ഇന്നും കാതിൽ ശക്തിയായി മുഴങ്ങുന്നു.

പ്രിയ സഹോദരാ, മനസ്സിന്റെ കോണിൽ മായാത്ത നൊമ്പരമായി നീ നിൽക്കുമ്പോഴും ഇന്ന് ഞങ്ങൾക്ക് നഷ്ടബോധമില്ല. കാരണം സ്വർഗ്ഗം ഭരമേല്പിച്ചവ ദൈവം ആഗ്രഹിച്ച പ്രകാരം അവിടുന്നനുവദിച്ച സമയംകൊണ്ട് നീ ചെയ്തുതീർത്തു. ഒരു പൂർണ്ണ സന്യാസ സമർപ്പണം നീ ജീവിച്ചു. നിന്നെ ആ പൂർണ്ണതയിൽ തമ്പുരാന് തിരിച്ചു നൽകാനായി എന്നത് ഒരു നോട്ടമായി ഞാൻ തിരിച്ചറിയുന്നു. നീ ബാക്കിവച്ചുപോയ കർമ്മങ്ങൾ-പൂർത്തിയാക്കാനായി നീ നൽകിയിട്ടുപോയ സ്വപ്നങ്ങൾ പ്രകൃതിയോട് ചേർന്നു നിന്ന് ദൈവഹിതപ്രകാരം ലോകത്തിൽ പൂർത്തിയാക്കാൻ സ്വർഗ്ഗത്തിലിരുന്ന് നീ പ്രാർത്ഥിക്കും എന്നറിയാം. ഇനി നീ എന്നും എപ്പോഴും മാർഗ്ഗദർശിയായി കൂടെയുണ്ടാകുമെന്നും....



**"ജിതിന്റെ മാതാവും പിതാവും സഹോദരങ്ങളും സഹിക്കുന്ന വേദന എത്ര തീവ്രവും കഠിനവും, ഊഹിക്കാവുന്നതിനപ്പുറവും ആകുന്നു എന്ന് ഓർത്ത് ഞാനും ആത്മാവിൽ നെടുവീർപ്പിടുകയും ഹൃദയംകൊണ്ട് നോവുകയും ചെയ്യുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആശ്വാസം നൽകുന്നത് കർത്താവാകുന്നുവല്ലോ."**

www.malankaralibrary.com

# ഒരു യാത്രാമൊഴി...

**ഫാ. മനു വർഗീസ് പുത്തൻവീട്ടിൽ ഒ.ഐ.സി.**

വിരുന്നു വന്നു  പോം  ജന്മനാളുകൾ
ശിഷ്ട  ദൂരം നഷ്ടമായതോതാവേ
ജനിയിൽ നിന്നും മൃതിയിലേത്തുമി
മൗഢ്യയാത്രയോ ജീവിതം

കവി സി എസ് രാജേഷിന്റെ വരികൾ. അകാലത്തിൽ മരണമടഞ്ഞ പ്രിയ കൂട്ടുകാരന്റെ വേർപാടിൽ മനം നൊന്തിരിക്കുന്ന അമ്മയുടെ ആത്മഗതം കവിതാരൂപേണ അവതരിപ്പിചപ്പോൾ ജീവിതത്തിന്റെ നൈമിഷികത ഒരുവേള ധ്യാനമാകുന്നു. ഇനിയും ആരെ കാത്തിരിക്കാനാണ്? പ്രതീക്ഷകൾ എല്ലാം മങ്ങിപ്പോയിരിക്കുന്നു. സമൂഹത്തിന്റ ചരിത്രത്തിൽ മാഞ്ഞുപോകാത്ത ഒരു കണ്ണീർത്തുള്ളിയായി ബ്രദറിന്റെ ഓർമ്മകൾ. പ്രിയ സഹോദര കണ്ണിന്റെ ദൃഷ്ടിയിൽ നിന്ന് നിന്റെ മുഖം മാഞ്ഞു പോകുന്നതേ ഇല്ല.  നിന്റെ നിഷ്കളങ്കമായ സ്നേഹം ഞങ്ങളെ പിടിച്ചു നിർത്തിക്കളഞ്ഞു. ആ മുഖം മനസ്സിൽ നിന്ന് മായാത്തതിന്റെ ഒരു കാരണം ആ ചിരിയായിരുന്നു.

ദൈവമേ! ഒരു ചെറുപ്പക്കാരന്റെ പുഞ്ചിരി അത്രമാത്രം മനോഹരമായിരുന്നുവന്ന് അദ്ദേഹത്തെ അറിയാവുന്നവർക്കു പോലും ഇപ്പോഴായിരിക്കും മനസിലാവുന്നത്. വെറും ചെറുപ്പക്കാരന്റെയല്ല ജനസഹസ്രങ്ങളെ ഇന്നും പ്രചോദിപ്പിക്കുന്ന ആ നസറേത്തുകാരൻ തന്റെ കുരിശു വഹിക്കുന്നവർക്ക് സമ്മാനിക്കുന്ന എന്തൊ വശ്യത ആ പുഞ്ചിരിയിൽ ഉണ്ട്. തുരുമ്പും കീടങ്ങളും അപഹരിച്ച് നശിപ്പിക്കാൻ കഴിയാത്ത എന്തോ സമ്പാദ്യത്തെ കണ്ടെത്തിയ ചാരുത അതിൽ നിഴലിക്കുന്നു. നാലാഞ്ചിറ ദയറായിൽ (മേക്കോണം) +2 പഠിക്കുന്ന കാലം മുതൽ, ആലുവ തപോവനത്തിന്റെ ശാലീനതയിലും, പിന്നെ അങ്ങോട്ട് ബാംഗ്ളൂർ ധർമ്മാരാമിലും ഒരുമിച്ച് യാത്ര ചെയ്തപ്പോഴും അത് മനസിലാക്കുന്നതിനും, തുടർ പരിശീലനത്തിന്റെ അവസരങ്ങളിൽ അടുത്തിരുന്ന് ആസ്വദിക്കുന്നതിനും സാധിച്ചത് ഭാഗ്യം തന്നെയാണ്. ആരെയും ആകർഷിക്കുന്ന സ്വഭാവം. ഒരു നിസ്വനെപ്പോലെ ഒന്നും പക്കലില്ലാതെ ധാരാളിയായി ജീവിച്ചവൻ. സ്നേഹം മാത്രം കൈമുതലാക്കി ജീവിക്കുവാൻ പരിശീലിച്ചതിന്റെ ഗുണഗണങ്ങൾ ആ

www.malankaralibrary.com

കൊച്ചു ജീവിതത്തിൽ നിഴലിച്ചിരുന്നു. സ്നേഹത്തിന്റെ ധാരാളിത്വത്തിൽ സ്നേഹം എല്ലാവർക്കും വാരിക്കോരിക്കൊടുത്തതിന്റെ സംതൃപ്തി ആ ജീവിതയാത്രയ്ക്ക് ധന്യത കൂട്ടി. അടുത്തിടപെട്ടവർക്കു മാത്രമല്ല, അദ്ദേഹത്തെ കേട്ടറിഞ്ഞവരെക്കൂടി തന്നോട് ചേർത്തു നിർത്തുന്നതിൽ അദ്ദേഹം വിജയിച്ചു. അവിടെ ഒക്കെ ആരോഗ്യപരമായ സൗഹൃദത്തിന്റെ നനുത്ത നൂലുകൊണ്ട് വരിഞ്ഞു കെട്ടി എല്ലാവരെയും.

ബഹുമാനപ്പെട്ട ജിതിൻ ബ്രദറിന്റെ അപ്രതീക്ഷിത വിയോഗത്തിൽ സഭയും സമൂഹവും മാത്രമല്ല ഓരോ ബഥാന്യനും കണ്ണീർ പൊഴിക്കുകയാണ്. വിവിധ മേഖലകളിൽ സജീവ നേതൃത്വമായിരുന്നു അദ്ദേഹം. നികത്താനാകാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ സംഭവിച്ചരിക്കുന്നതെന്ന് എല്ലാവരും അനുസ്മരിക്കുന്നു. മനുഷ്യന്റെ മരണം ക്രിസ്തുവിനാൽ രൂപാന്തരീകൃതമായി എന്ന സത്യം വീണ്ടും നാം തിരിച്ചറിയുന്ന അനുഭവം. ദൈവപുത്രനായ യേശു തന്നെയും മാനുഷികാവസ്ഥയുടെ ഭാഗമായ മരണം സഹിച്ചു. അവിടുന്ന് മരണത്തെ നേരിട്ടപ്പോൾ കഠിന വേദന അനുഭവിച്ചെങ്കിലും, തന്റെ പിതാവിന്റെ ഹിതത്തോടു പൂർണ്ണവും സ്വതന്ത്രവുമായ വിധേയത്വം പ്രകടമാക്കിക്കൊണ്ട് അവിടുന്ന് അതു സ്വീകരിച്ചു. യേശുവിന്റെ അനുസരണം മരണത്തിന്റെ ശാപത്തെ ഒരു അനുഗ്രഹമായി രൂപാന്തരപ്പെടുത്തി. എന്നാൽ ക്രിസ്തുവിന്റെ കൃപാ വരത്തിൽ മരിക്കുന്നവർക്കു മരണം കർത്താവിന്റെ മരണത്തിലുള്ള ഭാഗഭാഗിത്വമാണ്. അതിനാൽ അവർക്ക് അവിടുത്തെ ഉത്ഥാനത്തിലും പങ്കുചേരാൻ സാധിക്കും. സന്യാസജീവിത ക്രമങ്ങളിലൂടെ ജീവിതത്തെ ക്രമീകരിച്ച ഈ സഹോദരന്റെ ജീവിത മാതൃക ഉത്ഥാനത്തിലും അദ്ദേഹത്തിന്റെ മുഖം പ്രസന്നത ഉള്ളതാക്കിത്തീക്കുന്നതിൽ ആർക്കും സംശയിക്കേണ്ടതില്ല.

“എന്തെന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നത് ക്രിസ്തുവാകുന്നു. മരിക്കുക എന്നതു ലാഭവുമാകുന്നു” (ഫിലി 1:21). “നാം അവനോടു കൂടെ മരിച്ചെങ്കിൽ നാം അവനോടു കൂടെ ജീവിക്കും” (2 തിമോ 2:11) എന്ന വചനം മഹത്തായ ക്രൈസ്തവ സൗഭാഗ്യത്തെ വെളിപ്പെടുത്തുന്നു. ഈ സൗഭാഗ്യത്തിലേക്കാണ് തീർച്ചയായും പ്രീയപ്പെട്ട ഈ സഹോദരൻ കടന്നു പോയിരിക്കുന്നത്. സദാ നേരവും ഒരു തേനീച്ച സമാനം പ്രയത്നിച്ചതിന്റെ സ്ഫുരണങ്ങൾ അ കൊച്ചു ജീവിതത്തിൽ കാലം ഒളിപ്പിച്ചു വച്ചു. താൻ രൂപപ്പെടുത്തിയ

www.malankaralibrary.com

ആത്മീയതയുടെ നിമിഷങ്ങളിൽ അവ വ്യക്തമായിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്നവർക്ക് കൃത്യമായി അറിയാൻ സാധിക്കും. ഈ വിചിന്തനം അദ്ദേഹത്തിന്റെ ജീവിതത്തിൽ തികച്ചും അന്വർത്ഥമാണ്. കർത്താവിന്റെ മഹത്വപൂർണമായ രണ്ടാമത്തെ വരവിൽ വീണ്ടെടുക്കപ്പെട്ട സംഘങ്ങ ളോടൊപ്പം വാന മേഘങ്ങളിൽ അവിടുന്ന് എഴുന്നെള്ളുമ്പോൾ അങ്ങയെ കാണാം എന്ന പ്രത്യാശയിൽ സഹോദരാ നിനക്ക് ആത്മശാന്തി നേരുന്നു. വീണ്ടും കാണാം എന്ന പ്രത്യാശയിൽ ...



''സന്യാസജീവിതത്തിന്റെ ബാല്യകാലങ്ങളിൽ ഏറെ മാതൃകാപരമായ ജീവിതം കാട്ടിതന്ന ഉത്തമ സന്യാസ സഹോദരൻ. ഏറെ സന്തോഷവും സ്നേഹവും ഓരോ ചെറുകാര്യങ്ങളിലും പ്രകടമാക്കിയ വ്യക്തി. മറ്റുള്ളവരുടെ ദുഃഖങ്ങൾ മനസ്സിലാക്കി അവരോടൊപ്പം ചേർന്നുനിൽക്കാൻ ശെമ്മാശന് നല്ലൊരു മനസ്സുണ്ടായിരുന്നു. രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥനാപൂർവ്വം പള്ളിയിൽ ആയിരുന്ന ശെമ്മാശൻ, ഒരു അർത്ഥി എന്ന നിലയിൽ എന്നും എനിക്കൊരു മാതൃകയായിരുന്നു. എല്ലാ വർഷവും അവധിക്കായി നാട്ടിൽ വരുമ്പോൾ, ശെമ്മാശൻ നൽകിയ മറക്കാനാവാത്ത അനുഭവങ്ങളും, നിറഞ്ഞ പുഞ്ചിരിയും. ഒരു ഓർമ്മയായി മനസ്സിൽ തട്ടുമ്പോൾ, ഇനിയൊരു കൂടിവരവിനായി പ്രിയ ശെമ്മാശൻ ഇല്ലല്ലോ എന്ന വസ്തുതയും നൊമ്പരങ്ങൾക്ക് ആഴം കൂട്ടുന്നു. "ജീവിക്കുന്ന ഓർമ്മകൾ സമ്മാനിച്ച പ്രിയ ശെമ്മാശാ, സ്വർഗ്ഗത്തിൽ അങ്ങ് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ..."

ബ്രദർ ജോൺ ബിബിൻദാസ് ഒ.ഐ.സി.

www.malankaralibrary.com

# ബ്രദർ ജിതിൻ ജേക്കബ് ഒ.ഐ.സി
# ബഥനിയിൽ വളർന്ന വിശുദ്ധിയുടെ ചെറുചെടി

**ഫാ. സാജൻ തോമസ് ഒ.ഐ.സി.**

യുദ്ധത്തിലും ക്ഷാമത്തിലും പെട്ട്, തന്റെ പ്രിയപ്പെട്ടവരുടെ ഉയിർ, ഉയിരിന്റെ നാഥനിലേക്ക് പോയപ്പോൾ, അചഞ്ചലമായ വിശ്വാസത്തിന്റെ തപ്പും തംബുരുവും മീട്ടി സങ്കീർത്തകൻ ഇപ്രകാരം പാടി: "തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്" (സങ്കീ 116:15). തന്റെ എല്ലാ പ്രിയപ്പെട്ടവരുടെയും പരിചിതരുടെയും വിശിഷ്യ എല്ലാ ബഥാന്യരുടെയും ഹൃദയവും മിഴികളും നനച്ചുകൊണ്ട് അപ്രതീക്ഷിതമായി പ്രിയപ്പെട്ട ജിതിൻ ജേക്കബ് ഉടയവന്റെ അടുക്കലേക്ക് മടങ്ങിപ്പോയിരിക്കുന്ന ഈ അവസരത്തിൽ ഉറച്ച വിശ്വാസത്തോടും വേദനയോടും കൂടി പറയട്ടെ 'ഈ മരണം കർത്താവിന് പ്രിയപ്പെട്ടതാണ്. കാരണം, അവൻ ദൈവതിരുമുമ്പാകെയും മനുഷ്യരുടെ ഇടയിലും വിശുദ്ധിയിൽ വളരാൻ പരിശ്രമിച്ചവനും ആഗ്രഹിച്ചവനുമാണ്.

എന്റെ പാത പിന്തുടരുവാൻ ആഗ്രഹിക്കുന്നവൻ ''സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24) എന്ന ഗുരുമൊഴിയുടെ പൊരുൾ, യൗവനത്തിൽ തന്നെ തിരിച്ചറിഞ്ഞ്, വിശുദ്ധിക്ക് വേണ്ടി ദാഹിച്ച ഒരു യുവസന്യാസിയെ ജിതിനിൽ കാണുവാൻ അവനെ കണ്ടുമുട്ടിയവർക്കൊക്കെ കഴിഞ്ഞിട്ടുണ്ട്. ജീവിതവിശുദ്ധിക്ക് വേണ്ടിയുള്ള ഈ ദാഹം അവന്റെ സംസാര ഭാഷയിലും ശരീരഭാഷയിലും ഏറെ പ്രകടമായിരുന്നു. ശൈലിയിലും സമീപനത്തിലും ശാന്തതയെ പ്രണയിച്ചവൻ. ലളിതജീവിതവും സൗമ്യമായ ഇടപെടലും ജിതിന്റെ ജീവിതത്തിന്റെ അനന്യതയും ആകർഷണവും ആയിരുന്നു.

കാലഘട്ടത്തിന്റെ പ്രലോഭനങ്ങൾ, ജീവിതസാഹചര്യങ്ങളെ ഒരു Comfortable Zone ആക്കിയെടുക്കുവാൻ മാടിവിളിക്കുന്ന സന്ദർഭങ്ങളിൽ, ത്യജിക്കലിന്റെ വേദനയെ, വേദത്തിന്റെ പരിശുദ്ധിയിൽ മനസ്സിലാക്കി, അതിനോട് ചങ്ങാത്തം കൂടുവാൻ ജിതിൻ പരിശ്രമിച്ചിരുന്നു. തനിക്ക് ജന്മം നൽകിയ അനുഗ്രഹീതരായ മാതാപിതാക്കളുടെ, ജീവിത വിശുദ്ധിയും വിശ്വാസവും തൊട്ടറിഞ്ഞും അനുഭവിച്ചും വളർന്നുവന്ന

www.malankaralibrary.com

ജിതിൻ, ബഥാന്യൻ സന്യാസ ജീവിതശൈലിയിലൂടെ തന്റെ കുടുംബത്തിന്റെ വിശുദ്ധിയെ ശക്തിപ്പെടുത്തുവാനും ശ്രദ്ധ കാണിച്ചിരുന്നു.

സന്യാസജീവിതത്തിൽ മാതൃകകളുടെ അഭാവത്തെ പറ്റിയുള്ള പരിഭവങ്ങൾ അകത്തും പുറത്തും ഒരുപോല സാധാരണമാകുന്ന അവസരത്തിലും, മാതൃകകളെ തന്റെ ചുറ്റും അന്വേഷിക്കാതെ, തനിക്കുചുറ്റും സ്വയം മാതൃകയാകാൻ തന്റേതായ എളിയ പരിശ്രമങ്ങൾ ജിതിൻ നടത്തിയിരുന്നു. ഇതിന്റെയൊക്കെ സൂചന, വ്യക്തമായ ദർശനത്തോടെ സ്യാസജീവിതശൈലിയിലേക്ക് കടന്നുവന്ന ഒരു യുവാവായിരുന്നു പ്രിയപ്പെട്ട ജിതിൻ, എന്നതാണ്. ദൈവത്തിനുവേണ്ടി ദൈവം വിളിച്ച ദൈവീക വിശുദ്ധിയുടെ ഇളംകാറ്റ്!

സത്ത (quality) യേക്കാളെറെ അളവിനെ (quantity)പിന്തുടരുന്ന കാലഘട്ടത്തിന്റെ സമ്മർദ്ദത്തിൽ കുടുങ്ങി പോകാതെ, സത്താപരമായി സന്യാസം തെരഞ്ഞെടുക്കുകയും അത് ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്ത ജിതിന്റെ ജീവിതത്തെ, ക്രിസ്തു പരിചയപ്പെടുത്തിയ ദൈവരാജ്യത്തിന്റെ സൂചനയും സാദ്ധ്യതയുമായ “കടുകുമണിയോട്” (മർക്കോസ് 4:21) ചേർത്ത് കാണുവാൻ ആഗ്രഹിക്കുന്നു. വിളിച്ചവൻ തന്റെ ഹൃദയവയലിൽ കുഴിച്ചിട്ട കടുകുമണിയായ ദൈവവിളിയെ, ബഥനിയുടെ തോട്ടത്തിൽ ലഭ്യമായ ലാളിത്യത്തിന്റെയും പ്രാർത്ഥനയുടേതുമായ വളവും വെള്ളവും നൽകി വളർത്തി. സ്വാഭാവിക വളർച്ചയിലൂടെ ആത്മീയ തണൽ നൽകുന്ന നന്മയുടെ വന്മരമായി വളരേണ്ടിയിരുന്ന ജിതിൻ, നന്മയുടെ ചെറുചെടി ആയപ്പോഴേക്കും ആകസ്മകിമായും ദൈവീകമായും വെട്ടപ്പെട്ടു. ആത്മീയ നന്മകളുടെ വന്മരമായി പരിണാമം സംഭവിച്ചിരുന്നുവെങ്കിൽ, അത് ബഥനിയിലൂടെ ദൈവജനത്തിനും പൊതുസമൂഹത്തിനും ഒരു വലിയ തണൽ ആകുമായിരുന്നു എന്നതിൽ സംശയമില്ല. കാരണം, നന്മയുടെ ഈ കടുകുമണി മുളച്ച് ചെടിയായി, മരം ആകാൻ പരിശ്രമിക്കുമ്പോഴെല്ലാം അതിന്റെ ചായ്‌വ് നന്മകളുടെ വലതുവശം ചേർന്നുകൊണ്ടായിരുന്നു.

നന്മയുടെ ഈ ചെറുചെടിയെ അതിന്റെ സത്തയും സാധ്യതകളും മനസ്സിലാക്കി മുൻകൂട്ടി നിന്റെ നിത്യതയുടെ തോട്ടത്തിലേക്ക് ചേർത്ത ജീവന്റെ ഉടയവനെ അങ്ങയോട് എനിക്ക് അല്പം നീരസവും അസൂയയും ഉണ്ട്; കാരണമെന്തെന്നോ? നന്മയുടെ ഈ ചെറു ചെടി വളർന്നു മരമായി പൂത്തുലഞ്ഞ് മണവും തണലുമായി മാറുന്നത്

www.malankaralibrary.com

കാണാൻ എന്നിലെ സ്വാർത്ഥത ആഗ്രഹിച്ചുപോയി! എങ്കിലും ഞാൻ തിരിച്ചറിയുന്നു, "…..അങ്ങയുടെ യാതൊരു ഉദ്ദേശവും പദ്ധതികളും തടയാനാകില്ല" (ജോബ് 12:12).

സന്യാസ സമർപ്പണജീവിതം സ്വാർത്ഥതയുടെ ഈജിപ്തിൽ നിന്നും പുറപ്പെട്ട്, അപരന്റെ നന്മയും ദൈവീക വിശുദ്ധിയും ആഗ്രഹിക്കുന്ന കാനാൻ നാട്ടിലേക്ക് എത്തിച്ചേരുന്ന "നിരന്തരമായ പുറപ്പാട്" (a continous exodus), [Pope Francis, Rejoice: Letter for the year of Consecreated Life, no.4, 2014] എന്ന് തിരിച്ചറിഞ്ഞ്, ജീവിതം ക്രമീകരിച്ച എന്റെ പ്രിയ സഹോദരാ, പരിശീലന കാലയളവിൽ നിനക്ക് അൽപസമയം, 'കാവലായിരിക്കുവാൻ' അവസരം ലഭിച്ചത് ഒരു സുകൃതമായി ദൈവസന്നിധിയിൽ കാണുന്നു. ദൈവം, നിന്നിലെ നന്മയുടെ ചെടിയെ അവന്റെ നിത്യതയുടെ വലിയ തോട്ടത്തിൽ ചേർത്തു നിർത്തി വളർത്തട്ടെ എന്ന് തുടർന്നും പ്രാർത്ഥിക്കുന്നു. നീ സ്വന്തമാക്കിയ നന്മകളും വിശുദ്ധിയും ബലഹീനരായ ഞങ്ങൾക്കും ലഭ്യമാകുന്നതിന് വേണ്ടി നീയും സ്വർഗ്ഗത്തിൽ ഇരുന്ന് പ്രാർത്ഥി ക്കുമല്ലോ! നന്ദി; ഒരു സൂചനയും സാധ്യതയുമായി ബഥാന്യരോടൊപ്പം കുറച്ചുനാൾ നടന്നു നീങ്ങിയതിന്.



**"ഭൂമിയുടെ അതിർത്തികളോളം ആധിപത്യം നടത്തുന്നതി നേക്കാൾ യേശുക്രിസ്തുവിൽ മരിക്കുകയാണ് എനിക്ക് നല്ലത്. നമുക്കുവേണ്ടി മരിച്ച അവിടുത്തെയാണ് ഞാൻ അന്വേഷിക്കുന്നത്. നമ്മുക്കുവേണ്ടി ഉത്ഥാനം ചെയ്ത അവിടുത്തെയാണ് ഞാൻ ആഗ്രഹിക്കുന്നത്. ജന്മമരുളുന്ന നിമിഷത്തിലാണ് ഞാൻ... നിർമലമായ പ്രകാശം ഞാൻ സ്വീകരിക്കട്ടെ; ഞാനവിടെ ചെന്നെത്തുമ്പോൾ ഞാൻ ഒരു മനുഷ്യനായിരിക്കും"**

**അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ്.**

www.malankaralibrary.com

# വിശുദ്ധിയുടെ വിളനിലം...

**സി. ടിൻസി ജെയിംസ്, എസ്.എ.ബി.എസ്***

എന്നോ പഠിച്ചു മറന്ന പോയ ഒരു പാട്ടിൻെറ ഈരടികൾ ആണ് ഇപ്പോൾ മനസ്സിൽ ആവർത്തിച്ചാവർത്തിച്ചു ഉയരുന്നത്. "ഈശോയേ ആശ്വാസമേകണമെ.. വേർപാടിൻ ദുഃഖത്തെ നീക്കേണമേ..." ഓർക്കാൻ ആഗ്രഹമില്ലാത്ത ഒരു നൊമ്പരം... ഈ വേർപാട്... ഒരു മിന്നൽ പോലെ ഉള്ളിൽ എവിടെയൊക്കെയോ കീറിമുറിച്ചു കടന്നു പോകുന്നു. ജിതിൻ ബ്രദറിനെ കഴിഞ്ഞ അഞ്ചു വർഷമായി അടുത്തറിയാം. വലിയ പ്രതീക്ഷയായിരുന്നു... വലിയ സ്വപ്നങ്ങൾ... ഈശോയേ ആശ്വാസമേകണമെ..

വിടർന്നാൽ കൊഴിഞ്ഞു പോകാത്ത പൂക്കൾ ഇല്ലല്ലോ. ചില പൂക്കൾ പെട്ടെന്ന് വിരിഞ്ഞ് പെട്ടെന്ന് കൊഴിയും. നിശാഗന്ധി പോലെ വിരിയുന്നതും കാത്തു കാത്തിരുന്നു. പാതിരായ്ക്ക് പാൽനിലാവ് പരന്നപ്പോൾ എപ്പോഴോ അത് വിടർന്നു. അതിനു ചുറ്റും സുഗന്ധം പരത്തി. അതിൻെറ സുഗന്ധം പടർന്ന് പടർന്ന് ചക്രവാളത്തിൻെറ അതിർത്തിയും ഭേദിച്ച് സ്രഷ്ടാവിൻെറ മുൻപിൽ വരെ എത്തി.

തികച്ചും അഭിമാനത്തോടെ... തെല്ല് അഹങ്കാരത്തോടെ... സൃഷ്ടാവ് ആ പൂവിനെ സന്തോഷത്തോടെ നോക്കി. ഇത് ഇനിയും നിന്നാൽ അതിൻെറ സൗരഭ്യം കുറഞ്ഞു പോയാലോ? അല്ലെങ്കിൽ ലോകത്തിൻെറ കറുത്ത പുകയേറ്റ് അതിന്റെ നൈർമല്യം നഷ്ടപ്പെട്ടാലോ? സൂര്യരശ്മികൾക്കു കാഠിന്യം കൂടുന്നതിനു മുൻപ് സൃഷ്ടാവ് ആ പൂവിനെ ചങ്കിലേക്ക് ചേർത്തുവച്ചു.

---

*സി. ടിൻസി ജെയിംസ് എസ്.എ.ബി.എസ്., സീറോ മലബാർ സഭയിലെ ആരാധന സന്യാസിനി സമൂഹത്തിലെ അംഗമാണ്. 2015 മുതൽ 2019 വരെ നാലാഞ്ചിറ Bethany Nature Cure ഹോസ്പിറ്റലിൽ മെഡിക്കൽ ഓഫീസറായി സേവനം ചെയ്തിരുന്നു. 2019 മുതൽ ഉജിറെ SDM College ൽ MD ചെയ്യുന്നു.

www.malankaralibrary.com

പോസ്റ്റ് ഗ്രാജുവേഷൻ പഠനത്തിനായി എസ്.ഡി.എം കോളേജിൽ ഞാൻ ചേരുമ്പോൾ ബ്രദർ ജിതിൻ കേരള പോസ്റ്റിങ്ങിൽ ആയിരുന്നു. ഒക്ടോബറിലാണ് ഞങ്ങളൊരുമിച്ച് നാലാഞ്ചിറ Bethany Nature Cure ഹോസ്പിറ്റലിൽ പോസ്റ്റിങ്ങിന് വരുന്നത്. എന്നും രാവിലെ നേരത്തെ വന്ന് വാർഡ് ജോലി എല്ലാം ചെയ്ത് ബാക്കിയുള്ള സമയം മറ്റുള്ളവരെ സഹായിക്കാൻ ജിതിൻ സമയം കണ്ടെത്തിയിരുന്നു. ആരെയും എപ്പോഴും സഹായിക്കുവാനുള്ള ഒരു മനസ്സ് അവന് ഉണ്ടായിരുന്നു.

എല്ലാ ഡ്യൂട്ടിയും നേരത്തെ ചെയ്തു തീർത്ത് ജെയ്നി Madam-ത്തിന്റെ കൂടെയിരുന്ന് സ്റ്റുഡൻസ് പോസ്റ്റിങ്ങ് തയ്യാറാക്കുന്ന ജോലിയിലായിരുന്നു ബ്രദർ. ഇടയ്ക്കിടെ തമാശയും കളിയാക്കലും ഒക്കെയായി പി.ജി ഡിപ്പാർട്ട്മെന്റിലും വരുമായിരുന്നു. കോളേജിൽ ധാരാളം കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് ചെയ്തു തീർക്കുക എന്നത് ബ്രദറിന്റെ പ്രത്യേകതയായിരുന്നു. ഈ കുറഞ്ഞ സമയത്തിനുള്ളിൽ ഞങ്ങളുടെ കോളേജിൽ ഒരു ബഹുമുഖ പ്രതിഭയായ ആകുവാൻ ജിതിൻ ബ്രദറിനു സാധിച്ചിരുന്നു.

എല്ലാ സാഹചര്യങ്ങളും ആത്മാർത്ഥതയും സ്നേഹവും വിശ്വാസവും കൊണ്ട് ശുഭകരമാക്കാൻ ബ്രദർ എപ്പോഴും പരിശ്രമിച്ചിരുന്നു. എല്ലാ കാര്യത്തിനും എല്ലാവരും ആദ്യം തിരഞ്ഞെടുക്കുന്ന പേര് ബ്രദർ ജിതിൻ എന്നായിരുന്നു. എല്ലാ കാര്യങ്ങളും വളരെ ആത്മാർത്ഥമായി ചുരുങ്ങിയ സമയം കൊണ്ട് തീർക്കുവാൻ പ്രത്യേക കഴിവ് ബ്രദറിന് ഉണ്ടായിരുന്നു. തികഞ്ഞ വിനയവും, ശാന്തതയും, ബ്രദറിന്റെ തനിമയാണ്. വിശുദ്ധരുടെ സ്വഭാവ സവിശേഷതകൾ ഉള്ള ജിതിൻ വിശുദ്ധിയുടെ വിളനിലമായിരുന്നു... ഇപ്പോൾ വിശുദ്ധരുടെ കൂടാരത്തിൽ വിശുദ്ധരോടൊപ്പവും...

അസാധാരണമായ ഒരു വ്യക്തിത്വം... പകരം വയ്ക്കാൻ മറ്റൊരാളില്ല... സ്നേഹ സാഹോദര്യ സാന്നിധ്യം... ഒന്നിനും NO എന്ന് പറയാറില്ല... എല്ലാത്തിനും സൊലൂഷൻ കണ്ടെത്താൻ കെൽപ്പുള്ള മനോബലം... എത്ര തിരക്കായാലും മറ്റുള്ളവരെ കരുതാനുള്ള മനസ്സ്... ഇങ്ങനെ ഒത്തിരി ഒത്തിരി നന്മകൾ നിറഞ്ഞുനിന്നിരുന്ന ബ്രദർ കൂടെ പഠിച്ചവർക്ക് എന്നും നല്ല ഓർമ്മകളാണ് നൽകിയിരുന്നത്.

തന്റെ സൗഹൃദത്തിലൂടെയും സ്നേഹത്തിലൂടെയും സഹപാഠികളിൽ വിശ്വാസവും ഊർജ്ജവും പ്രദാനം ചെയ്യുവാൻ

www.malankaralibrary.com

ജിതിൻ ബ്രദർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ദൈവവിശ്വാസത്തിലും ബഥനി സന്യാസ ചൈതന്യത്തിലും അടിസ്ഥാനപ്പെടുത്തിയ സ്നേഹവും സൗഹൃദവും ആയിരുന്നു അവൻെറ വ്യക്തിത്വം. ഒരിക്കൽ പരിചയപ്പെടുന്ന ആരും അവനെ മറക്കുകയില്ല. പുഞ്ചിരിയോടും, സ്നേഹത്തോടും, സൗഹാർദ്ദത്തോടും എല്ലാവരോടും അവൻ ഇടപെട്ടു. പ്രസാദാത്മകവും നിഷ്കളങ്കവുമായ ആ മുഖം ആർക്കും ഒരിക്കലും മറക്കുവാൻ കഴിയില്ല.

ആരോടും പറയാതെ നീ യാത്രയായി... സ്വർഗ്ഗത്തിലേക്കുള്ള നീണ്ട യാത്ര... നിത്യ യാത്ര...പ്രിയ സഹോദരാ നിനക്ക് നല്ല യാത്ര... നീ എത്തിച്ചേർന്ന ഇടത്തേക്ക് ഞങ്ങൾ എല്ലാവരും ഒരിക്കൽ വന്നുചേരും... നമുക്ക് അന്ന് ധാരാളം കഥകൾ പറഞ്ഞിരിക്കാം... മറക്കാനാകില്ല നിൻെറ നന്മകൾ... ഓർമ്മിക്കാൻ ആകില്ല നിൻെറ വേർപാട്... സ്വർഗ്ഗത്തിൽ നീ വിരിഞ്ഞു നിൽക്കുന്നു എന്ന വിശ്വാസം ഞങ്ങൾക്ക് എല്ലാം ഒരു ആശ്വാസമാണ്. ഈശോയേ ആശ്വാസ മേകണമെ...

"Bro. Dr. Jithin Jacob OIC was member of Bethany Ashram Nellyadi. A very pious, simple and humble person. At the same time a person of prayer. He used spend much time in prayer. Hard working. Even after his heavy duty in the hospital, he used find time to work in the garden. We lost such a wonderful person. We the members of Nellyadi Ashram miss you dear Jithin. We are 100 percent sure that you are resting in Heaven. But very hard to accept and believe. Pray for us in heaven. Dear Bethanians let's pray for our beloved Jithin OIC."

www.malankaralibrary.com

# എന്റെ അനുജനെക്കുറിച്ചുള്ള ഓർമ്മകൾ...

**ഫാ. ജോഷ്വാ ഇടക്കടമ്പിൽ ഒ.ഐ.സി.**

കുമ്പഴ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നിന്നും തുടങ്ങുന്ന ബന്ധമാണ് ഞാനും ബ്രദർ ജിതിനുമായുള്ളത്. മാതാപിതാക്കളിൽ നിന്നും ലഭിച്ച പ്രാർത്ഥനാചൈതന്യം ജീവിതത്തിലുടനീളം പ്രതിഫലിപ്പിച്ച വ്യക്തിത്വം. ശനിയാഴ്ചകളിൽ റോയിച്ചായന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന അൾത്താര ബാലന്മാരുടെ ക്ലാസുകളിൽ മുടങ്ങാതെ സംബന്ധിച്ചിരുന്നതും അൾത്താര ശുശ്രൂഷകളിൽ ഉണ്ടായിരുന്ന തീക്ഷ്ണതയും ഇന്നും ഒരു മായാത്ത ഓർമ്മയായി മനസ്സിൽ നിൽക്കുന്നു. പ്രസംഗകലാമത്സരവും ബൈബിൾവാക്യരചനാമത്സരങ്ങളിലും സണ്ടേസ്കൂൾ പരീക്ഷകളിലും എന്നും ബ്രദർ ജിതിൻ ഒന്നാം സ്ഥാനക്കാരനായിരുന്നു.

വർഷത്തിൽ ഒരിക്കൽ സണ്ടേസ്കൂൾ കുട്ടികൾക്ക് ലഭിക്കുന്ന ഒരു അവിസ്മരണീയ ദിനമാണ് വിനോദയാത്ര. സാമുവൽ സാറിന്റെ നേതൃത്വത്തിൽ പോകുന്ന വിനോദയാത്രയിൽ ഞങ്ങൾ സൺഡേ സ്കൂൾ കുട്ടികളും അദ്ധ്യാപകരും മനം നിറഞ്ഞ് സന്തോഷിക്കുന്ന ഒരു ദിനമാണ്. ഗാനത്തിനൊത്ത് നൃത്തംവച്ചുകൊണ്ട് എല്ലാവരും വാഹനത്തിൽ സന്തോഷിക്കുമ്പോൾ ബസിന്റെ പിൻസീറ്റിലിരുന്നു കൊണ്ട് 'ജപമാല' ചൊല്ലുന്ന ബ്രദർ ജിതിനെയാണ് ഞങ്ങൾ പലപ്പോഴും കണ്ടിട്ടുള്ളത്. ബാല്യകാലം മുതലേ വിശുദ്ധിയുടെ ഒരു പരിവേഷം ജിതിനിൽ ഞങ്ങൾ കണ്ടിരുന്നു.

അങ്ങനെ 2007 മുതൽ ബഥനി നഗർ ആശ്രമം തിരുവനന്തപുരത്ത് ഒന്നാം വർഷ വൈദിക വിദ്യാർത്ഥിയായി ജിതിൻ ചേരുമ്പോൾ ജിതിനോടൊപ്പം രണ്ടുവർഷക്കാലം കളിച്ചും ചിരിച്ചും പഠിച്ചും ജീവിക്കുവാനുള്ള ഭാഗ്യം എനിക്കും ഉണ്ടായി. പഠനത്തിലുണ്ടായിരുന്ന മികവ് കാരണം ജിതിനെയും മറ്റ് സഹവൈദികവിദ്യാർത്ഥികളെയും CBSE സിലബസിൽ പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്നതിനുവേണ്ടി നവജീവൻ ബഥനി വിദ്യാലയത്തിൽ അയയ്ക്കുകയും ഉന്നത റാങ്കോടുകൂടെ അവർ പാസാകുകയും ചെയ്തു.

www.malankaralibrary.com

ബാസ്കറ്റ് ബോളിൽ പ്രാവീണ്യം തെളിയിച്ച ജിതിൻ ജേക്കബ് എല്ലാ ദിവസവും വൈകുന്നേരങ്ങളിലുണ്ടായിരുന്ന കായിക വിനോദങ്ങളിൽ പതിവായിരുന്നു. പ്രാർത്ഥനയിലും പഠനത്തിലും ഒരുപോലെ മികവു തെളിയിച്ച ബ്രദർ ജിതിൻ വി. ഫ്രാൻസിസ് അസീസ്സിയുടെ ആദ്ധ്യാത്മികതയും വി. അൽഫോൻസാമ്മയുടെ പ്രാർത്ഥനാജീവിതവും അനുകരിക്കുവാൻ ശ്രമിച്ചിരുന്നു. അതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ പഠനകാലത്ത് ഞങ്ങൾ കണ്ടിരുന്ന കുറച്ചു കാര്യങ്ങൾ:

ഫ്രാൻസിസ് അസീസ്സിയെപ്പോലെ ചാക്കുധരിച്ച് കിടന്നുറങ്ങിയിരുന്നതും, മുറിയിലെ പ്രാർത്ഥനാമേശയ്ക്കുമുന്നിൽ ചെറിയകല്ലുകൾ നിരത്തി അതിന്മേൽ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നതും വലതുകൈയ്യിൽ എന്നും ഒരു ജപമാല സൂക്ഷിച്ചിരുന്നതും ഇന്നും ഒരു ഓർമ്മയായി മനസ്സിൽ നിലകൊള്ളുന്നു.

പക്ഷികളെയും മൃഗങ്ങളെയും അതിയായി സ്നേഹിച്ചിരുന്ന ഒരു വ്യക്തിത്വമായിരുന്നു ബ്രദർ ജിതിൻ. ഇതിനൊരുദാഹരണമാണ് ഒരു ദിവസം രാത്രി നമസ്കാരത്തിനുശേഷം പള്ളിയിലിരുന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്ന പ്പോൾ ഒരു സ്വരം കേട്ടു പുറത്തു വന്ന ഞങ്ങൾ കണ്ടത് മുറിവേറ്റു കിടക്കുന്ന ഒരു കുയിലിനോട് സംസാരിക്കുന്ന ജിതിനെയാണ്. പിന്നീട് ആ കുയിലിനെ എടുത്തുകൊണ്ട് മുറിയിൽ പോവുകയും അതിന്റെ മുറിവുകളെല്ലാം ഭേദമാകുന്നതുവരെ അതിനെ സംരക്ഷിക്കുകയും സുഖം പ്രാപിച്ചതിനുശേഷം അതിനെ പറത്തി വിടുകയും ചെയ്തു. ഇപ്രകാരം പക്ഷികളെയും മൃഗങ്ങളെയും അതിയായി സ്നേഹിച്ചിരുന്നു ബ്രദർ ജിതിൻ ജേക്കബ്.

ഏറ്റെടുക്കുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ചെയ്യുന്നതിൽ യാതൊരു മടിയും ജിതിൻ കാണിച്ചിരുന്നില്ല. തന്നെ ഏല്പിച്ചിരുന്ന ഓഫീസുകൾ വളരെ കൃത്യമായും ഉത്തരവാദിത്വത്തോടുകൂടി ചെയ്യുന്നതിൽ ബ്രദർ ജിതിൻ തല്പരനായിരുന്നു. വിനീതനായും ക്ഷമയോടുകൂടിയും സഹിഷ്ണുതയോടുകൂടിയും കാര്യങ്ങളെ കാണുവാൻ ബ്രദർ ജിതിന് സാധിച്ചിരുന്നു. അവധിക്കാലത്തുണ്ടായിരുന്ന ബി.ബി.എസ് ക്യാമ്പുകളിലും, ദേവാലയ ശുശ്രൂഷയിലും ബ്രദർ ജിതിൻ സജീവമായിരുന്നു.

www.malankaralibrary.com

മംഗലാപുരത്ത് നാച്ചുറോപ്പതിയിൽ ഡോക്ടറേറ്റ് പഠനത്തിൽ ആയിരിക്കുമ്പോഴും ബാല്യകാല സുഹൃത്ത് എന്ന രീതിയിലും ഒരു ജ്യേഷ്ഠനെന്ന നിലയിലും ആഴ്ചയിലൊരിക്കൽ സ്നേഹാന്വേഷണം നടത്തുകയും എത്യോപ്യൻ മിഷനെപ്പറ്റി അന്വേഷിക്കുകയും ചെയ്തിരുന്നു. എന്നും മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് നിത്യതയിലേക്ക് പോകുമ്പോൾ നിറമിഴിയിണകളോടെ ഇനി ആ ഓർമ്മകൾ മാത്രം ബാക്കി. ജേക്കബ്ബച്ചായനെയും മേഴ്സി ആന്റിയെയും ഓർക്കുമ്പോൾ അവരുടെ പ്രാർത്ഥനാജീവിതത്തിലുള്ള ആഴം എത്രമാത്രം വലുതാണെന്ന് മനസ്സിലാക്കുന്നു.

ബഥനിക്ക് ഒരു തീരാനഷ്ടമാണ് ബ്രദർ ജിതിന്റെ വിടവാങ്ങൽ. വി.ഫ്രാൻസിസ് അസീസ്സിയുടെ ആദ്ധ്യാത്മികതയും വി.അൽഫോൻസാമ്മയുടെ പ്രാർത്ഥനാജീവിതവും സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി നിത്യസമ്മാനത്തിനായി പുറപ്പെട്ടിരിക്കുന്ന ബ്രദർ ജിതിന് സ്വന്തം ജ്യേഷ്ഠസഹോദരന്റെ ബാഷ്പാഞ്ജലികൾ!

നിത്യതയിൽ എത്തുമ്പോൾ കാണാമെന്ന വിശ്വാസത്തോടെ എന്റെ ഓർമ്മകളെ ഞാൻ സംഹരിക്കട്ടെ.

"It's really very shocking and very hard to accept the news about the sad demise of Bro Jithin Jacob. During the vocation promotion in 2006 - 2007, I could recognize a saintly character and life in Jithin and his parents which they could continue especially Bro. Jithin Jacob OIC till today. May Bro. Jithins' Soul Rest in Peace. Merciful Lord console his sorrowful family."

www.malankaralibrary.com

# ബഥനിയുടെ ജിതിൻ ബ്രദർ...

**ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

"വിടരും മുമ്പേ അകാലത്തിൽ കൊഴിഞ്ഞ പുഷ്പം ചില നഷ്ട സ്വപ്നങ്ങളും തകർന്ന പ്രതീക്ഷകളും ഒപ്പം ചില ഓർമ്മപ്പെടുത്തലുകളും അവശേഷിപ്പിക്കുന്നു."

എഴുതാനിരിക്കുമ്പോൾ മനം തേങ്ങുന്നു.... ഓർമ്മകൾ ഹൃദയ നിലത്ത് വേർപാടിന്റെ ആഘാതമേൽപ്പിക്കുന്നു. മറക്കുവാനാഗ്രഹിക്കുന്ന ചില ദിനങ്ങളും.... നിമിഷങ്ങളും... സംഭവങ്ങളും... ചില ഓർമ്മപ്പെടുത്തലുകൾ നൽകി ഉള്ളിൽ പച്ചവിരിച്ചു നിൽക്കുന്നു... അങ്ങനെ ഒരുദിനം ഫെബ്രുവരി ഒമ്പത്... എന്റെ പ്രിയബാച്ചുകാരൻ ബ്രദർ ജിതിൻ ജേക്കബ് ഓർമ്മയായ ദിനം... അധരംകൊണ്ടു സംസാരിച്ചതിലേറെ ജീവിതംകൊണ്ടു സംസാരിച്ച ആധികാരികതയുള്ള ഒരു ബഥാന്യൻ... സൗഹൃദത്തിന്റെ ചില്ലക്കൊമ്പിൽ ആത്മബന്ധത്തിന്റെ താളത്തിൽ സാഹോദര്യം പങ്കുവച്ച് ജിതിന്റെ ഒപ്പം നടന്ന നീണ്ട 13 വർഷങ്ങൾ...

"പേരു ടോണീന്നാ അല്ലേ? ഈ വർഷം ആശ്രമത്തിന്റെ ചേരുകയാണല്ലേ?" 2007 മെയ് മാസം മൈലപ്രാ മൗണ്ട് ബഥനിയിലെ ടി.ഒ.സി (Teen Orientation Camp) കഴിഞ്ഞ് ജിതിൻ എന്നോടു ചോദിച്ചതാണിവ... ഞങ്ങൾ തമ്മിലുള്ള ആദ്യസംഭാഷണം... ഈ രണ്ടു ചോദ്യങ്ങളിലൂടെ സൗഹൃദത്തിന്റെയും, സാഹോദര്യത്തിന്റെയും ബഥാന്യൻ ജീവിതത്തിൽ ഒപ്പം നടക്കുവാൻ ദൈവം നൽകിയ പ്രിയ ബാച്ചുകാരൻ...

ജിതിനെപ്പറ്റി എഴുതുവാൻ ഏറെയുണ്ട്. എന്നാൽ എന്തൊക്കെ എഴുതിയാലും ജിതിനെ പൂർണ്ണമായി വാക്കുകളിൽ വിവരിക്കുവാൻ എനിക്കു പരിമിതികളുണ്ട്. കാരണം, ആർക്കും ജീവിതാനുഭവങ്ങളുടെ പൂർണ്ണത വാക്കുകളിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കില്ല. ജിതിൻ എനിക്ക് 13 വർഷത്തെ ജീവിതാനുഭവമാണ്... ജിതിൻ എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു... 2007 ജൂൺ മാസം 6-ാം തീയതി ബഥനി നഗർ ദയറായുടെ ചാപ്പലിൽ പ്രാർത്ഥനയോടെ ബഹു.ഷാജൻ അച്ചന്റെ പരിശീലനത്തിൻ കീഴിൽ ബഥാന്യൻ ജീവിതം ഞങ്ങൾ ആരംഭിച്ചു... ജോബ്, ജിതിൻ ജേക്കബ്, ജിതിൻ ജോർജ്ജ്, ഹെന്റി, റോബിൻ, ഡാനി

www.malankaralibrary.com

യേൽ, റോബിൻ എന്നിങ്ങനെ ഏഴുപേർ. വളരെപ്പെട്ടെന്നുതന്നെ ആശ്രമ ചിട്ടകളോടും ചുറ്റുപാടുകളോടും പൊരുത്തപ്പെട്ട് ഒരു കുടുംബമായി ഞങ്ങൾ ബഥാന്യൻ ജീവിതം ആസ്വദിച്ചു.

**ആത്മീയജീവിതം**

ഈ 2007 ബാച്ചുകുടുംബത്തിലെ വളരെ എളിമയും, ലാളിത്യ വും, അനേകം കഴിവുകളുംകൊണ്ട് അനുഗ്രഹീതമായ വ്യക്തിത്വമാ യിരുന്നു ബ്രദർ ജിതിൻ ജേക്കബിന്റേത്. പ്രാർത്ഥനാജീവിതത്തിലെ തീവ്രതയും സ്വയംപ്രേരിത പ്രാർത്ഥനകളിലെ തീക്ഷ്ണതയും, പ്രാർത്ഥ നായോഗത്തിലെ ജീവിതഗന്ധിയായ ധ്യാനചിന്തകളും അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിന്റെ ബഹിർസ്ഫുരണങ്ങൾ ആയിരുന്നു. നിരന്ത രമുള്ള വചനപാരായണവും വിശുദ്ധരുടെ ജീവചരിത്ര-ആത്മീയ വായ നയും ബ്രദർ ജിതിന്റെ ചിന്തകളെയും ജീവിതത്തെയും സ്ഫുടം ചെയ്യു ന്നതിൽ പങ്കുവഹിച്ചു. ഇതിൽ പ്രധാനമായും വി.ഫ്രാൻസിസ് അസീ സ്സിയുടെ സന്യാസജീവിതവും, വി.അൽഫോൻസാമ്മയുടെ സഹനജീ വിതവും ജിതിന് വളരെ പ്രചോദനമേകി. പലതരത്തിലും ഈ രണ്ടു വിശുദ്ധരെ അനുകരിക്കുവാൻ ജിതിൻ ബദ്ധശ്രദ്ധനായിരുന്നു. പ്രത്യേ കിച്ച്, രോഗാവസ്ഥകളിലൊക്കെ വി.അൽഫോൻസാമ്മയുടെ ജീവിതം ബലം നൽകിയിട്ടുണ്ട്.

അൽഫോൻസാമ്മയുടെ വിശുദ്ധിയായി നാമകരണം ചെയ്ത ദിവസം തന്നെയായിരുന്ന ജിതിന്റെ കാൽമുട്ടിന്റെ ശസ്ത്രക്രിയ നടന്ന ത്. വേദനയുടെയും അസ്വസ്ഥതകളുടെയും കടുത്ത ദിനങ്ങൾ. ഈ വിശുദ്ധരെ സമചിത്തതയോടെ ഏറ്റെടുക്കുവാൻ ജിതിന് കഴിഞ്ഞു. വ്യക്തിപരമായ പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും യാമപ്രാർത്ഥന കളും കൂട്ടായ്മ പ്രാർത്ഥനകളുമെല്ലാം മുറതെറ്റാതെ നിരന്തരമായി ബ്രദർ അഭ്യസിച്ചിരുന്നു.

**സമൂഹജീവിതം**

ബഥാന്യൻ ജീവിതത്തിന്റെ ഏറ്റവും വലിയ സവിശേഷതയായ കൂട്ടായ്മജീവിതത്തിന്റെ കെട്ടുറപ്പ് ബ്രദർ ജിതിനിൽ വളരെ ശക്തമായി പ്രതിഫലിച്ചിരുന്നു. പ്രാർത്ഥനകൾ സ്വയം വിശുദ്ധീകരണത്തിന് ഉത കുന്നവയാണെങ്കിലും പരസ്നേഹത്തിന്റെ ആത്മീയതയിലാണ് ത്യാഗ

www.malankaralibrary.com

പൂർണ്ണമായ പ്രാർത്ഥനകൾ വേണ്ടത് എന്നു ബ്രദർ വിശ്വസിച്ചിരുന്നു. സ്വതവേ ശാന്തസ്വഭാവക്കാരനും ക്ഷമപ്രിയനുമായിരുന്നതിനാൽ ആരോടും ബ്രദർ കലഹിക്കുന്നതായി കണ്ടിട്ടില്ല. മറ്റുള്ളവർക്ക് പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ പരിഭവങ്ങളോ വരുത്താതിരിക്കുവാൻ പ്രത്യേകശ്രദ്ധ നൽകിയിരുന്നു. അതുപോലെതന്നെ ശബ്ദമുയർത്തി കയർത്തു സംസാരിക്കുന്നതിലും. ബാസ്കറ്റ്ബോൾ കോർട്ടിൽ ആരെങ്കിലും ഫൗൾചെയ്താൽ വളരെ ശാന്തമായി മാത്രമാണ് പെരുമാറിയിട്ടുള്ളത്. കൂട്ടായ്മജീവിതത്തിലും ബാച്ചുകാരുടെയിടയിലും ഉണ്ടാകുന്ന ചെറിയ അഭിപ്രായഭിന്നതകളും തർക്കങ്ങളും പരിഹരിക്കുന്നതിന് ജിതിൻ മുൻകൈ എടുത്തിരുന്നു. അധികാരികളോടുള്ള വിധേയത്വവും അനുസരണയും മാതൃകാപരമായിരുന്നു. എല്ലാ വല്യച്ചന്മാരോടും വളരെ ബഹുമാനത്തോടും സ്നേഹത്തോടും ഇടപെട്ടിരുന്ന ജിതിൻ അവരുടെ എല്ലാ ആവശ്യങ്ങളിലും പ്രത്യേകിച്ച് അനാരോഗ്യാവസ്ഥകളിലെ പരിചരണവും സന്ദർശനവും വളരെ ത്യാഗപൂർണ്ണമായി നിറവേറ്റിയിരുന്നു.

**മറ്റു സവിശേഷതകൾ**

ഏവർക്കും അനുകരണീയനായ ഒരു സന്യാസസഹോദരനായിരുന്നു ബ്രദർ ജിതിൻ. പ്രത്യേകിച്ച് യുവതലമുറയ്ക്ക് സന്യാസജീവിതം സ്വീകരിക്കുവാനുള്ള കാലോചിതമായ പ്രചോദനമായിരുന്നു. പഠനമികവ് സ്വതസിദ്ധമായ അവതരണശൈലി, ചിന്തകളെ ഉദ്ദീപിപ്പിക്കുന്ന പ്രസംഗകൻ, തനിമയുള്ള അധ്യാപനം, മനസ്സിലാക്കുന്ന സുഹൃത്ത്, സ്നേഹവും ബഹുമാനവുമുള്ള സഹോദരൻ എന്നീ സവിശേഷതകൾ ജിതിനെ ബഥനിയുടെ അവിഭാജ്യഘടകവും വലിയ പ്രതീക്ഷയുമാക്കി മാറ്റി.

ബഥനിയെപ്പറ്റി ജിതിന് ഒരു സ്വപ്നം ഉണ്ടായിരുന്നു. ശതാബ്ദിയുടെ നിറവിൽ ആയിരിക്കുന്ന ബഥനി മാതാവിനെ കാലോചിതമായി യുവതലമുറയ്ക്ക് പകർന്നു കൊടുക്കുവാനും അതിലൂടെ യുവജനങ്ങളെ ശാക്തീകരിച്ച് സഭയേയും സമൂഹത്തേയും ബലപ്പെടുത്തുക. ബഥനിയുടെ ഭാവിയേപ്പറ്റിയുള്ള ജിതിന്റെ സംസാരത്തിൽ നിന്നത് വളരെ വ്യക്തമായിരുന്നു. കാരണം യുവതലമുറയുടെ വളർച്ചയ്ക്കായി ഏറ്റവും കൂടുതൽ പരിശ്രമിക്കുകയും വ്യയം ചെയ്യുകയും ചെയ്ത

www.malankaralibrary.com

സ്ഥാപകപിതാവിന്റെ വളരെ പ്രഥമവും പ്രധാനവുമായ ഒരു ദർശനമായിരുന്നു യുവജനശാക്തീകരണം. അത് ജിതിനിലും വളരെ തീക്ഷ്ണതയോടെ പ്രകടമായിരുന്നു. സ്ഥാപകപിതാവിന്റെ ദർശനങ്ങളോടു ചേർന്നു നിൽക്കുവാൻ എന്നും പരിശ്രമിച്ച ജിതിൻ ബഥനിയുടെ സിദ്ധിയോടും വിശുദ്ധ നിയമത്തോടും ആചാരാനുഷ്ഠാനങ്ങളോടും വളരെ വിശ്വസ്തനായിരുന്നു.

ഇപ്രകാരം ബഥനിയെ സ്നേഹിച്ച, ബഥനി നെഞ്ചോടുചേർത്ത പ്രിയ സന്യാസ സഹോദരൻ ഒരുപിടി നല്ല മാതൃകകൾ ബഥനിയുടെ യുവതലമുറയ്ക്ക് നല്കിയാണ് നിത്യസമ്മാനത്തിനായി ഈ ലോകത്തോടു യാത്ര പറഞ്ഞത്. ഓർക്കുവാൻ ഒരുപിടി ഓർമ്മകൾ സമ്മാനിച്ച് ദൈവനിയോഗം പൂർത്തിയാക്കി ദൈവസന്നിധിയിലേക്കു യാത്രയായ യുവസന്യാസീ.... ബഥനിയുടെ പ്രിയപുത്രാ... സമാധാനത്തോടെ പോവുക... ഒപ്പം ബഥനിക്കുവേണ്ടി, ബഥനിയുടെ നിയോഗങ്ങൾക്കും സ്വപ്നങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുക....

“വിടപറയുംവരെ സ്നേഹം അതിന്റെ ആഴങ്ങളറിഞ്ഞില്ല. വേർപാടിന്റെ നിമിഷങ്ങളാണ് നമ്മുടെ സ്നേഹത്തിന്റെ ആഴം കാട്ടിത്തന്ന വെളിപാടിന്റെ പുസ്തകം” - ഖലീൽ ജിബ്രാൻ

**“ഞാൻ ആശ്രമത്തിലേക്ക് കടന്നുവന്ന ആദ്യനാളുകളിൽ നാലാഞ്ചിറ ദയറായിൽ ഞങ്ങളോട് ഒപ്പമായിരിക്കുകയും, സ്നേഹ ശിക്ഷണങ്ങൾ നൽകുകയും ചെയ്തിരുന്നു ബഹു.ജിതിൻ ജേക്കബ് ശെമ്മാശൻ. സഹോദരതുല്യമായ സ്നേഹവും, തിരുത്തലുകളും ഞങ്ങൾക്ക് നൽകിയത് താൻ നേടിയ സന്ന്യാസത്തിന്റെ അറിവുകൾ അനുജന്മാരായ ഞങ്ങൾക്കും പകർന്നു നൽകാനായിരുന്നു എന്ന് ഞാനിന്ന് മനസ്സിലാക്കുന്നു. ബഹു.ജിതിൻ ജേക്കബ് ശെമ്മാശന്റെ പാവന സ്മരണകൾക്കു മുന്നിൽ പ്രണാമം അർപ്പിക്കുന്നു.”**

**ബ്രദർ നിതിൻ വി. മാത്യു ഒ.ഐ.സി**

www.malankaralibrary.com

# സ്വർഗ്ഗീയ സാന്നിധ്യം ഭൂമിയിൽ വെളിപ്പെടുത്തിയ ബ്രദർ ജിതിൻ...

**ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി.**

എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്ക് നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയില്ല. അവയെ എനിക്ക് നൽകിയ എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ് (യോഹ 10:27–29).

ബ്രദർ ജിതിൻ ജേക്കബ് തന്റെ ജീവിതത്തിലൂടെ സ്വർഗ്ഗീയ സാന്നിധ്യം ഭൂമിയിൽ സാധ്യമാണെന്ന് അറിയിച്ച് കടന്നുപോയ വ്യക്തിയായിരുന്നു. പ്രാർത്ഥനാ ജീവിതത്തിലൂടെ പ്രവർത്തനം ദൈവഹിതമാക്കുവാൻ ജിതിന് സാധിച്ചു. സന്യാസജീവിതത്തിന്റെ പ്രാരംഭഘട്ടം മുതൽ ഗുരുഅച്ചനോടും മറ്റു സഹോദരങ്ങളോടും പൂർണ്ണമായി വിനയപ്പെട്ട് ജീവിക്കുവാനും തന്റെ ബാച്ചിലെ എല്ലാവരെയും ഒരുമിച്ചു നിർത്തി മുന്നോട്ടു നയിക്കുവാനും ജിതിന് കഴിഞ്ഞിരുന്നു. വൈദികരെ പിതാവിനു തുല്യം സ്നേഹിക്കണം എന്ന നിലപാട് തന്റെ സന്യാസ ജീവിതത്തിൽ കൂടുതൽ പ്രവർത്തനക്ഷമമാക്കുവാൻ അവനു സാധിച്ചു. ഫാ.ഗബ്രിയേൽ പൊസേന്തി, ഫാ.ഫിലിപ്പ് നേരി, ഫാ.ജെറോം പീടികപ്പറമ്പിൽ, ഫാ.ഫ്രാൻസിസ് സാലസ്, ഫാ.അലക്സ് തോന്നിപ്പാറ CMI എന്നീ  മുതിർന്ന വൈദികരോടുണ്ടായിരുന്ന സ്നേഹബന്ധം ഇതിനുദാഹരണമാണ്. സേവനത്തേക്കാളുപരി സ്നേഹമനോഭാവമാണ് ജിതിന് മറ്റുള്ളവരോടുണ്ടായിരുന്നത്.

പഠനത്തിൽ മികവുറ്റ കഴിവ് തെളിയിക്കുവാൻ ജിതിൻ ജേക്കബിന് സാധിച്ചിട്ടുണ്ട്. തത്വശാസ്ത്രപഠനത്തിൽ രണ്ടാം റാങ്കും, BNVS പഠനം യൂണിവേഴ്സിറ്റിയിൽ ആറാം റാങ്കും നേടി പൂർത്തിയാക്കിയത് ഇതിന്റെ തെളിവാണ്. ഏതു സാഹചര്യത്തോടും പൊരുത്തപ്പെട്ട് ജീവിക്കുവാൻ ജിതിന് മടിയില്ലായിരുന്നു. ചുറ്റുമുള്ളതല്ല നമ്മുടെയുള്ളിലെ അഗ്നിയാണ് നമ്മെ നയിക്കുന്നതെന്ന് തന്റെ ജീവിതംകൊണ്ട് അവൻ

www.malankaralibrary.com

തെളിയിച്ചു. വിദ്യാലയത്തിലും, സഹപാഠികളുടെയിടയിലും ഈ ബഥാന്യൻ നേടിയ സ്നേഹവും ബഹുമാനവും മാറ്ററുരച്ച് നോക്കേണ്ടതില്ല. ഏറ്റവും ആദരവോടും വാത്സല്യത്തോടും കൂടിയാണ് ഓരോ അദ്ധ്യാപകരും ജിതിനോട് പെരുമാറിയിരുന്നത്. വിദ്യാർത്ഥിയെക്കാളുപരി പുത്രസ്ഥാനം തന്നെയാണ് അദ്ധ്യാപകർ അവന് നൽകിയിരുന്നത്.

സഹനത്തിന്റെ പ്രതീകമായിരുന്നു നമ്മിൽ നിന്ന് സ്വർഗ്ഗീയ ജീവിതത്തിലേക്ക് കടന്നുപോയ ജിതിൻ ജേക്കബ്. തന്റെ എല്ലാ സഹനങ്ങളും കുരിശിനോടു ചേർത്തുവയ്ക്കുവാൻ ആഗ്രഹിച്ച ജിതിന്റെ മാതൃക സഹനങ്ങളെ ദൈവീക അൾത്താരയിൽ മലരുകളായ് കാഴ്ചവച്ച വി.അൽഫോൺസാമ്മയായിരുന്നു. സഹനത്തിലൂടെ വിശുദ്ധി നേടണമെന്ന ആഗ്രഹത്തോടെ സഹനങ്ങളെല്ലാം രണ്ടു കൈകളും നീട്ടി സ്വീകരിച്ചവനായിരുന്നു പ്രയിപ്പെട്ട ജിതിൻ. മുടക്കം വരാതെയുള്ള പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും മുഖമുദ്രയായി സ്വീകരിച്ച അവന് എല്ലാ സഹനങ്ങളും ദൈവീകസാന്നിധ്യത്തിലൂടെ ആനന്ദകരമാക്കി മാറ്റുവാൻ കഴിഞ്ഞിരുന്നു.

തികഞ്ഞ സന്യാസബോധ്യം ഉണ്ടായിരുന്ന ജിതിന്റെ പ്രവൃത്തികളിലൊക്കെയും അതു നിഴലിച്ചിരുന്നു. തന്റെ തൗനാ (മുറി)യെ ദേവാലയമായി കരുതുകയും വസ്ത്രധാരണത്തിൽ ലാളിത്യം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്നു. ജിതിൻ നമ്മുടെ ശാരീരിക നയനങ്ങൾക്ക് അപ്രാപ്യനായെങ്കിലും ഇന്നും ആത്മനേത്രങ്ങൾക്ക് കൈയെത്തുംദൂരത്തുണ്ട് തന്റെ മനോഹരമായ, തമാശനിറഞ്ഞ, ഹൃദയം പകർന്നുതരുന്ന ഓർമ്മകളിലൂടെ...

പ്രിയ ജിതിൻ, വിദൂരത്തായിരുന്നാലും കൈയെത്തും ദൂരത്തില്ല എന്നു തോന്നിത്തുടങ്ങുമ്പോഴും നീ പകരുന്ന, പങ്കുവച്ച സ്നേഹവും സന്തോഷങ്ങളും ഇന്നും നിറദീപങ്ങളായി ഞങ്ങളുടെ ഉള്ളിൽ ദീപ്തി ചൊരിയുന്നു... നിറകൺചിരികളായി നിന്റെ സാന്നിദ്ധ്യം ആവോളം ആസ്വദിക്കുന്നു.... ഹൃദയത്തിലടക്കാതെ ഞങ്ങളെ അതിഥികളായി സൽക്കരിച്ച പൊന്നുചങ്ങാതീ.... മാദ്ധ്യസ്ഥം അരുളണമേ...

www.malankaralibrary.com

# ബ്രദർ ജിതിൻ ജേക്കബ് എന്റെ അരുമ ശിഷ്യൻ...

**ഡി. ലീലാമ്മ ടീച്ചർ**
**എസ്.എച്ച്.എച്ച്.എസ്, മൈലപ്ര**

കുഞ്ഞേ, എല്ലാ ഗുരുക്കന്മാരുടെയും അരുമയായിരുന്നല്ലോ നീ. മൈലപ്രാ തിരുഹൃദയ ഹൈസ്കൂളിന്റെ അഭിമാനം. ഞങ്ങൾ അധ്യാപകരുടെ അഭിമാനമായിരുന്നല്ലോ നീ. 2007 എസ്.എസ്.എൽ.സി ബാച്ചുകാരൻ. പഠനത്തിൽ ഒന്നാമൻ. ക്ലാസിലിരുന്ന് ലാസ്റ്റ് ബഞ്ചിൽ അവസാനക്കാരനായി. മറ്റു കുട്ടികളിൽ നിന്നും തികച്ചും വ്യത്യസ്തൻ. ഗുരുക്കന്മാർക്ക് നിന്റെ ശ്രദ്ധ ഏറെ പ്രചോദനമായിരുന്നു. ഗുരുമുഖത്തു നിന്നും ലഭിക്കുന്നതെല്ലാം ശാന്തഗംഭീരനായി നീ സ്വായത്തമാക്കി. കൗമാര ചാപല്യങ്ങളിൽനിന്നും അകന്നു ജീവിച്ചു. എല്ലാത്തിനും പ്രതികരണമായി ഒരു മന്ദസ്മിതം എപ്പോഴും സൂക്ഷിച്ചുവച്ചു. ഗുരുക്കന്മാരുടെ മുമ്പിൽ വിനയാന്വിതനായി തല വണങ്ങി നിന്റെ ആദരവ് പ്രകടിപ്പിച്ചിരുന്നു. അല്ലാ അത് പ്രകടമായിരുന്നില്ല. അത് നിന്റെ ഹൃദയത്തിന്റെ സ്പന്ദനമാണെന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു. ഞാൻ നേടിയിരുന്ന രാഷ്ട്രഭാഷയുടെ സാഹിത്യവും വ്യാകരണവുമെല്ലാം നീ ആവേശത്തോടെ സ്വന്തമാക്കിയിരുന്നു. പഠനത്തിലുള്ള നിന്റെ ശ്രദ്ധ എന്റെ അധ്യാപനത്തെ ലഹരി പിടിപ്പിച്ചിരുന്നു.

എസ്.എസ്.എൽ.സി ക്ക് ഉയർന്ന മാർക്ക് വാങ്ങി നീ സ്കൂളിന്റെ പടിയിറക്കിയപ്പോൾ നിന്റെ ഗുരുഭൂതർ കരുതി നീ ജീവിതത്തിന്റെ വലിയ പടവുകൾ കയറി ഔന്നത്യത്തിൽ എത്തിച്ചേരുമെന്ന്. എന്നാൽ പിന്നീട് ഞങ്ങൾ കേട്ടു കർത്താവിന്റെ മുന്തിരിത്തോപ്പിലെ വേലക്കാരനാകാനാണ് നിന്റെ ആഗ്രഹമെന്ന്. പൗരോഹിത്യത്തിന്റെ മഹനീയത മനസിലാക്കിയ ഞാൻ നിന്നെ ഓർത്ത് ഏറെ ആഹ്ലാദിച്ചു... അഭിമാനിച്ചു. കാരണം എന്റെ ഹൃദയത്തിൽ ഞാനേറെ വില നിൽകിയിട്ടുള്ള ആ പദവിക്കായിരുന്നു. പുരോഹിതനായി നിന്റെ കരങ്ങളിൽ നിന്നും ദിവ്യ കാരുണ്യനാഥനെ സ്വീകരിക്കാൻ നിന്റെ മാതാപിതാക്കൾക്കൊപ്പം ഞാനും കൊതിച്ച് കാത്തിരിക്കുകയായിരുന്നു. നീ എത്തപ്പെട്ട സന്യാ

www.malankaralibrary.com

സാശ്രമത്തിന്റെ അനുസരണമെന്ന മഹത്തായ വ്രതവാഗ്ദാനം അങ്ങേയറ്റം പാലിച്ച്, നീ പഠനത്തിനായി പോയി. ഒരു പഠനവേളയിൽ കപ്പുച്ചിൻ ആശ്രമത്തിൽ ജാഗരണ പ്രാർത്ഥനയ്ക്ക് എത്തിച്ചേർന്നപ്പോൾ ഞാൻ കണ്ടു നിന്നിലെ ഗുരുഭക്തി, നിന്റെ മന്ദസ്മിതത്തിലൂടെ.

ഇപ്പോൾ ഞാനറിയുന്ന മോനെ നിന്റെ അന്ത്യയാത്രയിലും നിന്റെ ഗുരുവിനേയും കൂട്ടിയിരുന്നുവെന്ന്. വലിയ ഗുരുവിന്റെ സന്നിധിയിലേക്കുള്ള യാത്രയിൽ, ലോകം പറയും കുഞ്ഞേ, നിന്റെ മാതാപിതാക്കളുടെയും ഗുരുഭൂതരുടെയും മോഹങ്ങൾ ബാക്കിയാക്കി നീ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി എന്ന്. അല്ലെങ്കിൽ അകാലത്തിൽ പൊലിഞ്ഞുപോയി എന്ന്. പക്ഷേ നിന്റെ ഗുരുവായിരുന്ന ഞാൻ പറയും നിന്റെ അരുമനാഥന്റെ മടിയിലിരുന്ന് ഇപ്പോൾ ആനന്ദിക്കുകയാണെന്ന്. ഇവിടെ എന്നും എന്റെ മുമ്പിൽ നീ നിന്റെ ശിരസ് നമിച്ചിരുന്നു. ഇപ്പോൾ ഞാൻ എന്റെ ശിരസ് നിന്റെ മുമ്പിൽ നമിച്ചുകൊണ്ട് യാചിക്കുന്നു. എനിക്കുവേണ്ടി കൂടി പൊന്നു തമ്പുരാനോട് പ്രാർത്ഥിക്കണേ...

"ഇത്ര ചെറുതാകാൻ എത്ര വളരേണം
ഇത്ര സ്നേഹിക്കാൻ എന്തു വേണം"

നാഥനെ വിശേഷിപ്പിക്കുവാൻ നാം ഉപയോഗിച്ച വരികൾ എന്തോ എനിക്ക് നാഥനെ പിൻചെന്നവനെ ഉപയോഗിക്കുവാൻ തോന്നുന്നു. ഈ രണ്ട് വരികളിൽ വിവരിക്കുവാൻ കഴിഞ്ഞ കുഞ്ഞ് ജീവിതമാണ് ബഹു.ജിതിൻ ജേക്കബ് ബ്രദറിന്റേത്. തന്റെ പൊക്കം കൊണ്ടും, മനസ്സിന്റെ വലിപ്പംകൊണ്ടും ഉയരത്തിലേക്ക് നോക്കാൻ പഠിപ്പിച്ച ജേഷ്ഠസഹോദരൻ. എന്റെ സമൂഹത്തിൽ ഞാൻ അഭിമാനത്തോടെ വിളിച്ചിരുന്ന 'ഡോക്ടർ ശെമ്മാശൻ'. നാഥന്റെ വിളഭൂമിയിൽ കണ്ടുമുട്ടാം എന്ന പ്രതീക്ഷയോടെ, പ്രാർത്ഥന മഞ്ജരികൾ നേരുന്നു.

**ബ്രദർ അഗസ്റ്റിൻ ഒ.ഐ.സി.**

www.malankaralibrary.com

# ബ്രദർ ജിതിൻ ജേക്കബ് ഒ.ഐ.സി നാൾവഴികളിലൂടെ...

**സിഞ്ചു കെ. പത്രോസ്**
**എം.സി.വൈ.എം. കുമ്പഴ**

ദൈവത്തിന്റെ സ്വന്തം നാട്ടിലെ മൂന്നാം സ്ഥാനക്കാരനായ പത്ത നംതിട്ട ജില്ലയിൽ, മുട്ടന്മാരുടെ നാട് എന്ന് കേഴ്‌വികേട്ട കുമ്പഴ ദേശത്ത് നെടുമനാൽ എന്ന ഗ്രാമത്തിൽ 1992-മാർച്ച് 1-ാം തീയതി വേനൽചൂടി ന്റെ മധ്യേ ഒരു കുളിർമ്മയായി പുതുപ്പറമ്പിൽ വീട്ടിൽ ജേക്കബിന്റെയും മേഴ്സിയുടെയും മകനായി ജിതിൻ ബ്രദർ പിറന്നു. 1992 മാർച്ച് മാസം അദ്ദേഹത്തിന്റെ മാതാവിന്റെ ഇടവകയായ തോന്നിയാമല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഫാ.ചാക്കോ തടത്തി ലിന്റെ കരങ്ങളാൽ ജ്ഞാനസ്നാനം സ്വീകരിച്ച് ജിതിൻ ജേക്കബ് എന്ന നാമത്തിൽ ക്രിസ്തീയ കുടുംബത്തിൽ അംഗമായി. തുടർന്നുള്ള പ്രാർത്ഥനയിലും വിശ്വാസം ഊട്ടി ഉറപ്പിക്കലും എല്ലാം പിതൃഇടവക യായ തലപ്പള്ളി എന്ന നാമധേയത്തിൽ അറിയപ്പെടുന്ന കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ.

പ്രാർത്ഥനകളിലും ആരാധനയിലും ദൈവിക വിശ്വാസത്തിലും ഒട്ടും പുറകിൽ അല്ലാത്ത പുതുപ്പറമ്പിൽ വീട്ടിൽ ഒരു തിരുക്കുടുംബം പോലെ അവർ ജീവിതയാത്ര തുടങ്ങി. മുൻപോട്ട് നീങ്ങി തുടങ്ങിയ യാത്ര യിൽ ദൈവകൃപയാൽ മാതാപിതാക്കൾ രണ്ട് സഹോദരന്മാരെ കൂട്ടി ച്ചേർത്തു. രണ്ടാമൻ ആൽബിൻ ജേക്കബ്, മൂന്നാമൻ മിഥുൻ ജേക്കബ്. അവർ മൂന്ന് ശരീരവും, ഒറ്റ മനസുമായി ജീവിച്ചു. അതിന് അവരെ വഴി കാട്ടുവാനും കൂടെ കൊണ്ട് നടക്കുന്നതിലും ജ്യേഷ്ഠനായ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അങ്ങനെ അടുക്കും ചിട്ടയും പ്രാർത്ഥനയുമായി വളർന്നു.

ശൈശവ കാലത്തിൽ നിന്നും ഉയർന്നു 1995-ാം ആണ്ട് അക്ഷര മുറ്റത്തിന്റെ ആദ്യപടിയായി മൗണ്ട് ബഥനി സ്കൂളിൽ പ്രവേശിച്ചു. സ്കൂൾ ജീവിതത്തിൽ മാത്രം ഊന്നൽ നൽകാതെ ക്രിസ്തീയ വിശ്വാ സത്തിന്റെ അടിത്തറയായ വിശ്വാസ പരിശീലന ക്ലാസിൽ മുടങ്ങാതെ എത്തിക്കുവാനും മാതാപിതാക്കൾ ശ്രദ്ധ കേന്ദ്രീകരിച്ചു. അങ്ങനെ നാലാം ക്ലാസ് കഴിഞ്ഞ് മൗണ്ട് ബഥനിയുടെ പടിയിറങ്ങി. തുടർന്നുള്ള പഠനത്തിനായി തന്റെ മാതാവ് ഗുരുവായി സേവനം അനുഷ്ഠിക്കുന്ന സേക്രട്ട് ഹാർട്ട് സ്കൂളിൽ പ്രവേശിച്ചു. നല്ല വിദ്യാർത്ഥി എന്ന പേര്

www.malankaralibrary.com

നിലനിർത്തി സഹപാഠികളോടൊപ്പം പഠനത്തിന്റെ ജൈത്രയാത്ര തുടർന്ന് പത്താംക്ലാസ് നല്ല മാർക്കോടുകൂടി ജയിച്ചു. ഇതിനിടയിൽ കർത്താവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കാൻ യോഗ്യൻ ആവുകയും സ്വർഗ്ഗത്തിലെ മാലാഖമാരെ പോൽ പരി.മദ്ബഹായിൽ ശുശ്രൂഷകൻ ആവുകയും ചെയ്തത് ദൈവാലയത്തിൽ നിറസാന്നിധ്യമായി മാറി അതിലൂടെ ജനങ്ങൾ പറഞ്ഞു. ഇവൻ ഒരു ഉത്തമ വൈദികൻ ആകും എന്ന്. അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യവും അതു തന്നെയാണ് എന്ന് എല്ലാവരും അറിഞ്ഞിരുന്നു.

അങ്ങനെ കൗമാര കാലഘട്ടത്തിന്റെ പടിചവിട്ടി നിന്നിട്ടും ചിട്ടയായ പ്രാർത്ഥനയും വിശ്വാസത്തിലൂടെയും ജീവിതം നയിച്ച അദ്ദേഹത്തിന് പ്രേഷിതവേലക്കായി ദൈവം വിളിച്ചു. അങ്ങനെ 2007 ജൂൺ 6–ാം തീയതി പ്രേഷിത വേലക്കുള്ള പഠനത്തിനായി ആശ്രമ പ്രവേശനം നടത്തി.

ആശ്രമജീവിതത്തിലും ഗുരുക്കന്മാർക്കും സഹപാഠികൾക്കും പ്രിയനായി ശാന്തസ്വഭാവത്തിന്റെ ഉടമയായ അദ്ദേഹം അങ്ങനെ ആശ്രമജീവിതത്തിന്റെ വഴികളിലൂടെ സഞ്ചരിച്ച് 2011 മെയ് 24–ാം തീയതി പ്രഥമ വ്രതവാഗ്ദാനം സ്വീകരിക്കുകയം ചെയ്ത് ആശ്രമത്തിലെ ഒരു സ്ഥിര അംഗമായി ഉയരുകയം ചെയ്തു. ഈ നാളുകളിൽ എല്ലാംതന്നെ വിശുദ്ധ വാരങ്ങളിൽ കിട്ടുന്ന ദിനങ്ങളിൽ തന്റെ മാതൃ ഇടവകയിൽ ശുശ്രൂഷകളിൽ പങ്കെടുക്കുകയും അവിടുത്തെ തന്റെ സുഹൃത്തുക്കളുമായി വിശേഷങ്ങൾ പങ്കുവയ്ക്കുകയും മറ്റ് ഇടവകകളിൽ സഹായിയായി മറ്റ് വൈദികർക്കൊപ്പം പോവുകയും ചെയ്യും. അങ്ങനെ ദൈവകൃപയാൽ മനോഹരമായി പ്രേഷിതവേലയുടെ പഠനത്തോടൊപ്പം നാച്ചുറോപ്പതി മെഡിസിന്റെയും പഠനത്തിനായി അദ്ദേഹം തിരഞ്ഞെടുത്തു. ഇതിനിടയിൽ മാതൃ ഇടവകയിൽ അമ്മമാർക്ക് നാച്ചുറോപ്പതിയെപറ്റി ക്ലാസെടുത്തു. അവരുടെയെല്ലാം സ്വന്തം മകനായ ബ്രദർ ജിതിൻ താൻ സഞ്ചരിച്ച മേഖലകളിലൊക്കെ തന്നെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അദ്ദേഹം നാച്ചുറോപ്പതി മെഡിസിന്റെ പരീക്ഷയിൽ ആറാം റാങ്ക് നേടി മലങ്കര സഭയുടെ അഭിമാനമായി.

താൻ പഠിച്ച മേഖലകളിലൊക്കെ തന്നെ ഗുരുക്കന്മാരുടെ പ്രിയനും പഠനത്തിൽ സമർത്ഥനായും നിന്ന അദ്ദേഹത്തിന് ആയിരത്തിൽ അധികം ഡോക്ടേഴ്സ് പങ്കെടുക്കുന്ന കോൺഫ്രൻസിൽ പങ്കെടുക്കാനായി അവസരം ലഭിച്ചതിനെ തുടർന്ന് തന്റെ ഗുരുവായ പ്രൊഫസർ ജയ്നി ഷാജിയുമൊത്തു 2020 ഫെബ്രുവരി 9–ാം തീയതി യാത്ര

www.malankaralibrary.com

തിരിച്ചു. യാത്രാമദ്ധ്യേയുണ്ടായ വാഹനാപകടത്തിൽ തന്റെ ഗുരുവിനൊപ്പം തൽക്ഷണം ഈ ലോകത്തിൽനിന്ന് വിടവാങ്ങി സ്വർഗ്ഗീയ മാലാഖമാർക്കൊപ്പം കർത്താവിനെ പാടി പുകഴ്ത്താനായി സ്വർഗീയ ഭവനത്തിലേക്ക് യാത്രയായി റവ.ബ്രദർ ജിതിൻ ഒ.ഐ.സി. "നിന്നിൽ നിന്ന് ഒരു പരിപൂർണ്ണ സമർപ്പണം ദൈവം ആവശ്യപ്പെടുന്നു."

"വേർപാടിന്റെ നോമ്പരം നെഞ്ചുരുക്കുമ്പോഴും ഉള്ളിൽ നിന്റെമുഖം തിടമ്പേറ്റുന്നു....... തീക്ഷണതയുള്ള സന്ന്യാസിയായി....... വല്ല്യച്ചന്മാരുടെ പ്രിയകൊച്ചുമകനായി..... ബാച്ചുകാരുടെ പ്രിയ ജേക്കബായി....... സഹപാഠികളുടെ നിത്യസഹായ അദ്ധ്യാപകനായി...... ബഥനിയുടെ പ്രിയ ബഥ്യാന്യനായി.... രോഗികൾക്കുകരുണയുള്ള സന്ന്യാസ വൈദ്യനായി....... ഇടവക ജനങ്ങളുടെ പ്രിയപ്പെട്ട ജേക്കബ് ശെമ്മാശ്ശനായി.... മാതാപിതാക്കളുടെ അനുസരണമുള്ള അരുമ സന്താനമായി...... ഒരു മനുഷ്യ ജന്മത്തിന്റെ വ്യത്യസ്തഭാവങ്ങൾ നിറവേറ്റി... ജന്മ നിയോഗത്തിന്റെ കർമ്മ ഭൂമിയിൽ വ്യയം ചെയ്തു നീ യാത്രയായ്..... ഒരുമിച്ചുതുടങ്ങിയയാത്ര നീ അവസാനിപ്പിച്ചുമടങ്ങുമ്പോൾ പിന്നിട്ടവഴികളിലെ മധുര സ്മരണകൾ മനം തപിപ്പിയ്ക്കുന്നു.... ഒന്നിച്ചു കണ്ട സ്വപ്നങ്ങൾക്കു ചിറകുമുളയ്ക്കും മുൻപു കൊഴിഞ്ഞു വീണു... ലക്ഷ്യത്തിലേക്കുള്ള പാതയിൽ ഞങ്ങളെ തനിച്ചാക്കി നീ മടങ്ങി...

ഇതുവരെയുള്ള യാത്രാമൊഴികൾ വീണ്ടും ഒരുചെറിയ ഇടവേളയ്ക്കുശേഷം കണ്ടുമുട്ടാനുള്ളതായിരുന്നു... എന്നാൽ ഇന്നു നിത്യമായയാത്രയിൽ ഒരുവാക്കുപോലും ഉരിയാടാതെ നീ യാത്രയായി........ പ്രിയ ബാച്ചുകാരാ..... ഉറ്റചങ്ങാതി.... നിനക്കു കണ്ണിരീൽ കുതിർന്ന ബാഷ്പാഞ്ജലി.... മരണമെന്ന കിളിവാതിലിലൂടെ പ്രത്യാശയുടെ ഉയർപ്പിനും നിത്യസൗഭാഗ്യത്തിനുമായി യാത്രയാകുമ്പോൾ പ്രാർത്ഥനകൾ നേരുന്നു... ശാശ്വത ഭവനത്തിൽ ഞങ്ങൾക്കു ഇടംഒരുക്കുക... ഞങ്ങൾക്കായി പ്രാർത്ഥിക്കുക.. കണ്ടുമുട്ടുവാനും വേർപിരിയുവാനും വിധിക്കപ്പെട്ട ഈ ലോകത്ത് നീ നൽകിയ മധുര സ്മരണകൾ ഞങ്ങൾക്കു സ്വന്തമായി ഉണ്ട്...."

**ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി**

www.malankaralibrary.com

# നവതിയിൽ ജ്വലിച്ചുയർന്ന ദീപം...

**ജയിംസ് പി.റ്റി.**
**കുമ്പഴ ഇടവക**

കുഞ്ഞുന്നാളിൽ കളിവണ്ടിയുണ്ടാക്കി തന്റെ ഭവനത്തോടു ചേർന്ന വഴിത്താരയിൽ താൻ സ്നേഹിക്കുന്ന കുഞ്ഞനുജന്മാരോടൊപ്പം ആനന്ദം കണ്ടെത്തിയ ഒരു ചെറുബാലൻ തന്റെ നിത്യഭവനത്തിൽ എത്തുവാൻ മറ്റൊരു വാഹനത്തെ അഗ്നിരഥമാക്കി ഭൂമിക്ക് തന്റെ രക്തവും സഭയ്ക്കും സമൂഹത്തിനും തന്റെ ജീവിത വിശുദ്ധിയും നല്കി ദേഹമെന്ന വസ്ത്രം ഊരി ബഥനിയുടെ പുണ്യപിതാക്കന്മാർ വിശ്രമിക്കുന്ന നിത്യതയുടെ കൂടാരത്തിൽ ഒരു പ്രകാശനാളമായി തീർന്നിരിക്കുന്നു.

നശ്വരമായ ശരീരത്തിൽ നിന്നും അനശ്വരമായ ആത്മാവ് ലോകത്തോടും അതിലുള്ള സകലത്തോടും അന്ത്യയാത്ര പറഞ്ഞ് പരലോകത്തിലേക്ക് കടന്നുപോയപ്പോൾ ഒരുപക്ഷേ പുത്രൻ തമ്പുരാന്റെ ദിവ്യബലിയോട് താദാത്മ്യപ്പെടുകയായിരിക്കാം ചെയ്തത്. താൻ ദൈവപുത്രനായിരുന്നിട്ടും തല ചായ്ക്കുവാനോ തനിക്കുള്ളവരോടൊപ്പം പ്രാണൻ വെടിയുവാനോ കഴിഞ്ഞില്ല. പിന്നെയോ ആകാശത്തിനും ഭൂമിക്കും മധ്യേ പ്രകൃതിയുടെ വിരിമാറിൽ അന്ത്യം കുറിക്കുവാനാണ് കഴിഞ്ഞത്. അതിനു സമാനമായിട്ടാണ് ജിതിൻ ശെമ്മാശനും തന്റെ പ്രാണനെ ദൈവസമക്ഷം സമർപ്പിച്ചത്. ലോകമെമ്പാടുമുള്ള ക്രൈസ്തവ സമൂഹം തങ്ങളുടെ വീണ്ടെടുപ്പും പ്രത്യാശയുമാകുന്ന ദൈവപുത്രന്റെ ദിവ്യബലി അനുസ്മരിക്കപ്പെടുന്ന വേളയിൽ പ്രകൃതിയുടെ വിരിമാറിൽ തന്റെ ബലിയും പൂർത്തിയാക്കപ്പെട്ടു.

ഒരു സ്മരണയായി മാത്രം നിലനില്ക്കുന്ന ഒന്നല്ല ഈ വേർപാട്. പിന്നെയോ; ജീവന്റെ പുസ്തകത്തിലും വിശുദ്ധരുടെ കൂട്ടത്തിലും ഗണിക്കപ്പെടാവുന്ന ഒരു പേരു ചേർക്കാൻ കൂടി ആകുന്നു. പരമപിതാവും ഭൂതസംഘവും ഇരു കരങ്ങളും ചേർത്തണച്ച് സ്വർഗ്ഗത്തിലേക്കാനയിച്ചു എന്ന് വിശ്വാസഗണം ഒന്നടങ്കം വിശ്വസിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാദങ്ങൾ ഉറപ്പിച്ചതും തൃക്ക

www.malankaralibrary.com

രങ്ങൾകൊണ്ട് വാഴ്ത്തിയനുഗ്രഹിച്ചതുമായ കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ തൊണ്ണൂറ് വർഷങ്ങൾ പിന്നിടുന്നതിന്റെ നവതി ആഘോഷവേളയിൽ ദൈവാലയത്തിൽ നിത്യപ്രകാശനാളമായി - നവതിയുടെ ദീപമായി ഇതാ ജിതിൻ ശെമ്മാശൻ മാറിയിരിക്കുന്നു. കുഞ്ഞേ നിന്നെ വഹിച്ച ഈ ദേവാലയവും നിനക്കു ജ്ഞാനസ്നാനം നല്കിയ മാമ്മോദീസാ തൊട്ടിയും അനുഗ്രഹീതം തന്നെ. സ്വർഗ്ഗീയ സിംഹാസനത്തിലെ ദൂതർ ഉദ്ഘോഷിക്കുന്നത് ഞങ്ങൾ കേൾക്കുന്നു "കൊല്ലപ്പെട്ട കുഞ്ഞാടേ നീ മഹത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യൻ തന്നെ."

"It's really shocking and very hard to accept Bro. Jithin Jacob's departure from us. I remember him as a saintly soul always with his commitment to his religious vocation from the first day of his entry in the congregation and Bethany is always proud of him and all his beautiful memories will keep his presence alive amidst us. We know that it's difficult to console his parents and his two siblings. Let's be united in our prayers and may our faith in the resurrected Jesus Christ help us in our eternal journey."

www.malankaralibrary.com

# ഒപ്പം മൂന്നുമാസം...

**ആൽബർട്ട് ജോസഫ് ഒ.ഐ.സി**

ബാല്യകാല സ്വപ്നങ്ങളിൽ നെയ്തെടുത്ത ദൈവവിളിക്കു പ്രത്യുത്തരമായി പന്ത്രണ്ടാം ക്ലാസ്സു കഴിഞ്ഞ് ആശ്രമ പ്രേവേശനം എന്ന ഒരു തീരുമാനമെടുത്തു. ധീരതയോടെ... വലിയ ആശ്രമം. കുഞ്ഞു മനുഷ്യർ. അറിയില്ലായിരുന്നു അവിടെയുള്ളവരുടെ മനസ്സിന്റെ വലുപ്പം. ചേർന്നത് അച്ചനാകാൻ. വന്നത് യേശുവിനെതേടി. മാതാപിതാക്കളെയും സഹോദരിയേയും ഉപേക്ഷിച്ചതിന്റെ കനൽ എന്നെ ചുട്ടുപൊള്ളിക്കുന്നിടത്തേക്ക് ഒരു സ്നഹക്കാറ്റായി ജിതിൻ ബ്രദർ കടന്നുവരുന്നു. ജ്യേഷ്ഠ സഹോദരനായി. പകരം വയ്ക്കാൻ പറ്റാത്ത സ്നഹത്തിലേക്കാണ് ജിതിൻ ബ്രദറു വരുന്നത്.

അധികനാൾ കൂടെ ജീവിച്ചിട്ടില്ല. ജീവിച്ചകാലമത്രയും എനിക്കിന്നും സുകൃതമായി കൊണ്ടുനടക്കാൻ തന്നു... അനേകം ഓർമകൾ. ഇത് പൊലിപ്പിച്ചെഴുതുന്ന വാക്കുകളല്ല. ചങ്കുപൊടിയുന്ന ശബ്ദത്തിൽനിന്നുതിരുന്ന വാക്കുകൾ. എണ്ണി പറഞ്ഞാൽ മൂന്നു മാസം പോലും കൂടെ ജീവിച്ചിട്ടില്ല. എന്നിട്ടും എന്റെ സംസാരത്തിൽ ജിതിൻ ബ്രദർ പകർന്ന മൊഴികൾ ഉണ്ടായിരുന്നു. ഉയരത്തിൽ സമന്മാരായിരുന്നു ഞാനും ബ്രദറും. ബാക്കിയുള്ളവരെയപേക്ഷിച്ച് ബ്രദറിനോടു സംസാരിക്കുമ്പോൾ മാത്രമായിരുന്നു കഴുത്തു കുനിക്കാതെ സംസാരിക്കാൻ പറ്റിയിരുന്നത്. ഈ സംസാരവേളയിൽ ആശ്രമം എന്താണെന്ന് ബ്രദർ എന്നെ പഠിപ്പിച്ചു.

ഞങ്ങൾ ബ്രദറിനെ തമാശയായി അധികം ആരും കേൾക്കാതെ വിളിച്ചിരുന്നത് "ഓസലികീത്തോ ശെമ്മാശ്ശൻ" എന്നായിരുന്നു. സന്ധ്യാ, പ്രാർത്ഥനയിലെ 8-ാം രാഗത്തിലെ 'ബോവൂസോയുടെ' സുറിയാനി തുടക്കമാണിത്. ആദ്യമായി കേട്ടപ്പോൾ കൗതുകം തോന്നി, അത് പാടിയയാളെ അങ്ങനെ വിളിച്ചു. ബഥനിയുടെ തനിമ അതിന്റെ ചിട്ടകളിൽ പ്രത്യക്ഷമാണ്. പള്ളികളിലും, വരാന്തകളിലും, ഊട്ടുശാലകളിലും, പഠനമുറികളിലുംബഥനിയ്ക്ക് ഒരു തനിമയുണ്ട്. ഈ തനിമ പഠിക്കുന്നതിനും അറിയുന്നതിനും പ്രയാസമില്ല. പക്ഷേ ജീവിക്കുന്നതിന്... ത്യാഗം വേണം. ബഥനിയുടെ ആചാരാനുഷ്ഠാനം അക്ഷരം പ്രതി കാലാനുസൃതമായി ജീവിച്ച സാധുവായിരുന്നു ജിതിൻ ബ്രദർ.

ബ്രദർ 'പ്രകൃതി ചികിത്സ' പഠിക്കാൻ പോകുന്നതിനു തോട്ടുമുമ്പത്തെ വർഷമായിരുന്നു ഒരുമിച്ചുണ്ടായിരുന്നത്. തത്വശാസ്ത്ര പഠനം

www.malankaralibrary.com

പൂർത്തിയാക്കിയ ജിതിൻ ജേക്കബ് ബ്രദറും ഡാനിയേൽ ബ്രദറുമായിരുന്നു ആദ്യവർഷക്കാരുടെ പരിശീലനത്തിൽ സഹായിച്ചിരുന്നത്. ശ്വാസം പോലെ കൂടെയുണ്ടായിരുന്നു. രണ്ടുപേരും തെറ്റും ശരിയും ചൂണ്ടിക്കാട്ടി സന്ന്യാസത്തിന്റെ രുചിവൈഭവം കാട്ടിത്തരാൻ തെല്ലും വിമുഖത കാട്ടിയില്ല. തെറ്റുകൾ പറ്റുമ്പോൾ ജിതിൻ ബ്രദർ ഒരു മഞ്ഞ പുസ്തകമേന്തി വരാറുണ്ടായിരുന്നു. ബഥനി സന്ന്യാസ സമൂഹത്തിന്റെ 'ആചാരാനുഷ്ഠാനം.' "നമ്മൾ സന്ന്യാസാർത്ഥികൾ ഇങ്ങനെയായിരിക്കണം" എന്നു പറഞ്ഞ് ആചാരാനുഷ്ഠാനം വായിക്കും, എന്നിട്ടു പറയും "....അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. സാരമില്ല, തിരുത്താനും മായിക്കാനും പറ്റാത്ത തെറ്റില്ലല്ലോ" എന്നുകൂടി പറഞ്ഞ് സാന്ത്വനപ്പെടുത്തി മാത്രമാണ് ബ്രദർ തിരികെ പോയിരുന്നത്.

എന്നും ജീവിതത്തിൽ ജപമാലയേന്താനും - പ്രാർത്ഥിക്കാനും പ്രചോദനമായത് ജിതിൻ ബ്രദർ. ക്ഷമിക്കുന്നതിന്റെ പാഠപുസ്തകം ജിതിൻ ബ്രദർ. സ്നഹിക്കണമെന്നു പഠിപ്പിച്ചതും ജിതിൻ ബ്രദർ. എനിക്കും ബ്രദറിനും തമ്മിൽ മൂന്നു സാമ്യങ്ങളുണ്ട്. ഒന്ന്, ഞങ്ങൾ രണ്ടുപേർക്കും ഒരേ നീളം, രണ്ട് ഞങ്ങൾ രണ്ടുപേരും പത്തനംതിട്ടക്കാർ, മൂന്ന് ഞങ്ങൾ രണ്ടുപേരെയും തമാശയായി 'അൽഫോൻസാമ്മ' എന്നു വിളിക്കുമായിരുന്നു. ഈ സാമ്യങ്ങളായിരിക്കണം എന്നെ ബ്രദറിലേക്ക് കൂടുതൽ അടുക്കുവാൻ പ്രേരിപ്പിച്ചത്. നവജീവൻ പ്രോവിൻസിന്റെ പ്രോവിൻഷ്യാൾ മാത്യു തിരുവാലിലച്ചൻ ജിതിൻ ബ്രദറിന്റെ ചരമപ്രസംഗത്തിൽ പറഞ്ഞു "ജിതിൻ തന്റെ ജീവിതത്തിൽ എഴുതി തീർക്കാനുള്ളത് എഴുതി തീർത്തിട്ടാണ് പോയത്" അതെ, ജിതിൻ ബ്രദർ ജീവിതം കൊണ്ടെഴുതിയതിനൊപ്പം, ആ മഷിയിൽ നിന്നു മഷിയില്ലാത്തവർക്കു പകർന്നു കൊടുത്തുകൊണ്ടിരുന്നു. ജിതിൻ ബ്രദറിൽ നിന്നു ലഭിച്ച നന്മകളിൽ പ്രചോദിതനായി ജീവിക്കുന്നവരിലൊരാളാണു ഞാനും.ബ്രദറിന്റെ ജീവിതത്തിൽ നിന്നു സ്വാംശീകരിച്ചെടുത്ത ഒരോ നന്മകളും ഗുണങ്ങളും എന്നിൽ ആവോളം 'എഴുതിയും, മഷി പകർന്നുകൊടുത്തും' ജീവിക്കുന്നതാണ് ബ്രദറിനു എനിക്ക് ഇനി കൊടുക്കാൻ പറ്റുന്ന വലിയ ഉപഹാരം.

സന്ന്യാസം ജീവിക്കുന്നതിനു ആദ്യ പടിയായി നിന്ന പ്രിയ ജ്യേഷ്ഠ സഹോദരാ.....

ബഥനി ആശ്രമത്തിൽ പിച്ചവച്ചു നടന്ന നാളുകളിൽ താങ്ങായി കൂടെ നിന്ന പ്രിയ സഹോദരാ.....

ബഥനിയെ സ്നേഹിച്ച ഉത്തമ സന്ന്യാസി....

കർത്തൃസന്നിധിയിൽ സമാധാനത്തോടെ വസിക്കുക.... ○

www.malankaralibrary.com

# കാവൽമാലാഖ...

**മിസ് അഞ്ജലി ഘോഷ്**

വീട് വിട്ട് ദൂരെ ആദ്യമായി മറ്റൊരുസ്ഥലത്ത് എത്തിയിരിക്കുന്നു. പുതുതായി പഠിക്കാൻ വന്നവർ ഹാളിൽ ഒരുമിച്ചു കൂടിയിട്ടുണ്ട്. അവിടെ കൂട്ടത്തിൽ ഏറ്റവും ഉയരുമുള്ള, കറുത്ത താടിയുള്ള തികഞ്ഞ പക്വതയോടെ പെരുമാറുന്ന ഒരാൾ ശ്രദ്ധിക്കപ്പെട്ടു. അധ്യാപകൻ ആണോ സീനിയർ സ്റ്റുഡന്റ് ആണോ അതോ എന്നെപ്പോലെ തന്നെ പഠിക്കാൻ വന്ന സ്റ്റുഡന്റാണോ എന്നൊന്നും മനസ്സിലായില്ല.

മാസങ്ങൾ കഴിഞ്ഞു കോളേജും ക്ലാസുമെല്ലാം പരിചിതമായ തിനുശേഷം ആളെ പരിചയപ്പെട്ടു. കൂടെ പഠിക്കാൻ വന്നയാൾ ബ്രദർ ആണെന്നും ജിതിൻ എന്നാണ് പേരെന്നും അറിഞ്ഞു. അദ്ദേഹമായി രുന്നു ക്ലാസിലെ ഏറ്റവും ഉയരം കൂടിയ ആൾ. ഞാൻ ഏറ്റവും ഉയരം കുറഞ്ഞ ആളും.

പക്വതയുടെയും വിവേകത്തിന്റെയും ആൾരൂപം എന്ന നിലയിൽ അദ്ദേഹം ഞങ്ങൾക്ക് കേവലമൊരു സഹപാഠി മാത്രമായിരുന്നില്ല. തികഞ്ഞ പക്വതയോടെ കാര്യങ്ങളെ നോക്കിക്കാണാനും വിലയിരു ത്താനും പ്രശ്നങ്ങൾ പരിഹരിക്കാനും അദ്ദേഹം ശ്രമിച്ചു പോന്നു. പലപ്പോഴും മറ്റുള്ളവരുടെ തെറ്റുകൾ സ്വയം ഏറ്റെടുത്ത് ശിക്ഷ ഏറ്റുവാങ്ങി. പഴികളും പരിഭവങ്ങളും ഒരു ചെറുപുഞ്ചിരിയോടെ സ്വീകരിച്ചു.

കുട്ടികളുടെ പ്രശ്നങ്ങൾ അധികാരികൾക്ക് മുമ്പാകെ അവതരിപ്പിച്ച് പരിഹാരം കാണുവാൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. എന്തിനും ബ്രദർ വരട്ടെ, ബ്രദറിന്റെ അഭിപ്രായം അറിയട്ടെ, ബ്രദർ പറഞ്ഞാൽ പ്രിൻസിപ്പൽ കേൾക്കും എന്ന് കുട്ടികൾ ഏകസ്വരത്തിൽ അഭിപ്രായപ്പെട്ട എത്രയോ സന്ദർഭങ്ങൾ!

കാര്യങ്ങൾ വ്യക്തമായി പഠിച്ച് കാര്യകാരണ സഹിതം അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ ലളിതമായ കഴിവ് അനിതര സാധാരണമായിരുന്നു.

കാര്യഗൗരവത്തോടെ പെരുമാറിയിരുന്ന ബ്രദർ ചിലപ്പോൾ കൊച്ചുകുട്ടികളെപ്പോലെ കുട്ടികളുമായി ഇണങ്ങിച്ചേർന്നു. ഒരു

www.malankaralibrary.com

സംഗീതജ്ഞന്റെ ഭാവാദികളോടെയുള്ള അന്ത്യാക്ഷരികളിയും അഭിനയവുമെല്ലാം അദ്ദേഹത്തെ എല്ലാവർക്കും ഏറ്റവും പ്രിയങ്കരനാക്കി.

വസുദൈവകുടുംബം എന്ന കാഴ്ചപ്പാടായിരുന്നു. അദ്ദേഹത്തിന് ചെടികളും മൃഗങ്ങളും കുട്ടികളുമെല്ലാം അദ്ദേഹത്തിന് പ്രിയങ്കര മായിരുന്നു. അദ്ദേഹം ഒരു നല്ല കർഷകൻ കൂടിയായിരുന്നു. കൂടാതെ ഒരു മികച്ച പരിസ്ഥിതിവാദിയും.

ശത്രുക്കളെ സ്നേഹിക്കുകയെന്നത് അദ്ദേഹത്തിന്റെ ജീവിത നിഷ്ഠയായിരുന്നു. വേദനിപ്പിച്ച എത്രയോപെരെ അദ്ദേഹം സ്നേഹ ത്തോടെ സഹായിച്ചിരിക്കുന്നു. നല്ല മനുഷ്യരെ ദൈവം നേരത്തെ വിളിക്കുമത്രെ!

ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുണ്ടായിരുന്നു. ബ്രദർ എങ്ങും പോയിട്ടില്ല. നമ്മുടെ എല്ലാം ഓർമ്മകളിലൂടെ അദ്ദേഹം എന്നും ജീവിക്കും. ചുരുങ്ങിയ കാലംകൊണ്ട് അദ്ദേഹം നമുക്ക് സമ്മാനിച്ച നന്മയുടെ നല്ല നിമിഷങ്ങൾ നമ്മുടെയെല്ലാം മനസ്സിൽ ഒരു സ്ഥിരനിക്ഷേപമായി എന്നും ഉണ്ടാകും. അദൃശ്യമായി, കണ്ണിമക്കാത്ത ഒരു കാവൽമാലാഖയായി അദ്ദേഹം നമുക്കൊപ്പം ഇനിയും ജീവിക്കും.



“No one is actually dead until the ripples they cause in the world die away... A good human person always leaves behind him or her the fragrance of his or her absence of the presence... a great LEGACY in our heart that never perishes with time... Dear beloved Brother Jithin, we believe that the ones that love us never really leave us...You loved us a lot...you can't leave us too...You are in our hearts for ever... Fragrance of your life will live with us for ever...”

www.malankaralibrary.com

# രണ്ടു മരണം – ചില ഓർമ്മപ്പെടുത്തലുകൾ...

ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

നമ്മുടെ സമൂഹത്തെ നടുക്കിയ രണ്ട് അനുഭവങ്ങളാണല്ലോ ബ്രദർ ജിതിൻ ജേക്കബിന്റെയും ഡോ. ജെയ്നി ഷാജിയുടെയും മരണം. ഈ മരണം നമ്മിൽ ഉണർത്തിയ ചിന്തകളും, ചോദ്യങ്ങളും നിരാശയുടെ അനുഭവങ്ങളുമൊക്കെ നിരവധിയാണ്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാനോ പുതിയ ചോദ്യങ്ങൾ ചോദിച്ച് സമയം കളയാനോ മുതിരുന്നില്ല. വിശ്വാസജീവിതത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയുടെ പിൻബലത്തിൽ ഈ മരണ അനുഭവങ്ങളെ നാം മനസ്സിലാക്കി സ്വയം സ്വസ്തരായി. ആശ്രമാംഗങ്ങളായ നമുക്ക് അതിനു കഴിയും. ഇതിന് സമാനമായ ധാരാളം അനുഭവങ്ങൾക്ക് നാം സാക്ഷിയായതിനാൽ ഇതുപോലെയുള്ള അനുഭവങ്ങളെ മനസ്സിലാക്കാനും സ്വയം ശാന്തരാകാനും കഴിയും, കഴിഞ്ഞിട്ടുമുണ്ട്. മരണവാർത്ത തികച്ചും നമ്മെ അസ്വസ്ഥരാക്കുന്നതായിരുന്നു. അത് പരസ്പരം പങ്കുവയ്ക്കാൻ കണ്ണുനീരല്ലാതെ നമ്മിൽ നല്ല ഒരു ശതമാനം അംഗങ്ങൾക്ക് മറ്റൊന്നും ഇല്ലായിരുന്നു. നമ്മുടെ സമൂഹത്തിൽ തന്നെ ഈ കാര്യം ശരിയായ രീതിയിൽ അംഗങ്ങളുമായി പങ്കുവയ്ക്കപ്പെട്ടില്ല എന്ന പരിവേദനവും ഇതിനിടയിൽ കേൾക്കുവാൻ ഇടയായി. ആശയങ്ങൾ പങ്കുവയ്ക്കുവാനും അഭിപ്രായങ്ങൾ പറയാനും നമ്മുടെ സമൂഹം നമുക്ക് നല്കുന്ന സ്വാതന്ത്ര്യം അനന്യസാധാരണമാണ്. അത് ശരിയായ ദിശയിൽ സമൂഹത്തോടു ചേർന്ന് ഉപയോഗിക്കാൻ നമുക്ക് ഇടയാവണം എന്നു മാത്രം. ഏതായാലും നമ്മുടെ സമൂഹത്തിലുള്ള 99% അംഗങ്ങളും ഈ സംഭവത്തെ ആർദ്രതയോടെ നുറുങ്ങിയ ഹൃദയത്തോടെ ഉൾക്കൊണ്ട് കണ്ണുനീർ പൊഴിച്ചു എന്നത് സത്യം.

ബഥനി ശബ്ദത്തിന്റെ ഈ ലക്കം ജിതിനെപ്പറ്റിയുള്ള അനുഭവങ്ങളാൽ, സാക്ഷ്യങ്ങളാൽ നിറഞ്ഞുനില്ക്കുന്നു. ഈ പങ്കുവയ്ക്കലിന്റെ താളുകളിലൂടെ നാം കടന്നാൽ ഈ സഹോദരനിൽ സമൂഹമായി, കുടുംബമായി, സഭയായി നാം അർപ്പിച്ച പ്രത്യാശയുടെയും, പ്രതീക്ഷയുടെയും ജിതിന്റെ ഏതാണ്ട് 27 വർഷത്തെ ജീവിതക്രമത്തിന്റെയുമൊക്കെ സനാതനമായ നന്മകൾ, അതിലുപരി ജിതിനുമായി പങ്കുവയ്ക്കപ്പെട്ട

www.malankaralibrary.com

വർക്ക് ഉണ്ടായിരുന്ന ബന്ധത്തിന്റെ തനിമയും, നിർമ്മലതയും ദർശിക്കാൻ കഴിയും. ആശയപരമായും, ദർശനപരമായും പിൻതാളുകളെ ഒരേ വിഷയം അവതരിപ്പിക്കപ്പെട്ടപ്പോൾ അതിനോടു ചേർന്ന് ഈ മരണം നൽകുന്ന സൂചനകളെപ്പറ്റി ഈ മരണം നമുക്ക് നൽകേണ്ട സമൂഹപരമായ ബോധ്യങ്ങളെ പറ്റിയുള്ള ഒരു അവലോകനമാണ് ഈ കുറിപ്പ്. ജിതിൻ അപകടത്തിൽപ്പെട്ട വിവരം അറിഞ്ഞതുമുതൽ ശവസംസ്കാര സമയം വരെ ജാഗ്രതയോടെ പ്രവർത്തിച്ച നമ്മുടെ കർണ്ണാടകയിലെ വൈദിക സഹോദരങ്ങൾ, ജിതിന്റെ ശുശ്രൂഷമേഖലയിലെ ഉത്തരവാദിത്വപ്പെട്ടവരും, സഹപാഠികളും, നിയമപരമായ സകല കാര്യങ്ങളും ഏറ്റം വേഗം പൂർത്തീകരിച്ച് ജിതിന്റെ ഭൗതിക ശരീരം നമ്മുടെ നാലാഞ്ചിറയിൽ എത്തിക്കാൻ പരിശ്രമിച്ചിരുന്നു. പുത്തൂർ രൂപതയിലെ ബഹുമാനപ്പെട്ട വൈദികർ, അവിടെ സേവനം ചെയ്യുന്ന ബഹു.സിസ്റ്റേഴ്സ്, നമ്മുടെ സമൂഹത്തിന്റെ നേതൃത്വശുശ്രൂഷയിൽ ആയിരിക്കുന്ന ബഹു.ജനറാൾ അച്ചനും, പ്രോവിൻഷ്യൽസും പ്രത്യേകിച്ച് ക്രമീകരണങ്ങളുടെ ചുക്കാൻ പിടിച്ച നവജീവൻ പ്രോവിൻഷ്യൽ ബോഡിയിലെ ഓരോ അംഗങ്ങളും കാട്ടിയ മാതൃകാപരമായ പെരുമാറ്റവും, ക്രിസ്തീയമായ കാഴ്ചപ്പാടും, ഈ മരണം നൽകിയ മനോഹരമായ ഒരു പാഠമാണ്. മരിച്ചവനെ സംസ്കരിച്ച് തിരികെ പോരുന്ന കടമയിൽ നിന്ന് വ്യത്യസ്തവും തനിമയാർന്നതും ഹൃദ്യവുമായ ഒരു സമീപനം നമുക്കു ദർശിക്കാൻ കഴിഞ്ഞു.

മരണം നൽകുന്ന പാഠങ്ങൾ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിക്കുക നടന്ന ഒരു സംഭവത്തെ വിശകലനം ചെയ്ത് അതിന്റെ വരുംവരാഴികകളപ്പാടെ അവതരിപ്പിച്ച് "ഇങ്ങനെയായിരുന്നു എങ്കിൽ, അങ്ങനെ സംഭവിക്കില്ലായിരുന്നു" എന്ന ഒരു നിഗമനത്തിൽ എത്താനല്ല. അങ്ങനെയൊരു നിഗമനത്തിലെത്തുന്ന ആത്മഹത്യാപരവും നെഗറ്റീവുമായ ചിന്തകൾ മറ്റുള്ളവരെ പഴിചാരി ഉത്തരവാദിത്വത്തിൽ നിന്ന് പിൻമാറുന്നതാണല്ലോ. അതിന് ഇവിടെ മുതിരുന്നില്ല. കാരണം അത് ഒരുപോലെ ജിതിന്റെ കുടുംബാംഗങ്ങൾക്കും നമുക്കും വേദന ഉളവാകുന്നതും നമ്മിൽ വീണ്ടും വീണ്ടും ആവശ്യമില്ലാത്ത ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്നതുമാണ്.

ജിതിന്റെ മരണം നൽകുന്ന ഒന്നാമത്തെ പാഠം നമുക്കും കരയാൻ അറിയാം എന്നതുതന്നെ. സമൂഹമായി, വ്യക്തികളായി ഹൃദയം മന്ദീഭവിച്ചവരല്ല നമ്മൾ. നമ്മെപ്പറ്റി സാധാരണ മനുഷ്യർ അങ്ങനെ

www.malankaralibrary.com

പറയുമെങ്കിലും നമുക്ക് എല്ലാവർക്കും സരളമായ ഒരു ഹൃദയം ഉള്ളവരാണ് എന്ന സത്യം ഈ മരണം നമ്മെ പഠിപ്പിച്ചു.

നമ്മുടെ ഒരു സഹോദരന്റെ മരണത്തിൽ അവന്റെ ഓർമ്മയുടെ മുൻപിൽ, ചേതനയറ്റ ശരീരത്തിന്റെ മുന്നിൽ ഒരു കണ്ണീർതുള്ളി പോലും പൊഴിക്കാത്തവർ ആരെങ്കിലുമുണ്ടോ? നാം കരയുന്നതും സാധാരണയായി ഉള്ള് നുറുങ്ങിയുള്ള വിലാപം പൊതുവായി പ്രകടിപ്പിക്കുക ചെയ്യുക അതിദാരുണമായ ഒരു നഷ്ടത്തിലാണ്. ജിതിന്റെ മരണത്തിൽ നാം കരഞ്ഞത് അവൻ നമ്മുടെ ബന്ധുവായതുകൊണ്ടോ സമൂഹത്തിലെ അംഗമായതുകൊണ്ടോ, നാം ഉദ്ദേശിച്ച കാര്യം ഈ സഹോദരനിലൂടെ നേടാൻ കഴിയാതിരുന്നതുകൊണ്ടോ ഒന്നുമല്ല. കണ്ടവരൊക്കെ, കേട്ടവരൊക്കെ കരഞ്ഞും നമ്മുടെ ചെറുതലമുറയും മുതിർന്ന തലമുറയും, ഇടയിലുള്ള തലമുറയും ഒരു പോലെ കണ്ണുനീർ വാർത്തു. കണ്ണുനീർ വാർത്തത് നമ്മുടെയൊക്കെ ഉള്ളിൽ കണ്ണുനീർ ഉള്ളതുകൊണ്ടു മാത്രമല്ല, ഈ മരണത്തിൽ നമ്മുടെ ഉള്ള് കലങ്ങിയതുകൊണ്ടാണ്. യേശുനാഥൻ ലാസറിന്റെ കല്ലറയുടെ മുൻപിൽ കണ്ണുനീർ വാർത്തത് ലാസറിനോടുള്ള കറ തീരാത്ത സ്നേഹമാണല്ലോ. മാർത്തയുടെയും മേരിടെയും പരിചരണം സ്വീകരിച്ചതുകൊണ്ടോ, മേരി നാഥന്റെ കാൽപാദത്തിൽ ഇരുന്ന് ജീവിത ദർശനം സ്വീകരിച്ചതുകൊണ്ടോ, മാർത്ത തനിക്ക് ഇഷ്ടഭോജനം ഒരുക്കിയതുകൊണ്ടോ ഒന്നുമല്ല. മറിച്ച് നാഥന് ലാസറിനെ അറിയാവുന്നതുകൊണ്ടും, അവൻ ഈ പ്രായത്തിൽ മരിക്കേണ്ടുന്നവൻ അല്ലായിരുന്നതുകൊണ്ടും, തനിക്കവനെ ആവശ്യം ഉണ്ടായിരുന്നതുകൊണ്ടുമൊക്കെ അല്ലേ നാഥൻ കരഞ്ഞത്? അതെ നാം കരഞ്ഞതും ഇവയൊക്കെ കൊണ്ടുതന്നെ. ജിതിനെ നാം അറിഞ്ഞു ജിതിൻ ഈ പ്രായത്തിൽ കടന്നു പോകേണ്ടവൻ അല്ല ജിതിന്റെ ജീവിതത്തെ നമുക്ക് ആവശ്യമുണ്ട് - നാം കരഞ്ഞതും ജിതിന്റെ മരണം നമ്മെ കരയാൻ പഠിപ്പിച്ചതും അതുതന്നെ.

ജിതിന്റെ മരണം നൽകുന്ന മറ്റൊരു പാഠം ക്രിസ്തീയമാണ്. അത് ഏതാണ്ട് ഇപ്രകാരം നമുക്ക് രൂപപ്പെടുത്താം. നമ്മൾ പദ്ധതികൾ പ്ലാൻ ചെയ്യുന്നു. എന്നാൽ നമ്മുടെ നാഥന്റെ തീരുമാനം മറ്റൊന്നാണ്. ഇവിടെ പദ്ധതികൾ ആസൂത്രണം ചെയ്തവരും നടപ്പാക്കിയവരും കുറ്റക്കാരല്ല. തെറ്റിദ്ധരിക്കരുത്, നമ്മുടെ സമൂഹത്തിന്റെ ഭാവിയെ ലക്ഷ്യം വച്ച് പദ്ധതികൾ രൂപപ്പെടുത്താനും അത് പ്രായോഗികമാക്കാനും ഉള്ള നിയോഗമാണ് ഓരോ കാലത്തിലും തെരഞ്ഞെടുക്കപ്പെടുന്ന നേതൃ

www.malankaralibrary.com

ത്വത്തിനുള്ളത്. അത് ഇവിടെ പൂർണ്ണമായും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ പദ്ധതിയല്ല നമ്മുടെ നാഥന്റെ തീരുമാനവും നിയോഗവുമാണ്. സാധാരണയായി നമ്മുടെ സമൂഹത്തിന്റെ രൂപീകരണ രീതികളിൽ നിന്നുമാറി തത്വശാസ്ത്ര പഠനത്തിനുശേഷം ജിതിനും ഏതാനും സഹോദരങ്ങളും ഉന്നതപഠനത്തിനായി അയയ്ക്കപ്പെടുകയും പഠനം പൂർത്തിയാക്കി അവർ എല്ലാവരും തന്നെ ജിതിൻ ഒഴികെ ദൈവശാസ്ത്രപഠനത്തിനായി നമ്മുടെ പൂനാ പഠനഗ്രഹത്തിൽ അയയ്ക്കുകയും ജിതിന്റെ പഠനത്തിന്റെ പ്രത്യേകതയും ആവശ്യവും അനുസരിച്ച് ഒരുവർഷം നീണ്ടുനിന്ന ഹൗസ് സർജൻസിയുടെ കാലത്താണ് ഈ ദാരുണാനുഭവം. നമ്മൾ കണക്കുകൂട്ടിയതിൽ നിന്ന് വ്യത്യസ്തമായി ദൈവം കണക്കുകൾ ക്രമപ്പെടുത്തുന്നു. അതുകൊണ്ട് ഈ മരണം നമുക്ക് നൽകുന്ന ഏറ്റം ഉന്നതമായ ഒരു പാഠമാണ് കണക്കു കൂട്ടലുകൾ ദൈവത്തിന് വിടണം എന്നുള്ളത്. നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. നമ്മുടെ ചിന്തകളല്ല, ദൈവത്തിന്റെ ചിന്തകൾ. നമ്മുടെ ആവശ്യമല്ല, ദൈവത്തിന്റെ ആവശ്യം. നമ്മുടെ നിയോഗം അല്ല ദൈവനിയോഗം, നമ്മുടെ വേലകൾ അല്ല ദൈവത്തിന്റെ വേലകൾ. നമ്മൾ മാനുഷികമായി ചിന്തിക്കുകയും കണക്കുകൂട്ടി വിജയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ദൈവം ദൈവികമായി ചിന്തിക്കുന്നു, പദ്ധതികൾ നടപ്പാക്കുന്നു. ഈ മരണം നമുക്ക് നൽകുന്ന ഒരു വലിയ പാഠം നാം വെറും മനുഷ്യർ അല്ല, ദൈവിക മനുഷ്യരാണ് എന്നതുതന്നെ. കർമ്മങ്ങളിൽ... പ്രവർത്തികളിൽ... "ദൈവികത" കൂടി ചാലിച്ച് ചേർക്കാനുള്ള വരപ്രസാദത്തിനായി ആഗ്രഹിക്കുകയും "ആ വരപ്രസാദ കൃപ" അനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രാവർത്തികമാക്കാനും കഴിയണം എന്ന് സാരം.

ജിതിന്റെ അപകടമരണം എന്തുകൊണ്ട് എന്ന് നമ്മൾ എല്ലാവരും ചോദിക്കും? കുറെയൊക്കെ ഉത്തരം സ്വയം കണ്ടുപിടിച്ച് നാം സ്വസ്തരായി? സത്യത്തിൽ ജിതിന്റെയും ജെയ്നിയുടേയും മരണം ഒരിക്കൽകൂടി നമ്മെ പഠിപ്പിക്കുന്നു. ഈ ചോദ്യവും വെറും മാനുഷികമാണ് എന്ന്. വെറുതെ ചോദ്യം ചോദിക്കാം. അക്ഷമരാകാം, ചിന്തിച്ച് ഉത്തരം കണ്ടുപിടിക്കാം... അത്രമാത്രം. നടക്കേണ്ടത് നടക്കും. ഇവിടെ വിധിയിൽ വിശ്വസിക്കാനല്ല വന്നത് വിധിയാണെന്ന് പറഞ്ഞ് സ്വസ്തരാകാനല്ല. ഇതുവിധിയല്ല, നിമിത്തമല്ല. ദൈവത്തിന്റെ നിയോഗം ആണ്.


www.malankaralibrary.com

"വന്നതൊക്കെ നല്ലതിന് വരാനുള്ളതും നല്ലതിന്" എന്ന ഗീതാസാരം നമുക്കും ഉൾക്കൊള്ളാനാവുമോ?

പഴയനിയമത്തിൽ വിശ്വാസികളുടെ പിതാവായ അബ്രഹാം ഇവിടെ നമുക്ക് ഒരു മാതൃകതന്നെ. ദൈവം നൽകിയ അരുമ മകനെ ബലി അർപ്പിക്കാൻ, യാതൊരു ചോദ്യവും ദൈവത്തോട് ചോദിക്കാതെയല്ലേ പോയത്? ബലി നടന്നു. മകൻ സുരക്ഷിതനായി. മകനിലൂടെ ഒരു വംശപരമ്പര തന്നെ ഉണ്ടായി. ദൈവജനത്തിന്റെ കാവൽഭടനായി ഇസഹാക്ക് മാറിയില്ലേ? ഏതാണ്ട് സമാനമായ ഒരു അനുഭവം ആണല്ലോ പുതിയ നിയമത്തിൽ ദൈവമാതാവും കടന്നു പോവുക. "അവൻ പറയുന്നതുപോലെ ചെയ്യാൻ; അവനിൽ ആശ വയ്ക്കാനും അവൻ നോക്കിക്കൊള്ളും എന്ന് വിശ്വസിക്കാനുമുള്ള പാഠം ഒരിക്കൽ കൂടി ജിതിന്റെ മരണം നമുക്ക് നൽകുന്നില്ലേ? ദൈവത്തെ മാറ്റി നിർത്തി പദ്ധതികൾ രൂപപ്പെടുത്തി, സ്വന്തം കഴിവിന്റെയും, സ്വാധീനത്തിന്റെയുമൊക്കെ ശേഷിയാൽ നാം മെനയുന്ന പദ്ധതികൾ "വൈദികത" ഇല്ല. ആയതിനാൽ അവിടെ വിനീതഹൃദയത്തോടുകൂടി വിശ്വാസചൈതന്യത്തോടും ഏല്പിക്കപ്പെടുന്ന നിയോഗത്തിന്റെ പവിത്രത കാത്തു സൂക്ഷിച്ചുകൊണ്ട്, ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തെ മറക്കാതെ, ദൈവിക ശക്തിയും, ആത്മാവിന്റെ മന്ത്രണവും പ്രവർത്തന വിശുദ്ധിയുമായി സ്വീകരിച്ച് പദ്ധതികൾ മെനയുവാനും, നടപ്പിലാക്കുവാനുമുള്ള സൂചന ഈ മരണം നമ്മെ പഠിപ്പിക്കുന്നു. സ്വീകരിച്ചാൽ നല്ലത്.

ജിതിന്റെ മരണം നൽകുന്ന പാഠം ജിതിന്റെ ജീവിതം തന്നെയാണ്. പ്ലസ് ടുവിനുശേഷം ആശ്രമത്തിൽ പ്രവേശിച്ച അന്നുമുതൽ ഫെബ്രുവരി 10-ാം തീയതി രാവിലെ മരണത്തിന് തന്നെ വിട്ടുകൊടുക്കുന്ന സമയം വരെ ജിതിൻ ജീവിച്ച ജീവിതം അതാണ് നമ്മുടെ പാഠം. ജിതിനെ അറിയാവുന്നവർ ജിതിനോട് ഒപ്പം ജീവിച്ചവർ, പരിശീലനം അറിയാവുന്നവർ, പഠനം നിർവ്വഹിച്ച സ്ഥാപനങ്ങളിലെ ഉത്തരവാദിത്വപ്പെട്ടവർ, ജിതിന്റെ സഹപാഠികൾ അവനെ അറിയാവുന്നവർ, അവനറിയാവുന്നവർ അവൻ ഒറ്റയ്ക്ക് അഞ്ചുവർഷം താമസിപ്പിച്ച വീട്ടുകാർ ഒക്കെ ജിതിന്റെ ജീവിതത്തെപ്പറ്റി ഒരുപോലെ ഒരേകാര്യം തന്നെ പറഞ്ഞു പങ്കുവച്ചു എന്നതാണ്. ആ ജീവിതത്തിന്റെ സാക്ഷ്യശ്രേഷ്ഠതയല്ലേ? ബഥനി ശബ്ദത്തിന്റെ പിൻതാളുകൾ അവ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. "തന്റെ ജീവിതമാണ് തന്റെ സന്ദേശം" എന്നു പഠിപ്പിച്ച മഹാത്മാവിന്റെ ജീവിതത്തിൽ നിന്ന് ശക്തി സംഭരിച്ച്, ബഥാന്യൻ സിദ്ധിയുടെ ജീവിക്കുന്ന സജീവസാക്ഷ്യമായിരുന്ന ജിതിൻ. ലളി

www.malankaralibrary.com



***Happy Easter***

www.malankaralibrary.com

# കുഞ്ഞനുജന്മാർക്ക്
# ബഥനിയിലേക്ക് സ്വാഗതം




Vocation Promoter
BETHANY NAVAJYOTHY PROVINCIAL ASHRAM
Desom P. O., Aluva - 683 102, KERALA
Ph : 0484 - 2605360, 2603464
Mob : 7598468503
e-mail: bnjyothy@gmail.com
Website: www.bethanynavajyothi.org

Vocation Promoter
BETHANY NAVAJEEVAN PROVINCIAL ASHRAM
Nalanchira P. O.,
Trivandrum - 695 015, KERALA
Ph : 0471 - 2543799
Mob : 9061081428
e-mail: pnavajeevan@gmail.com


"എനിക്കു നീ ഭരമേല്പിച്ചിട്ടുള്ള ഏതു ചുമതലയും ഭാരവും നിന്റെ ഹിതപ്രകാരം നിർവ്വഹിക്കുവാൻ നീ എന്നെ നടത്തുമെന്നും നീ ഭരമേല്പിച്ചിട്ടുള്ള ചുമതലകളെ നീയാണ്, ഞാനല്ല യഥാർത്ഥത്തിൽ നിർവ്വഹിക്കുന്നതെന്നും, ഞാനോ നിന്റെ തൃക്കൈയ്യിൽ തിരുവിഷ്ടം ചെയ്യാനുള്ള ആയുധമായിരുന്നാൽ മതിയെന്നും എനിക്കു ബോധ്യപ്പെടുത്തി തരണമേ." - ദൈവദാസൻ മാർ ഈവാനിയോസ്